032:6M74x
E4.3

032:6M74x E4.3
...AN TAMBURAN.
...amala.
...va chari-
MUL
034884

DOCTRINA VIM PROMOVET INSITAM

Madras University Library.

Call Number 032: 6M74x F4.3

Accession Number 34884

Available for loan from

This book should be returned on or before the date last marked below.

21 FEB 1962

O. 61

Ananda Press, Madras—10,000—12-9-50.

pt 3. Jivacharitam

# ജീവചരിത്രം.

Appan Tamburan

ആദ്യത്തെ പതിപ്പ്

പ്രതി—1000

UNIVERSITY LIBRARY

പകൎപ്പവകാശം.

മംഗളോദയം കമ്പനി ക്ലിപ്തം

കേരളകല്പദ്രുമം അച്ചുക്കൂടം

തൃശ്ശിവപേരൂർ.

1089.

## വിഷയവിവരം.


1. ധൎമ്മപുത്രർ ... ... 1—26
2. കൊച്ചി വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ട് ... ... 26—89
3. ചന്ദ്രമതി ... ... 89—100
4. മിസ്സസ് ആനിബസൻറ് ... 100—115
5. മഹാമഹോപാദ്ധ്യായന്മാർ ... 116—127
6. റായിബഹദ്ദൂർ ഒ. ചന്തുമേനോൻ... 127—131
7. ജപ്പാനിലെ കപ്പൽ പടനായകന്മാർ ... ... 131—147



34884
032:6M74
E4.3

# മുഖവുര.

ചിത്രകാരൻ രൂപം കുറിക്കുന്നതുപോലെ വേണം ചരിത്രകാരൻ ചരിത്രമെഴുതുന്നത്. അവയവങ്ങളെ ചേരേണ്ടുന്നപടി ചേൎത്തു നിഴലും വെളിച്ചവും ഇടേണ്ടുന്നയിടങ്ങളിലിട്ടു പ്രകൃതിയ്ക്കൊത്ത നിറംകൊടുത്തു സ്തോഭം വരുത്തുന്നതിനാലാണു ഛായാപടത്തിന്റെ പകിട്ടു മുഴുവനുമിരിക്കുന്നതെങ്കിൽ ജീവചരിത്രത്തിന്റെ ജീവനൊട്ടുക്കു കിടക്കുന്നതു നടന്ന സംഗതികളെ വഴിക്കുവഴി വിവരിച്ചു മുഖംനോക്കാതെ സ്വഭാവം വൎണ്ണിച്ചു ഫലിപ്പിക്കുന്നതിലാണെന്നു തീൎച്ചതന്നെ. കാലം കഴിഞ്ഞു മൂന്നു പന്തിരാണ്ടിനുശേഷം എഴുതുന്ന ജീവചരിത്രത്തിൽ പകുതി ജീവൻ വരുന്നതല്ലെന്നു പറയുന്ന തോതനുസരിച്ചു ജീവിച്ചിരിക്കുന്നവരുടെ ജീവചരിത്രത്തിൽ ജീവന്റെ നിഴൽപോലും തട്ടുന്നതിനു തരമില്ലല്ലൊ. ആയതുകൊണ്ട് ഈ ചെറിയ പുസ്തകത്തിലടക്കിയിരിക്കുന്ന പാത്രങ്ങളുടെ കാൎയ്യത്തിൽ വരുവാൻപോകുന്ന ചരിത്രകാരന്മാൎക്കുവേണ്ടി, ഒരു യഥാൎത്ഥഡയറി കുറിക്കുക മാത്രമേ ഞാൻ ഉദ്ദേശിച്ചിട്ടുള്ളു. ഇത്രമാത്രമെ ഞാനിവിടെ പറയേണ്ടതുമുള്ളു.

ഗ്രന്ഥകാരൻ.

UNIVERSITY ... CHICAGO

# ജീവചരിത്രം.

## ധൎമ്മപുത്രർ.

പുരാണങ്ങളിലും ഇതിഹാസങ്ങളിലും മററുമുള്ള കഥാപുരുഷന്മാരെ കാവ്യനാടകാദികളിലെ പാത്രങ്ങളായിട്ടു സ്വീകരിയ്ക്കുമ്പോൾ മൂലത്തിൽനിന്നു വ്യത്യാസപ്പെടുത്തിയും ചിലപ്പോൾ സാധാരണ ലൌകികസ്ഥിതിയ്ക്കു വിരോധമായും പ്രകൃതമനുസരിച്ചു പല ഭേദഗതികളും മനോധൎമ്മംപോലെ വരുത്താറുമുണ്ട്. ശാകുന്തളത്തിലെ ദുഷ്യന്തൻതന്നെ ഇതിന്നൊരു ദൃഷ്ടാന്തമാണല്ലോ. ദുഷ്യന്തമഹാരാജാവു കാട്ടിൽവെച്ചു ശകുന്തളയെ ഗാന്ധൎവ്വമായി വിവാഹം ചെയ്തിട്ടുണ്ടെങ്കിലും നാട്ടിൽ വന്നതിന്നുശേഷം അന്തഃപ്പുരവിഹാരാദികളെക്കൊണ്ടു വിസ്മരിച്ചുപോയി എന്നുള്ള വാസ്തവം നായകനും, മനസ്സിൽനിന്നു മാഞ്ഞുപോവാത്ത ഗുണമില്ലാഞ്ഞിട്ടാണോ എന്നുണ്ടാകാവുന്ന ശങ്ക നായികയ്ക്കും ന്യൂനതയായിത്തീരാതിരിപ്പാൻവേണ്ടി ദുൎവ്വാസാവിന്റെ ശാപവുംകൂടി നായികയ്ക്കു കൊടുത്തുകൊണ്ടാണ് ഈ കഥ ഭാരതത്തിൽനിന്നു നാടകത്തിലേയ്ക്കു കാളിദാസൻ കൊണ്ടുവന്നി

ട്ടുള്ളത്. ഇതിൽ ലൌകികസ്വഭാവത്തിന്നു യോജിയ്ക്കുന്നതു ഭാരതമോ നാടകമോ എന്നു സംശയിപ്പാനുണ്ടോ? സൌന്ദൎയ്യവതികളായ അനേകം അന്തഃപുരസ്ത്രീകളോടുകൂടിയ ഒരു രാജാവു സംഗതിവശാൽ കാട്ടിൽവെച്ചു സംസൎഗ്ഗത്തിന്നിടയായിട്ടുള്ള ഒരു സ്ത്രീയെ മറന്നുപോയി എന്നതു സംഭവിയ്ക്കാവുന്നതാണ്. ഇതുതന്നെ കാളിദാസൻ ശകുന്തളയുടെ സഖികളെക്കൊണ്ടു രാജാവിനോടു പറയിപ്പിച്ചിട്ടില്ലെന്നുമില്ല. അതുകൊണ്ടു ലോകസ്വഭാവത്തിന്നു തക്കവണ്ണം ഗുണദോഷങ്ങൾ കലൎന്നിട്ടുള്ള കഥാപുരുഷന്മാർ കാവ്യനാടകാദികളിലേക്കാൾ പുരാണാദികളിലായിരിയ്ക്കും അധികമുണ്ടായിരിയ്ക്കുകയെന്നു വ്യക്തമാകുന്നു. നമ്മുടെയിടയിൽ ഉണ്ടായിട്ടുള്ള യോഗ്യന്മാരുടെ ജീവചരിത്രമറിവാൻ പ്രയാസമായിരിയ്ക്കെ പുരാണാദികളിൽ വിവരിയ്ക്കപ്പെട്ടിട്ടുള്ള ഓരോ മഹാന്മാരുടെ സ്വഭാവവൎണ്ണനത്തിന്നു ശ്രമിയ്ക്കുന്നത് ഉപകാരമാകാതിരിപ്പാൻ തരമില്ല.

ധൎമ്മപുത്രരാണല്ലോ ശ്രീമഹാഭാരതത്തിലെ കഥാനായകൻ. അദ്ദേഹത്തെക്കുറിച്ചുതന്നെ ആയിക്കളയാം ആദ്യം പ്രസ്താവിയ്ക്കുന്നത്. പാണ്ഡുമഹാരാജാവിന്റെ സ്വൎഗ്ഗാരോഹണത്തിന്നുശേഷം ശതശൃംഗപൎവ്വതത്തിൽനിന്നു ഹസ്തിനാപുരത്തിലെത്തിയതിൽ പി

ന്നെ തന്റെ വലിയച്ഛനായ ധൃതരാഷ്ട്രരെ അച്ഛനെ പ്പോലെയാണ് അദ്ദേഹം വിചാരിച്ചിരുന്നത്. ധൃതരാഷ്ട്രൻ തന്റെ മക്കളോടൊന്നിച്ച പാണ്ഡുപുത്രന്മാരായ ധൎമ്മപുത്രാദികളെ കൃപാചാൎയ്യരുടെ അടുക്കൽ വിദ്യാഭ്യാസം ചെയ്യിപ്പിച്ചു. അക്കാലത്ത് ഒരനദ്ധ്യായത്തിൽ ഈ കുട്ടികൾ കളിച്ചുകൊണ്ടിരിക്കുമ്പോൾ കളിസ്സാമാനം കിണററിൽവീണുപോയി. അതെടുപ്പാൻ വയ്യാതെയിരിക്കുന്ന സമയം ഭാൎയ്യയോടും പുത്രനോടുംകൂടി അവിടെ ഒരു ബ്രാഹ്മണൻ ചെന്നു. "മൂന്നുദിവസമായിട്ടു ഭക്ഷണം കിട്ടാതെ വിശന്നുകിടന്നലയുന്ന ഞങ്ങൾക്കു ഭക്ഷണം തരാമെങ്കിൽ നിങ്ങളുടെ കളിസ്സാധനം എടുത്തുതരാ"മെന്ന് ആ ബ്രാഹ്മണൻ പറഞ്ഞപ്പോൾ അനുകമ്പയോടുകൂടി ഭക്ഷണം തരാമെന്ന് ഏററുപറയുവാൻ ധൎമ്മപുത്രർ മാത്രമേ ഉണ്ടായുള്ളു. പാഞ്ചാലരാജ്യത്തുനിന്ന് ഇച്ഛാഭംഗത്തോടുകൂടി വരുന്ന ദ്രോണാചാൎയ്യരായ ആ ബ്രാഹ്മണന്റെ നേരെ ധൎമ്മപുത്രർ കാണിച്ച ഔദാൎയ്യവും ദയയും പിന്നീടു കുരുപാണ്ഡവന്മാരുടെ ഉൽക്കൎഷത്തിന്നും പ്രസിദ്ധിക്കും കാരണമായിത്തീൎന്നു. കുരുകുലാചാൎയ്യനായിത്തീൎന്ന ദ്രോണാചാൎയ്യരുടെ അടുക്കൽ ഇവരുടെ ആയുധവിദ്യാഭ്യാസം കഴിഞ്ഞതിന്നുശേഷം ധൃതരാഷ്ട്രൎക്കു ക്രമേണ തന്റെ പുത്രന്മാരിൽ പ്രതിപത്തി

അധികമായി തോന്നിത്തുടങ്ങി. എന്നാൽ മററുള്ളവ ക്കെല്ലാം ധമ്മപുത്രരിലായിരുന്നു അധികം പ്രീതി. അദ്ദേഹത്തിൻെറ ദാക്ഷിണ്യാദിഗുണങ്ങളാണ് അതിന്നു കാരണം. നാട്ടുകാൎക്കുള്ള പ്രതിപത്തി കുറയുന്നതിന്നുവേണ്ടി വാസ്തവത്തിൽ രാജ്യാവകാശിയായ ധമ്മപുത്രരെ ഉപായത്തിൽ വാരണാവതത്തിലേയ്ക്കു മാററിത്താമസിപ്പിയ്ക്കുവാൻ ധൃതരാഷ്ട്രർ ആലോചിച്ചു. തനിയ്ക്കു രാജ്യലാഭത്തിന്നു പ്രതിബന്ധകവും പക്ഷെ ജീവഹാനിയ്ക്കുകൂടി നിമിത്തവുമായ ഈ സ്ഥലംമാററം ഗുരുഭക്തികൊണ്ടും സഹനശക്തികൊണ്ടും ധമ്മപുത്രർ നിസ്സംശയം സമ്മതിച്ചു. ഈ പ്രവൃത്തിതന്നെ പ്രജകൾക്ക് അദ്ദേഹത്തിൻെറ പേരിലുള്ള പ്രതിപത്തിയ്ക്കു കാരണമായി. വാരണാവതത്തിൽവെച്ചു വഹ്നിവിഷാദികളെക്കൊണ്ടു പാണ്ഡവന്മാരെ നശിപ്പിയ്ക്കുവാൻ ചെയ്തതായ ദുൎയ്യോധനാദികളുടെ ചതിപ്രയോഗം ഗുരുക്കന്മാരുടെ പ്രസാദംകൊണ്ടും യാത്രപുറപ്പെട്ടപ്പോൾ വിദുരർ യവനഭാഷയിൽ വളച്ചു പറഞ്ഞിട്ടുള്ള സൂചനമൂലം ധമ്മപുത്രർ ചെയ്ത മുൻകരുതലുകൊണ്ടും നിഷ്ഫലമായിത്തീൎന്നുവെങ്കിലും അദ്ദേഹത്തിന്നു കുറച്ചുകാലം അനുജന്മാരോടും അമ്മയോടും കൂടി പ്രഛന്നസഞ്ചാരം ചെയ്യേണ്ടിവന്നു. ഭീമസേനൻെറ ഹിഡുംബവധം, ഘടോൽകചോല്പാദനം,

ബകവധം, ഇവയും അജ്ജുനന്റെ ഗന്ധവ്വവിജയം, ലക്ഷ്യഭേദനം, ഇവയും ഈ പ്രഛന്നസഞ്ചാരത്തിന്റെ ഫലമാണ്. പാഞ്ചാലിസ്വയംവരത്തിന്നു ശേഷമാണ് പാണ്ഡവന്മാർ മരിച്ചിട്ടില്ലെന്നു ജനങ്ങൾക്കറിയാറായത്.

ജ്യേഷ്ഠാനുജന്മാരഞ്ചുപേരുംകൂടി പാഞ്ചാലിയെ വിവാഹം ചെയ്തത് എത്രത്തോളം ഭംഗിയായിയെന്നു സാധാരണ സംശയിക്കാറുള്ളതാണ്. "ഒരു യൂപത്തിൽ രണ്ടോ മൂന്നോ രജ്ജു കെട്ടാറുണ്ടെങ്കിലും ഒരു രജ്ജു പല യൂപത്തിന്മേൽകൂടി കെട്ടുന്നതിന്നു വിധിച്ചിട്ടില്ല" എന്നുള്ള അന്യാപദേശമായ വേദവാക്യംകൊണ്ടും സ്മൃതികളെക്കൊണ്ടും ഒരു സ്ത്രീയ്ക്ക് അനേകം ഭത്താക്കന്മാരുണ്ടാകുന്നത് നിഷിദ്ധമാണല്ലോ. അങ്ങിനെയിരിയ്ക്കെ ധമ്മപ്രവത്തകനായ ധമ്മപുത്രർ നാലനുജന്മാരോടുകൂടി പാഞ്ചാലിയെ വേട്ടതു വേദത്തിന്നും ധമ്മശാസ്ത്രങ്ങൾക്കും ലോകമയ്യാദക്കും വിരോധമല്ലേയെന്നാണെങ്കിൽ ഇതിന്നു ദൈവികമായിട്ടും ലൌകികമായിട്ടും സമാധാനമുണ്ട്. 'പ്രചേതസ്സുകൾ പത്തുപേരുംകൂടി ഒരു കന്യകയെ വിവാഹം ചെയ്തിട്ടുള്ളപോലെ നിങ്ങളെല്ലാവരുംകൂടി പാഞ്ചാലിയെ വിവാഹം ചെയ്യിൻ. അതു സദാചാരമാകാതിരിക്കയില്ല' എന്നു വേദവ്യാസൻ ധമ്മപുത്രരോടു വഴിക്കുവെച്ചുപ

ദേശിച്ചിട്ടുണ്ട്. പാണിഗ്രഹണസമയത്തിങ്കൽ സംശയഗ്രസ്തനായ ദ്രുപദരാജാവിനോടും നാളായനീചരിതം അല്ലെങ്കിൽ പഞ്ചേന്ദ്രോപാഖ്യാനംകഥ പറഞ്ഞിട്ട് ആ അഞ്ചിന്ദ്രന്മാരാണ് പാണ്ഡവന്മാരെന്നും അവരുടെ ശക്തിയാണ് പാഞ്ചാലിയെന്നും വ്യാസൻ രാജാവിനെ പ്രത്യക്ഷത്തിലനുഭവപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്നും പുറമെ ഭാർഗ്ഗവകർമ്മശാലയിലിരുന്നിരുന്ന കുന്തീദേവിയോട് 'ഇന്നു ഞങ്ങൾക്കൊരു ഭിക്ഷ കിട്ടീട്ടുണ്ട്' എന്നു പാഞ്ചാലിയെ ഉദ്ദേശിച്ചു ധർമ്മപുത്രർ പറഞ്ഞപ്പോൾ 'അഞ്ചാളുംകൂടി അനുഭവിപ്പിൻ' എന്നു 'ഭിക്ഷ' കാണാതെ മറുവടി പറഞ്ഞതിന്നുശേഷം പാഞ്ചാലിയെക്കണ്ടപ്പോൾ 'ഇതേവരെ അസത്യം പറയാത്ത എന്റെ വാക്ക മിത്ഥ്യയാകുമല്ലോ'യെന്നു വ്യസനിയ്ക്കുന്ന അമ്മയുടെ വാക്കിനെ സത്യമാക്കുവാൻ വേണ്ടിയാകുന്നു ധർമ്മപുത്രാദികളിപ്രകാരം ചെയ്തതെന്നു ലൌകികമായിട്ടും ഒരു തക്കസമാധാനമുണ്ട്. ഗുരുവാക്യം തെററിയ്ക്കരുതെന്നുള്ളതിന്ന് അച്ഛന്റെ കല്പനപ്രകാരം അമ്മയുടെ തലവെട്ടിയ പരശുരാമൻ തന്നെയാണ് ദൃഷ്ടാന്തം. 'ഗുരോർദ്ദശഗുണം മാതാ മാതുർദ്ദശഗുണംപിതാ'. 'ദൈവേരുഷ്ടേ ഗുരുസ്ത്രാതാ ഗുരൌ രുഷ്ടേ ന കശ്ചന', ഇത്യാദിപ്രമാണവശാൽ ഗുരുത്വംകൊണ്ട് അച്ഛനെക്കഴിഞ്ഞാൽ

അമ്മയാണ് വലുതെന്നും ഗുരുവാക്യം തെററിയ്ക്കരുതെന്നുമാണല്ലോ സാധിയ്ക്കുന്നത്. അതുകൊണ്ടു ധർമ്മപുത്രരുടെ ഈ പ്രവൃത്തി അദ്ദേഹത്തിൻെറ ധർമ്മനിഷ്ഠയെ ഒന്നുകൂടി ബലപ്പെടുത്തുകയാണ് ചെയ്യുന്നത്.

മാതുലപുത്രനായ ശ്രീകൃഷ്ണൻെറ സഹായത്തോടുകൂടി സകല രാജാക്കന്മാരേയും എണ്ണങ്ങീട്ടും പിണങ്ങിട്ടും കീഴടക്കി രാജസൂയയാഗം ചെയ്തിരിയ്ക്കുന്ന ഈ മഹാപുരുഷൻെറ മഹാഭാഗ്യം സുപ്രസിദ്ധമാണല്ലോ.

ചതിയന്മാരാണെന്ന് അറിഞ്ഞുകൊണ്ടു ദുര്യോധനാദികളോട് ഇദ്ദേഹം ചൂതുപൊരുതിയത് എന്തുകൊണ്ടാണ്? 'നാട്ടും നഗരവും വീട്ടും കുടികളും' കളിച്ചുകളഞ്ഞു അനുജന്മാരേയും തന്നേയും പാഞ്ചാലിയേയും പണയംവെച്ചതു മര്യാദക്കേടും മൌഢ്യവുമല്ലേ? ദുശ്ശാസനൻ രാജസഭയിൽവെച്ചു ഭാര്യയുടെ വസ്ത്രാക്ഷേപം ചെയ്യുന്നതു കണ്ടുംകൊണ്ടു മിണ്ടാതിരുന്നതു പൌരുഷത്തിന്നു തക്കതായോ? എന്നുള്ള ചോദ്യങ്ങൾക്കു സമാധാനം പറയാം. 'ആഹൂതോന നിവർത്തേത ദ്യൂതായ ച രണായ ച'* എന്നു രാജസൂയത്തിൽവെച്ചു ചെയ്ത ശപഥംനിമിത്തം പോരിനോ ചൂതിനോ വിളിച്ചാൽ ധർമ്മപുത്രർക്കു പോ

---

* പോരും ദ്യൂതവും അന്നത്തെ കാലത്ത് ഒരുപോലെ വീരധർമ്മമായിട്ടാണ് രാജാക്കന്മാർ വിചാരിച്ചുവന്നിരുന്നത്.

കാത്തിരിപ്പാൻ നിവൃത്തിയില്ല. എടഞ്ഞുവെച്ച പിൻവലിയ്ക്കുന്നതോ സത്യത്തിന്നും വീരധൎമ്മത്തിന്നും പോരാത്തതാണല്ലൊ. അതുകൊണ്ടാണ് തൻെറ സകല മുതലുകളും അനുജന്മാരേയും തന്നേയും ഭാൎയ്യയേയുംകൂടി പണയം വെയ്ക്കേണ്ടി വന്നത്. ജയാപജയങ്ങൾ ഈശ്വരാധീനമാണല്ലൊ. എന്നാൽ പാഞ്ചാലിയെ പണയംവെച്ച കാൎയ്യത്തിൽ ദ്യൂതമൎയ്യാദയ്ക്കു സ്വത്തു ചൂണ്ടിക്കാണിച്ചു പണയം വെയ്ക്കുന്നതു യുക്തമല്ലെന്നും വിശേഷിച്ച പണയസ്വത്തിന്ന് അതായത് അടിമയായ ധൎമ്മപുത്രൎക്ക പൂൎവ്വസ്വത്തായ പാഞ്ചാലിയിലുള്ള അവകാശം നശിച്ചതുകൊണ്ടു പണയം വെയ്പാനുള്ളധികാരം നശിച്ചുവെന്നും ഒരു ഭാഗക്കാരും എല്ലാസ്വത്തുകളേയും പണയം വെച്ചപ്പോൾതന്നെ പാഞ്ചാലി അതിലുൾപ്പെട്ടുപോയിട്ടുണ്ടെന്നും അഥവാ അതില്ലെങ്കിൽതന്നെ ഭാൎയ്യ ഭൎത്താവിന്ന് എപ്പോഴും അടിമയായതുകൊണ്ടു ധൎമ്മപുത്രൎക്ക പാഞ്ചാലിയെ പണയം വെയ്പാനുള്ളധികാരമുണ്ടെന്നു മറുഭാഗക്കാരും വാദിയ്ക്കുന്നതായ ഈ വിഷയത്തിൽ ഭീഷ്മദ്രോണാദികൾക്കുപോലും ഒരു തീൎച്ചകല്പിക്കുവാൻ സാധിയ്ക്കാത്തതാണ്. അത് എങ്ങിനെയെങ്കിലും ഇരിയ്ക്കട്ടെ, ധൎമ്മപുത്രരെ സംബന്ധിച്ചേടത്തോളം അദ്ദേഹത്തിൻെറ പ്രവൃത്തി അനീതിയാവാൻ തരമില്ല. എന്തെന്നാൽ താൻ അ

ടിമയായിരിയ്ക്കുന്നവസ്ഥയ്ക്ക് എജമാനൻ കല്പിയ്ക്കുന്നപ്ര കാരം ചെയ്യാതിരിപ്പാൻ നിവൃത്തിയുള്ളതല്ലല്ലോ. അസ്വതന്ത്രനാകയാൽ പാഞ്ചാലിയുടെ വസ്ത്രാക്ഷേപവും കണ്ടുനിന്നു സഹിയ്ക്കുകയല്ലേ തരമുള്ളു. 'ധർമ്മസ്യഗഹനാഗതിഃ' എന്നുമാത്രമാണു സമാധാനം.

ചൂതുകളിയിൽ തോററു കാട്ടകേറിയ ഉടൻ ഭീമസേനൻ കുരുവംശം നശിപ്പിപ്പാൻ ഉടനെ പുറപ്പെടണമെന്നും മററും ചൊടിച്ചുപറഞ്ഞു ചാടിപ്പുറപ്പെട്ടപ്പോൾ ദുര്യോധനാദികളുടെ അജയ്യതയെ സയുക്തികമായി പറഞ്ഞു ബോദ്ധ്യപ്പെടുത്തി ക്ഷമിപ്പിച്ച് ഒതുക്കിനിറുത്തിയതിൽ ധർമ്മപുത്രരുടെ ക്ഷമയും, സത്യനിഷ്ഠയും, ധർമ്മബുദ്ധിയും നീതിനൈപുണ്യവും, വാഗ്മിത്വവും, വഴിപോലെ വെളിപ്പെടുന്നതാണ്. വനവാസകാലത്തു പതിനെണ്ണായിരം ബ്രാഹ്മണർക്ക് അക്ഷയപാത്രംകൊണ്ടു മൃഷ്ടാന്നം കൊടുത്തുപോന്നതിൽ അദ്ദേഹത്തിൻെറ ദേവബ്രാഹ്മണഭക്തിയും, ഭരണശക്തിയും, ദയാലുത്വവും, ഔദാര്യവും, ആപൽക്കാലത്തുപയോഗിച്ചതാകയാൽ ഇരുട്ടത്തു വിളക്കുപോലെ അത്യധികം പ്രകാശിയ്ക്കുന്നു. വനവാസകാലത്തു സർവ്വതത്വജ്ഞന്മാരായ അനേകം മഹർഷിമാരുടെ സംസർഗ്ഗത്തിന്നിടയാകയാൽ അദ്ദേഹത്തിന്നു ദൈവികമായും ലൌകികമായുമുള്ള അറിവ് ഉരുക്കിവരു

ത്ത കാഞ്ചനംപോലെ അധികം ശുദ്ധിയും മാററും കൂടിയതാവാനിടവന്നിട്ടുണ്ട്. വനവാസത്തിലെക്കാൾ അജ്ഞാതവാസത്തിലാണ് അദ്ദേഹത്തിൻെറ സഹനശക്തി അധികം പ്രകാശിപ്പിച്ചിട്ടുള്ളത്.

പാഞ്ചാലിയുടെ വസ്ത്രാക്ഷേപം കണ്ടു മിണ്ടാതിരുന്നതിനേക്കാളും കീചകൻെറ ചവിട്ടും കുത്തും ഇടിയും ഏററു സങ്കടപ്പെട്ടു വിരാടസഭയിൽ ചെന്ന് ആവലാതി പറയുന്ന പാഞ്ചാലിയുടെ സ്ഥിതികണ്ടു സഹിച്ചതാണ് അധികം അത്ഭുതം.

ഭാരതയുദ്ധത്തിന്നു വേണ്ടുന്ന സകല സന്നാഹങ്ങളും ഒരുക്കിയതിന്നുശേഷം ദുര്യോധനാദികളോടു വളരെ താന്ന നിലയിലും സന്ധിയ്ക്കു സമ്മതിച്ചുകൊണ്ടു ഭഗവാനെ ദൂതിനയച്ചതിൽനിന്ന് അദ്ദേഹത്തിൻെറ വംശസ്നേഹവും, പ്രജാവാത്സല്യവും, ലോകമര്യാദയുമല്ലാതെ മറെറാന്നുമല്ല തെളിയുന്നത്. യുദ്ധത്തിന്ന് ഇരുകക്ഷിക്കാരും വ്യൂഹമുറപ്പിച്ചു നിൽക്കുന്നതിൻെറ മദ്ധ്യത്തിൽവെച്ച് ആതതായികളായ ഭീഷ്മദ്രോണാദി ഗുരുക്കന്മാരോടു യുദ്ധത്തിന്നനുവാദവും ജയത്തിന്നനുഗ്രഹവും വാങ്ങിച്ചതിൽ അദ്ദേഹം കാണിച്ചിട്ടുള്ള നിഷ്കപടമായ ഗുരുഭക്തി ഏററവും പ്രശംസിയ്ക്കത്തക്കതുതന്നെ.

യുദ്ധത്തിൽ ധമ്മപുത്രക്ക് ജയം കിട്ടിയെങ്കിലും

യുദ്ധമയ്യാദവിട്ടു ചില അക്രമങ്ങൾ ചെയ്തിട്ടു ണ്ടെന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല. ഗുരുനാഥനും ബ്രാഹ്മണശ്രേഷ്ഠനുമായ ദ്രോണാചായ്യരോട് അശ്വത്ഥാമാവിനെക്കൊന്നുവെന്നു ശുദ്ധം പൊളിപറഞ്ഞു വില്ലുവെപ്പിച്ച് അദ്ദേഹത്തിനെ കൊലപ്പെടുത്തിയതു കപടമാനുഷനായ ശ്രീകൃഷ്ണൻെറ നിബ്ബന്ധപ്രകാരമാണെങ്കിലും ധമ്മപുത്രക്ക് എന്നന്നെയ്ക്കും പശ്ചാത്താപത്തിന്നു കാരണവും പ്രത്യക്ഷത്തിൽ ഭൂസ്പശമില്ലാത്ത തൻെറ തേരു താന്നുപോകയാൽ അധഃപതനത്തിന്നു നിമിത്തവും കഴിച്ചാലൊഴിയാത്തതും ആയ ഒരു വലിയ അധമ്മമാണെന്നു പറയാതെ കഴിയുന്നതല്ല. അധമ്മം ചെയ്തിട്ടേ ശത്രുജയം സാധിയ്ക്കൂ എന്നായിവരുന്ന ധമ്മസങ്കടത്തിൽ അധമ്മവും ന്യായമാണെന്നുള്ള ദേവലോകനടവടി മാത്രമെ ഇവിടെ ശരണമായിക്കാണുന്നുള്ളു. ഇതുതന്നെയാണ് ധമ്മാധമ്മസ്വരൂപിയായ ഭഗവാൻ ശ്രീകൃഷ്ണൻെറ വിധി.

എന്നാൽ ഇതുകൊണ്ടൊന്നും ധമ്മപുത്രക്കു മനസ്സമാധാനം വന്നില്ലെന്നു മാത്രമല്ല മറെറാരു വലിയ പശ്ചാത്താപത്തിന്നുകൂടി ഇടയായി. യുദ്ധം അവസാനിച്ചതിൻെറ ശേഷം, പരേതന്മാരായ ബന്ധുക്കളുടെ ശേഷക്രിയ ചെയ്യാനാരംഭിച്ചപ്പോൾ, 'ആദ്യം

ഉദകക്രിയ ചെയ്യേണ്ടതു കണ്ണനു വേണ്ടിയാണെ'ന്നും, 'ആ മഹാപുരുഷൻ കുന്തീദേവിയുടെ പ്രഥമ പുത്രനാണെ'ന്നും, അമ്മതന്നെ പറഞ്ഞറിയുവാനിട വന്നതോടുകൂടി, 'വാസ്തവത്തിൽ പാണ്ഡുമഹാരാജാവിൻെറ രാജ്യത്തിന്നു താനാണവകാശി' എന്നുള്ള വിചാരത്തിന്മേൽ ഇതേവരെ പ്രവത്തിച്ചതു മുഴുവൻ തെററാണെ'ന്നുള്ള ദൃഢവിശ്വാസം ആ മഹാധാമ്മികൻെറ മനസ്സിൽ കടന്നുകൂടി.

'പാണ്ഡുമഹാരാജാവിന്ന് ഔരസപുത്രനില്ലാത്ത സ്ഥിതിയ്ക്കു, ക്ഷേത്രജന്മാരായ പുത്രന്മാരിൽവെച്ചു താൻ ജ്യേഷ്ഠനാകയാൽ അദ്ദേഹത്തിൻെറ രാജ്യത്തിന്നു ന്യായമായ അവകാശം തനിയ്ക്കാണ്" എന്നായിരുന്നു ധമ്മവിജയിയായ ധമ്മപുത്രക്ക് അന്നേവരെ ഉണ്ടായിരുന്ന വിചാരം. കുന്തീസുതന്മാരിൽ ജ്യേഷ്ഠൻ കണ്ണനാണെന്നുള്ള ഗൂഢതത്വം അറിഞ്ഞപ്പോൾ, നേരായിട്ടു തനിയ്ക്കവകാശമില്ലാത്ത രാജ്യത്തെ അടിസ്ഥാനമാക്കിക്കൊണ്ടു നടത്തിയ നടവടിയൊക്കെ തെററിപ്പോയി എന്നു തോന്നിയതിൽ അശേഷം അത്ഭുതപ്പെടുവാനില്ല.

'സ്വധമ്മത്തെ രക്ഷിപ്പാൻവേണ്ടി ചില അധമ്മങ്ങൾ ചെയ്താലും ദോഷമില്ല' എന്നുള്ള രാജധമ്മതത്വത്തെ ശ്രീകൃഷ്ണഭഗവാൻ വ്യാഖ്യാനിച്ചു ചില ദൃ

ഷ്ടാന്തങ്ങളും കാണിച്ചു എങ്കിലും അതൊന്നും തനി യ്ക്കു പറവുന്നതല്ല. തൻെറ സ്വധമ്മം, ജ്യേഷ്ഠനായ കണ്ണൻെറ ആജ്ഞയ്ക്കനുസരിച്ചു നടക്കുക മാത്രമാണ് എന്നിരിയ്ക്കേ അതിധമ്മിഷ്ഠനും, മഹാദാനശീലനും, ഗംഭീരാശയനും, 'അജ്ജുനനെ ഒഴികെ മററു നാലു പാണ്ഡവന്മാരേയും എന്തുവന്നാലും ഞാൻ കൊല്ലുക യില്ല' എന്ന് അമ്മയോടു വാഗ്ദത്തം ചെയ്തിട്ടുള്ള ഭ്രാ തൃവത്സലനും, കരുണാനിധിയും ആദിത്യപുത്രനും, തൻെറ അടുത്ത അഗ്രജനുമായ ആ കണ്ണനെ അനു ജനായ അജ്ജുനനെക്കൊണ്ടു നിർബ്ബന്ധപൂവ്വം വീര മയ്യാദയ്ക്കു വിരുദ്ധമായ വിധം വധിപ്പിച്ചതോക്കുമ്പോ ഠം ഉള്ള പശ്ചാത്താപം ധമ്മപുത്രരുടെ മനസ്സിൽ നിന്നെങ്ങിനെ മാഞ്ഞുപോകും? അതിന്നും പുറമെ, ഗുരുനാഥനായ ദ്രോണാചായ്യരെ അസത്യം പറഞ്ഞു വില്ലുവെയ്പിച്ചു കൊല്ലിച്ചതും, പിതാമഹനും, തങ്ങ ളുടെമേൽ അതിവാത്സല്യമുള്ളവനും, കുലവൃദ്ധനുമാ യ ഭീഷ്മരെ (അദ്ദേഹത്തിനോട് അനുവാദം വാങ്ങി ട്ടാണെങ്കിലും) ശരശയനത്തിൽക്കിടത്തി അതിഘോ രമായ ഇഹലോകനരകം അനുഭവിപ്പിച്ചതും ധമ്മ പുത്രക്ക് പശ്ചാത്താപവിഷവൃക്ഷത്തിൻെറ ചെറുനാരാ യവേരുകളായിരുന്നു. സ്വന്തം കുരുകുലം മുടിച്ചതും, ബന്ധുക്കളും മററുമായ അനേകം രാജാക്കന്മാരുടെ വം

ശം നശിപ്പിച്ചതും, നാനാരാജ്യവാസികളായ വളരെ വളരെ വീരപുരുഷന്മാരെ ധ്വംസനം ചെയ്തതും, ഇവരുടെയൊക്കെ അമ്മമാർ ഭാൎയ്യമാർ മുതലായ അസംഖ്യം സ്ത്രീകളെ 'കണ്ണീരും കയ്യുമായി' ആജീവനാന്തം വ്യസനിപ്പിച്ചതും, പടച്ചിലവു നിമിത്തം പരക്കെ നാട്ടിൽ നഷ്ടദാരിദ്ര്യം പിടിപ്പിച്ചതും മററും തന്റെ കരുവന്റെ ധൎമ്മവിരോധങ്ങളായ ആലോചനകൾകൊണ്ടു താൻതന്നെ വരുത്തിക്കൂട്ടിയ മഹാപാപങ്ങളാണെന്നു വിചാരിച്ചുവിചാരിച്ചു വിഷാദിച്ചു ദുഃഖസമുദ്രത്തിൽ മുങ്ങിയതല്ലാതെ ധൎമ്മപുത്രർ ഈ വിജയംകൊണ്ടു ലേശമെങ്കിലും സന്തോഷിക്കുകയല്ലാ ഉണ്ടായത്. എന്തിനധികം പറയുന്നു? താൻ മഹാരാജാധിരാജനായി വാണുംകൊണ്ടു രാജസൂയയാഗം മുതലായ പലവിധം പുണ്യകൎമ്മങ്ങൾ ചെയ്തിട്ടുള്ളവപോലും തനിക്കു വിഹിതങ്ങളല്ലാഴ്കയാൽ വികൎമ്മങ്ങളായതേയുള്ളു എന്ന് അദ്ദേഹത്തിനു തോന്നിപ്പോയി.

അനുജന്മാരും മററുള്ള ആപ്തജനങ്ങളും സാക്ഷാൽ ശ്രീകൃഷ്ണഭഗവാൻതന്നെയും പലവിധം സമാധാനം പറഞ്ഞാശ്വസിപ്പിച്ചിട്ടും അദ്ദേഹത്തിന്റെ മനഃക്ലേശത്തിന്നു ലേശംപോലും ശാന്തിവന്നില്ല. ഇതാണ് ധൎമ്മപ്രതിപത്തി എന്നു പറയുന്നത്. എ

ന്നാൽ ഇവരെല്ലാവരുടേയും നിർബ്ബന്ധംകൊണ്ടും വലിയച്ഛനായ ധൃതരാഷ്ട്രരുടെ കല്പനകൊണ്ടും കാട്ടിൽ പോയി തപസ്സചെയ്യേണ്ടാ എന്നു വെച്ച ഹസ്തിനപുരത്തിൽ രാജ്യഭാരം കയ്യേററു വാഴ്‌വാൻ കഷ്ടിച്ച സമ്മതിച്ചു. രാജ്യം കയ്യേററ ഉടൻതന്നെ ധർമ്മവിഷയത്തിലുള്ള പല സംശയങ്ങളും തീർപ്പാൻവേണ്ടി ശ്രീകൃഷ്ണഭഗവാനെ പുരസ്കരിച്ചുകൊണ്ട് അനുജന്മാരോടും മററുള്ള ബന്ധുക്കളോടുംകൂടി യുദ്ധഭൂമിയിൽ ശരശയനത്തിന്മേൽക്കിടക്കുന്ന ഭീഷ്മരുടെ അടുക്കൽചെന്നു. ഈ അവസരത്തിൽ ധർമ്മശാസ്ത്രതത്വജ്ഞന്മാരായ അസംഖ്യം മഹർഷിശ്രേഷ്ഠന്മാരും അവിടെച്ചെന്നു കൂടിയിരുന്നു. ഈ സജ്ജനസദസ്സിൽവെച്ച സർവ്വജ്ഞനായ ഭഗവാൻെറ അനുവാദത്തോടുംകൂടി ശരശയനശായിയായ ഭീഷ്മർ ധർമ്മപുത്രരുടെ സകല സംശയങ്ങൾക്കും സമാധാനം പറഞ്ഞുകൊടുത്തു. മഹാഭാരതത്തിലെ ഒരു വലിയ ഭാഗമായ ശാന്തിപർവ്വം മുഴുവൻ ഈ ഒരു വിപുലമായ വിഷയത്തെപ്പററിയുള്ള ഭീഷ്മയുധിഷ്ഠിരസംവാദമാണെന്നുതന്നെ പറയാം. ഇതിൽ പ്രകൃതാനുപ്രകൃതമായിട്ട മററനേകം ശാസ്ത്രങ്ങളുടെ തത്വങ്ങളും പ്രസ്താവിച്ചിട്ടുണ്ട്.

'ദാനധർമ്മാൻരാജധർമ്മാൻ
മോക്ഷധർമ്മാൻവിഭാഗശഃ;

സ്ത്രീധർമ്മാൻഭഗവദ്ധർമ്മാൻ
സമാസവ്യാസയോഗതഃ.'

എന്നു പറഞ്ഞപ്രകാരം അനേകവിധത്തിലുള്ള ധർമ്മവ്യവഹാരങ്ങളും വിസ്തരിച്ചു ദൃഷ്ടാന്തങ്ങളോടുകൂടി പറഞ്ഞു ഭീഷ്മർ അനുഭവപ്പെടുത്തിക്കൊടുത്തു. സർവ്വമുനിജനശ്ലാഘിതങ്ങളായ ആ ഭീഷ്മോപദേശങ്ങളെക്കൊണ്ടു ധർമ്മപുത്രരുടെ അറിവിന്നു വളരെ പരിശുദ്ധിവന്നു. മുമ്പുണ്ടായിരുന്ന മനഃക്ലേശവും ഒരു വിധം നീങ്ങി.

എന്നാൽ ശ്രീകൃഷ്ണഭഗവാൻ ദൂതുകഴിഞ്ഞു മടങ്ങിപ്പോരുമ്പോൾ കർണ്ണനെ വിളിച്ചു തേരിൽ കേററീട്ടു ചില ഗൂഢസംഭാഷണങ്ങൾ നടത്തിയ സമയം ആ മഹാപുരുഷൻ ഭഗവാനോട് 'ഉണർത്തിച്ചിട്ടുള്ള' തതങ്ങൾ ഭഗവാൻ ധർമ്മപുത്രരെ അറിയിച്ചിരുന്നു എങ്കിൽ; ജ്യേഷ്ഠനായ കർണ്ണൻെറ ആന്തരമായ അനുവാദപ്രകാരമാണ് താൻ രാജ്യം ഭരിക്കുന്നത് എന്നും, ഭൂഭാരം ശമിപ്പിപ്പാനുള്ള ഒരു ദിവ്യാവതാരപുരുഷനാണ് സൂര്യാംശഭൂതനായ കർണ്ണൻ എന്നും മററും ധർമ്മപ്രതിഷ്ഠാപകനായ അദ്ദേഹത്തിന്ന് അറിയുവാനും തന്മൂലം മനശ്ശല്യം തീരെ നശിപ്പാനും ഇടയാകുമായിരുന്നു. പക്ഷേ പശ്ചാത്താപത്തോടുകൂടി ചെയ്യുന്ന പ്രായശ്ചിത്തങ്ങൾക്കേ ഫലമുള്ളു എന്നു വിചാരിച്ചി

ട്ടോ എന്തു കരുതിട്ടോ ആവോ ഭഗവാൻ ആ കഥയൊന്നും പുറത്തുപറയാതെ മറച്ചുവെച്ചതേയുള്ളു.

ഏതെങ്കിലും സൎവ്വപാപപ്രശമനമായ ഒരു മഹാപ്രായശ്ചിത്തം ചെയ്യേണമെന്നാലോചിച്ചു ധൎമ്മപുത്രർ വേദവ്യാസമഹൎഷിയോടു പ്രായശ്ചിത്തം വിധിച്ചു വേണ്ടവിധം ചെയ്യിച്ചു തരുവാൻ അപേക്ഷിച്ചു. അശ്വമേധയാഗം ചെയ്യേണമെന്നാണ് മഹൎഷി വിധിച്ചത്. 'പടച്ചിലവുകൊണ്ടും മററും നാടടച്ചു നഷ്ടദാരിദ്ര്യം പിടിച്ചിരിക്കുന്ന ഈ കാലത്തു വളരെ ദ്രവ്യം ചിലവുള്ള ഈ ക്രിയ എങ്ങിനെ നടത്തേണ്ടു? രാജഭണ്ഡാരങ്ങൾ മുഴുവനും ഒഴിഞ്ഞിരിക്കുന്നു. ഇപ്പോഴത്തെ നില നോക്കുമ്പോൾ ഇതിലേക്കു വേണ്ടുന്ന ദ്രവ്യം നാട്ടുകാരിൽനിന്നു പിരിച്ചീടാക്കുന്നതും വലിയ കഷ്ടമായിത്തീരും' എന്നു വിചാരിച്ചു ധൎമ്മപുത്രർ വളരെ വിഷാദിച്ചു നില്പായി.

'ദ്രവ്യദുൎഭിക്ഷംകൊണ്ടു വിഷാദിക്കുകയാണെങ്കിൽ അതു വേണ്ട. ദ്രവ്യത്തിന്നു വഴിയുണ്ട്. പണ്ടു മരുത്തമഹാരാജാവു യാഗംചെയ്ത കാലത്ത് അസംഖ്യം ദ്രവ്യം ബ്രാഹ്മണൎക്കു ദാനം ചെയ്തതിൽ ബ്രാഹ്മണർ അവരവൎക്കു വേണ്ടുവോളം വാരിക്കോരിക്കൊണ്ടുപോയിട്ടും ഒടുങ്ങാതെ വളരെ ദ്രവ്യം ഹിമവൽപാൎശ്വത്തിലുള്ള ആ യാഗസ്ഥലത്ത് ഇന്നും കുന്നുപോ

ലെക്കൂടി കിടക്കുന്നു. അതു കൊണ്ടുവന്നാൽ മതി. നൂറശ്വമേധം ചെയ്യാനും അതുകൊണ്ടു സാധിയ്ക്കും' എന്നു വേദവ്യാസമഹർഷി പറഞ്ഞുവെങ്കിലും ആ ദ്രവ്യം ബ്രാഹ്മണസ്വമാണെന്നുള്ള വിചാരംകൊണ്ട് അതെടുക്കുവാൻ ധൎമ്മപുത്രക്കു മനസ്സു വന്നില്ല. 'ആ ദ്രവ്യം ബ്രാഹ്മണർ ഉപേക്ഷിച്ചുപോയതാകയാൽ അവരുടെ സ്വത്തല്ലാതെയായി' എന്നും, 'കേവലം നിധിപോലെ കിടക്കുന്നതാകയാൽ രാജാവിന്നാണ് അതിന്മേലുള്ള അവകാശം' എന്നും വീണ്ടും മഹർഷി പറഞ്ഞപ്പോഴേ സമ്മതമായുള്ളൂ. പിന്നെ ഹിമവൽപാൎശ്വത്തിൽ കിടക്കുന്ന ആ ധനനിക്ഷേപഭാരംകൊണ്ടുവന്നു മുറയ്ക്ക് അശ്വമേധയാഗത്തിന്നാരംഭിയ്ക്കുകയും ചെയ്തു.

അൎജ്ജുനനെ രക്ഷകനാക്കി കല്പിച്ചിട്ടു 'മേദ്ധ്യാശ്വവിസൎജ്ജനം' ചെയ്തതും, പല രാജാക്കന്മാരും അശ്വത്തിനെപ്പിടിച്ചു കെട്ടിയതും, അൎജ്ജുനൻ യുദ്ധം ചെയ്തു വിടുവിച്ചതും, അൎജ്ജുനപുത്രനായ പാണ്ഡ്യരാജാവു ബഭ്രുവാഹനൻ ഈ അശ്വം നിമിത്തമുണ്ടായ യുദ്ധത്തിൽ അൎജ്ജുനനെ കൊന്നതും, പിന്നെ ഭഗവാന്റെ സഹായത്തോടുകൂടി വീണ്ടും ജീവിപ്പിച്ചതും, ഇവിടെ വിസ്തരിച്ചിട്ടാവശ്യമില്ല.

അശ്വവിസൎജ്ജനം കഴിഞ്ഞാൽ ആ അശ്വം ഭൂപ്രദക്ഷിണം കഴിച്ചു തിരിയെ എത്തുന്നതിന്നുള്ള

കാലം ഒരു സംവത്സരമാണ്. ആ ഒരു സംവത്സര കാലം ധമ്മപുത്രർ 'അസിധാരാവ്രതം' അനുഷ്ഠിച്ചു കൊണ്ടാണിരുന്നത്. അസിധാരാവ്രതം എന്നുവെച്ചാൽ കാമോദ്ദീപകങ്ങളായ സകല ശൃംഗാരോപകരണങ്ങളേക്കൊണ്ടും അലങ്കരിക്കപ്പെട്ട ശയ്യാഗൃഹത്തിൽ മനോമോഹനങ്ങളായ വേഷാലങ്കാരങ്ങളേക്കൊണ്ടു ഹൃദയഹാരിണിയായ ഭാൎയ്യയോടുകൂടി സരസസല്ലാപാദിവിനോദങ്ങളും ചെയ്തു് ഏകശയ്യയിൽ കിടക്കണം. മനസ്സിൽ അല്പംപോലും കാമവികാരം ഉണ്ടാവുകയും അരുത്. അതിദുസ്സാദ്ധ്യമായ ഈ അസിധാരാവ്രതം ഒരു സംവത്സരം മുഴുവൻ അനുഷ്ഠിച്ചതിൽ ധമ്മപുത്രരുടെ ധൈൎയ്യം, ഇന്ദ്രിയനിഗ്രഹം, കമ്മത്തിങ്കലുള്ള ശ്രദ്ധ ഇവയെല്ലാം നല്ലവണ്ണം വെളിപ്പെടുന്നുണ്ടെന്നു പറയേണ്ടതില്ലല്ലൊ.

അശ്വം തിരിച്ചുവന്നതിന്റെ ശേഷം വിധിയാംവണ്ണം യാഗം കഴിച്ചു. ഈ വലിയ പുണ്യകമ്മത്തിൽ സകല ദിവ്യലോകവാസികൾക്കെന്നു മാത്രമല്ല ആബ്രഹ്മചണ്ഡാലമുള്ള മനുഷ്യവൎഗ്ഗത്തിന്നും പുറമേ മററുള്ള സമസ്തജീവജാലങ്ങൾക്കും തൃപ്തിവരുത്തി എന്നു മാത്രം ചുരുക്കിപ്പറയുവാനേ ഇവിടെ നിവ്വാഹമുള്ളു.

ധമ്മപുത്രരുടെ രാജ്യഭാരം മുപ്പത്താറു സംവ

ത്സരകാലമാണുണ്ടായിട്ടുള്ളത്. ആ കാലത്ത് അവരവരുടെ വൎണ്ണാശ്രമധൎമ്മങ്ങൾ വിധിപോലെ അനുഷ്ഠിയ്ക്കാതേകണ്ട് അദ്ദേഹത്തിൻെറ പ്രജകളിൽ ആരും തന്നെ ഉണ്ടായിരുന്നില്ല. പ്രജാക്ഷേമതല്പരനായി സകല ജനങ്ങളുടെയും യോഗക്ഷേമം അന്വേഷിയ്ക്കുന്നതിൽ സദാ ജാഗ്രൂകനായിരിയ്ക്കുന്നൊരു മഹാരാജാവു പ്രത്യേകിച്ചു ദൃഷ്ടിവെയ്ക്കുന്നുണ്ടെന്നു വരുമ്പോളാരാനും മൎയ്യാദവിട്ടു നടക്കുമോ? പിന്നെ സ്വധൎമ്മാനുഷ്ഠാനത്തിന്നു പ്രതിബന്ധങ്ങളായ ദാരിദ്ര്യം, രോഗം മുതലായവയുടെ ബാധയും ധൎമ്മപുത്രരുടെ രാജ്യഭരണകാലത്തു നാട്ടുകാരുടെ ഇടയിൽ ഉണ്ടായിരുന്നില്ല. ഇങ്ങിനെ അദ്ദേഹം രാജ്യം ഭരിച്ചു വരുന്നതിൻെറ ഇടയിലു ഒരിയ്ക്കൽ, ഭീമസേനൻ തരത്തിൽ പ്രയോഗിച്ച മുള്ളുവാക്കുകേട്ടു നിൎവ്വേദം വന്നു ധൃതരാഷ്ട്രർ വിഷയവിരക്തനായിച്ചമഞ്ഞതിനാൽ കുന്തീദേവി, ഗാന്ധാരി, സഞ്ജയൻ, വിദുരർ ഇവരോടൊരുമിച്ച് അദ്ദേഹം കാട്ടിൽപോയി തപസ്സുംചെയ്തു വാനപ്രസ്ഥവൃത്തിയിൽ ഇരിപ്പായി. ഇവരൊരുമിച്ചു ചക്രവൎത്തിയായ ധൎമ്മപുത്രരും പരിവാരസമേതം കാട്ടിൽചെന്നു ഗുരുശുശ്രൂഷയും ചെയ്തു കുറച്ചുനാൾ താമസിച്ചു. പിന്നെ അവരുടെ നിർബ്ബന്ധംകൊണ്ടു തന്നെയാണ് ഹസ്തിനപുരത്തി

ലേയ്ക്കു തിരിച്ചു പോന്നത്. എന്നാൽ ഇടയ്ക്കിടയ്ക്കു കാട്ടിൽചെന്നു ഗുരുശുശ്രൂഷ ചെയ്യാതിരിപ്പാൻ അദ്ദേഹത്തിന്റെ മനസ്സു സമ്മതിച്ചിരുന്നില്ല. ഒരു കുറി കാട്ടിൽചെന്നപ്പോൾ യോഗശക്തികൊണ്ടു നമ്മിച്ചതോ മറേറാ ആയ കാട്ടുതീയ്യിൽ അവർ ദേഹത്ത്യാഗം ചെയ്തിരിയ്ക്കുന്നതായി അദ്ദേഹം കണ്ടു. വിദുരർ മാത്രം കേവലം 'ജഡോന്മത്തപിശാചവൽ' എന്ന ഭഗവൽഭക്തനിലയിൽ കാട്ടിലെവിടെയോ സഞ്ചരിയ്ക്കുന്നുണ്ടായിരുന്നു. ആ മഹായോഗ്യനെ പിന്തുടന്നു കുറച്ചു ദൂരം പോയി. ആരും കാണാതെയായപ്പോൾ വിദുരൻ ധമ്മപുത്രരുടെ ദേഹത്തിൽ ദിവ്യതേജോരൂപേണ ലയിയ്ക്കുകയാണുണ്ടായത്. അതുമുതൽ ധമ്മപുത്രർ സാക്ഷാൽ ധമ്മമൂത്തിയായി എന്നുതന്നെ പറയാം. മനസ്സിന് അത്രത്തോളം ശുദ്ധി വന്നു. തിരിയേ ഹസ്തിനപുരത്തിൽ എത്തിയപ്പോൾ, പല ദുന്നിമിത്തങ്ങളും കണ്ടു വിഷാദിച്ചുകൊണ്ടിരിയ്ക്കുമ്പോൾ, യാദവവംശം മുഴവൻ തമ്മിൽ തച്ചുനശിച്ചു എന്നും, ബലഭദ്രരും ശ്രീകൃഷ്ണനും സ്വർഗ്ഗാരോഹണം ചെയ്തു എന്നും മററുമുള്ള വ്യസനവൃത്താന്തം, ദ്വാരകയിൽനിന്നു മടങ്ങിവന്ന വിഷയവിരക്തനായ അജ്ജുനൻ അറിയിച്ചു. ഇതോടുകൂടി പാണ്ഡവന്മാർ ഇഹലോകവാസം ഉപേക്ഷി

പ്പാനൊരുങ്ങിയതിൽ എന്തത്ഭുതമാണ്? പാണ്ഡവ ൎക്ക സൎവ്വസ്വവും ഭഗവാൻ ശ്രീകൃഷ്ണൻ തന്നേയായിരു ന്നില്ലേ? സൎവ്വസ്വവും തന്നെ വിട്ടാൽ താൻ സൎവ്വ സ്വവും വിട്ട ഫലം തന്നെയല്ലേ?

പിന്നെ അഭിമന്യുപുത്രനായ പരീക്ഷിത്തിനെ രാജാവാക്കി വാഴിച്ചിട്ട ധൎമ്മപുത്രർ പാഞ്ചാലിയോടും അനുജന്മാരോടുംകൂടി 'മഹാപ്രസ്ഥാനം' ചെയ്തു. സ ൎവ്വസംഗപരിത്യാഗം ചെയ്തു നേരേ വടക്കോട്ട നടക്ക കയാകുന്നു ഈ മഹാപ്രസ്ഥാനം. അപ്പോൾ ഒരു പുഴത്തപട്ടി ധൎമ്മപുത്രരുടെ പിന്നാലെ വിടാതെ കൂ ടിയിരുന്നു. ഈ യാത്രയിൽ വഴിയ്ക്കുവെച്ച നകുലൻ, സഹദേവൻ, പാഞ്ചാലി, അൎജ്ജുനൻ, ഭീമസേനൻ ഇവരൊക്കെ വീണു എന്നറിഞ്ഞിട്ടും ധൎമ്മപുത്രർ മന സ്സിന്നൊരു വികാരഭേദംകൂടാതേയും പിന്നാക്കം തി രിഞ്ഞു നോക്കാതേയും നടന്നതേ ഉള്ളൂ ഇതാണ് ശാന്തത എന്നു പറയുന്ന സത്വഗുണത്തിൻെറ പര മകാഷ്ഠ. പിന്നേയും പട്ടി മാത്രം തുണയായിട്ട കൂ ടെക്കൂടിയിരുന്നു

ധൎമ്മപുത്രൎക്ക കയറുവാൻ ഒരു വിമാനവും കൊ ണ്ടു ദേവദൂതൻ പ്രത്യക്ഷമായിട്ട 'കേറാം, ദേവേന്ദ്ര ൻ കല്പനയായിരിയ്ക്കുന്നു; സ്വൎഗ്ഗത്തിലേയ്ക്കെഴുന്നള്ളാം' എന്നറിയിച്ചു. 'ഈ പട്ടി മുമ്പിൽ കേറട്ടേ പിന്നാ

ലെ ഞാനും കേ.ുന്നുണ്ട്' എന്നായിരുന്നു ആ ധമ്മപുത്രരുടെ മറുപടി. 'രാജസൂയയാഗം ചെയ്തിട്ടുള്ള ഇവിടയ്ക്കു സ്വഗ്ഗം അനശ്വരമായിട്ടുണ്ട് എന്നല്ലാതെ ഈ പുഴത്തപട്ടിയ്ക്കുണ്ടോ സ്വഗ്ഗം കിട്ടുന്നു!' എന്നു ദേവദൂതൻ ചിരിച്ചുംകൊണ്ടു പറഞ്ഞപ്പോൾ 'എന്നാൽ എനിയ്ക്കും സ്വഗ്ഗം വേണ്ട. എന്നെ ഇതുവരെ ആശ്രയിച്ചുനിന്നിട്ടുള്ള ഇതിനെ ഉപേക്ഷിച്ചു ഞാൻ മാത്രം സ്വഗ്ഗത്തിൽചെന്നു സുഖിച്ചിരിപ്പാൻ വിചാരിയ്ക്കുന്നില്ല' എന്നു ധമ്മപുത്രർ തീച്ചയായും മറുപടി പറഞ്ഞു. അപ്പോൾ ആ പട്ടി സാക്ഷാൽ ധമ്മരാജാവിൻെറ സ്വരൂപത്തിൽ പ്രത്യക്ഷമായിട്ട്,

'സന്തോഷമായി. പലപ്പോഴും പല വേഷത്തിലും ഞാൻ അങ്ങയെ പരീക്ഷിച്ചുനോക്കീട്ടുണ്ട്, ഒരിയ്ക്കലും ധമ്മത്തിൽനിന്ന് ഒരടി തെററിയ്ക്കുവാൻ കഴിഞ്ഞിട്ടില്ല. ഇനി സ്വഗ്ഗത്തിലേയ്ക്കു തന്നെ പോകാം' എന്നു പുത്രനെ അനുഗ്രഹിച്ചു മറകയും ചെയ്തു.

പിന്നെ വിമാനത്തിൽ കയറി ഉടലോടെ സ്വഗ്ഗത്തിൽചെന്നു. അവിടെച്ചെന്നപ്പോൾ ഇന്ദ്രൻ വേണ്ടതുപോലെ സൽകരിച്ചിട്ടു സ്വഗ്ഗത്തിലുള്ള സകലൈശ്വയ്യങ്ങളും കണ്ടുവരുവാനായിട്ടു ദൂതന്മാരെ കൂട്ടിയയച്ചു. ഓരൊ അത്ഭുതവിഭവങ്ങളും കണ്ടു കണ്ടു സഞ്ചരിയ്ക്കുമ്പോൾ, ഒരേടത്തു ദുയ്യോധനാദി

കളെല്ലാവരും സ്വൎഗ്ഗപദവിയിൽ അനുഭവിച്ച സുഖിച്ചിരി
യ്ക്കുന്നതും മററാരേടത്തു ഭീമാദികളായ അനുജന്മാ
രും പാഞ്ചാലിയും നരകത്തിൽക്കിടന്നു നിലവിളിയ്ക്കു
ന്നതും കാണ്മവാനിടയായി. അപ്പോൾ, തിരിഞ്ഞു
നിന്നിട്ടു 'ധൎമ്മാധൎമ്മങ്ങൾക്കു ശരിയായ ഫലം കൊ
ടുക്കാത്ത സ്വൎഗ്ഗം എനിയ്ക്കു വേണ്ടേവേണ്ട.' എ
ന്നു ദേവപരിചാരകന്മാരോടായിട്ടു പറഞ്ഞു. അപ്പോ
ഴയ്ക്കും ഇന്ദ്രൻ അവിടെ വന്നിട്ട് 'ഇതൊക്കെ മായയാ
ണെ'ന്നും 'ദ്രോണരോടു ഭോഷ്ക്കുപറഞ്ഞതിന്ന് അങ്ങ
യെ വ്യസനശിക്ഷ അനുഭവിപ്പിപ്പാൻവേണ്ടി കാണി
ച്ചതാണെ'ന്നും പറഞ്ഞു സമാധാനപ്പെടുത്തി.

ഇതുകൊണ്ടൊന്നാണ് നമുക്കു മനസ്സിലാക്കേണ്ട
ത്. കുററം ചെയ്താൽ അതിന്നു ശിക്ഷകൊടുക്കുക
എന്നത് എല്ലാവൎക്കും ഒരുപോലെയല്ല വേണ്ടത്. അ
വരവരുടെ മനോവൃത്തിയെ അനുസരിച്ച ശിക്ഷകൊ
ടുത്താലെ മതിയാവു. ധൎമ്മതൽപരനായ ധൎമ്മപുത്ര
ൎക്ക് അസത്യം പറഞ്ഞു എന്ന കുററത്തിന്നു കുംഭീപാ
കനരകം കൊടുക്കുന്നതിനേക്കാട്ടിലും സങ്കടമായിട്ടുള്ള
തു ധൎമ്മിഷ്ഠന്മാരെ നരകത്തിലും അധൎമ്മിഷ്ഠന്മാരെ
സ്വൎഗ്ഗത്തിലും കാണിക്കുക മാത്രമാണ്. ഇതിലധി
കം വ്യസനം അദ്ദേഹത്തിന്നു മററൊന്നിലും ഉണ്ടാവു
ന്നതല്ല, എന്ന് അദ്ദേഹത്തിൻെറ പ്രകൃതി അറിഞ്ഞി

ട്ടുള്ള ദേവേന്ദ്രൻ കണ്ടുകൊടുത്ത ശിക്ഷയാകുന്നു.

ഈ വിധമുള്ള ശിക്ഷകൊണ്ടു പാപം നശിച്ച തിന്നുശേഷം ധൎമ്മപുത്രൎക്ക് വാസ്തവസ്ഥിതിയും കാണിച്ചു കൊടുത്തു. ഭീഷ്മരെ വസുക്കളിലും, ദ്രോണരെ ബൃഹസ്പതിയിലും, ഭീമനെ വായുവിലും, അൎജ്ജുനനെ ഇന്ദ്രനിലും, നകുലസഹദേവന്മാരെ അശ്വിനീദേവകളിലും ശക്തിസ്വരൂപിണിയായ പാഞ്ചാലിയെ ഇവരിലെല്ലാവരിലും, ദുൎയ്യോധനാദികളെ കലി മുതലായ അധൎമ്മവൎഗ്ഗത്തിലും, അഭിമന്യുവിനെ ചന്ദ്രനിലും, പാഞ്ചാലീപുത്രന്മാരെ വിശ്വദേവകളിലും, കൎണ്ണനെ ആദിത്യനിലും മററുമായിക്കണ്ടു ധൎമ്മപുത്രർ വളരെ സന്തോഷിച്ചു. ധൎമ്മപുത്രൎക്ക് കൎണ്ണന്റെ തത്വം അപ്പോഴെ നല്ലവണ്ണം മനസ്സിലായുള്ളു. അതിന്നുശേഷം ദിവ്യഗംഗയിൽ സ്നാനം ചെയ്തു ദിവ്യശരീരം സ്വീകരിച്ചു, ഹരിശ്ചന്ദ്രാദി മഹാരാജാക്കന്മാരെപ്പോലെ, ധൎമ്മപുത്രനായ യുധിഷ്ഠിരൻ ജ്യോതിഃസ്വരൂപനായി പ്രകാശിക്കയും ചെയ്തു.

'കട്ടേററംനീണ്ടമൂക്കും നെടിയമിഴികളും,
ധീരമാംനോട്ടവും പൊൻ-
മട്ടേന്തുംമെയ്യിണങ്ങും തടിയുമുയരവും,
വീതിയേറുന്നമാറും

മുട്ടോളം നീണ്ട കൈവീശി നാഗലനനടയും,
മററുമത്രേ പ്രസിദ്ധ
പ്പെട്ടോരാദ്ധമ്മരക്ഷാവ്യസനധനികനാം
ധമ്മപുത്രൻെറ രൂപം.'

സർ. രാമവമ്മ ജി. സി. എസ്സ്. ഐ., ജി.
സി. ഐ. ഇ., എഫ്. എം. യു.

## കൊച്ചി വലിയ തമ്പുരാൻ
## തിരുമനസ്സുകൊണ്ട്.

'യഥാ തഥാപി യഃ പൂജ്യോ
യത്ര തത്രാപി യോച്ഛ്രിതഃ
യോപി വാ സോപി വാ യോസൌ
ദേവോ വിജയതേതരാം.'

## തിരുമനസ്സിലെ കുട്ടിക്കാലം

ഇപ്പോഴത്തെ കൊച്ചി രാജകുഡുംബം മുഴുവനും ഒരു പെൺവഴി തമ്പുരാനിൽനിന്നാണ് ഉണ്ടായിട്ടുള്ളത്. അവിടുന്നു 971-ൽ (സാക്ഷാൽ ശക്തൻ തമ്പുരാൻ തിരുമനസ്സിലേ കാലത്ത്) തിരുവവതാരം ചെ

ഷ്ട് 1036-ൽ തീപ്പെട്ട വലിയമ്മതമ്പുരാനാണ്. അ വിടേക്ക നാല്ല പെൺമക്കളുണ്ടായിരുന്നു. അതിൽ മൂന്നാമത്തെ ആളാണ് തിരുമനസ്സിലെ അമ്മ. അ വിടുന്ന് 1008 വൃശ്ചികത്തിൽ തിരുഅവതാരം ചെയ്തു. 1021-ൽ അവിടുത്തെ ത്രത്താലി ചാൎത്തു കഴിഞ്ഞു. കൂടലാററു പുറത്ത് ഭാസ്കരൻ (അനുജൻ) നമ്പൂതിരി പ്പാട് അവിടെക്ക് ഇരിപ്പായി. 1026-ൽ അവിടെ ക്ക് ഒരു പെൺവഴി തമ്പുരാനുണ്ടായി. 1028 കം ഭമാസത്തിൽ കാശിയിൽനിന്നു തീപ്പെട്ട വലിയ തമ്പു രാൻ തിരുമനസ്സുകൊണ്ടു കാശിക്കെഴുന്നള്ളുന്ന സമ യം ഇപ്പോഴത്തെ തിരുമനസ്സിലെ തിരുവയററിൽ ഉ ണ്ടായിരിക്കുന്ന കാലമായിരുന്നു. 'കുഞ്ഞിക്കാവു പ്ര സവിച്ച് ഉണ്ണിയാണെങ്കിൽ പേരിട്ട് എന്നെ അറിയി ക്കണം' എന്നരുളിച്ചെയ്തിട്ടാണ് കാശിക്കെഴുന്നള്ളിയ ത്. അതുപോലെതന്നെ 1028-ാമാണ്ടു ധനുമാസം 14-ാംനു- മിനം രാശിയിൽ തിരുഅവതാരം ചെയ്ത് 'രാമവൎമ്മൻ' എന്നു തിരുനാമമിട്ട വിവരം കാശിയിൽ അറിയിക്കുകയും പേരു ചൊല്ലി വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ടു സ്നാനം ചെയ്യുകയും ഉണ്ടായി ട്ടുണ്ട്.

അഞ്ചാമത്തെ തിരുവയസ്സിൽ എഴുത്തിനുവെ ച്ചു. അന്നുതന്നെ 17 മാസം പ്രായംകൂടിയ അവിടു

ത്തെ മൂത്തസഹോദരിയും ഒരുമിച്ചു പഠിച്ചു തുടങ്ങി. അന്നു പഠിപ്പിക്കുവാൻ മുഴിക്കുളത്തു കുഞ്ഞുണ്ണിനമ്പ്യാർ ഒരാൾ മാത്രമെ ഉണ്ടായിരുന്നുള്ളു. സംസ്കൃതത്തിൽ അദ്ദേഹത്തിന്നു നല്ല വ്യുൽപ്പത്തി ഉണ്ടായിരുന്നു. വ്യാകരണത്തിൽ വിശേഷിച്ചും നിപുണനായിരുന്നു. പ്രായം അറുപതോളമായി. തമ്പുരാക്കന്മാരെ വളരെക്കാലം പഠിപ്പിച്ചിട്ടുണ്ട്. അന്നുണ്ടായിരുന്ന ആൺവഴി തമ്പുരാക്കന്മാരും, അമ്മതമ്പുരാനും കുഞ്ഞമ്മതമ്പുരാനും ഒഴികെ മററുള്ള പെൺവഴി തമ്പുരാക്കന്മാരും നമ്പ്യാരുടെ ശിഷ്യരായിരുന്നു. അന്നു പഠിച്ചിരുന്നവരിൽ ചിങ്ങമാസത്തിൽ തീപ്പെട്ട തിരുമനസ്സിലേക്കാണ് പ്രായംകൂടിയത്.

ഏകദേശം ഈ കാലത്ത് അന്നത്തെ വലിയ തമ്പുരാൻെറ കല്പനപ്രകാരം വൈകുന്നേരം നാലു മണി മുതൽ അഞ്ചു മണിവരെ അമ്മതമ്പുരാൻ കോവിലകത്തു നടപ്പുരയിൽ 'പൊന്നുവെള്ള്' എന്നു പേരായ ഒരു സാധുക്കുതിരയുടെ പുറത്തു സവാരി ചെയ്തു് അഭ്യസിച്ചുവന്നു.

തിരുമനസ്സിലേക്കു പഠിക്കുവാൻ ലേശം മനസ്സുണ്ടായിരുന്നില്ല. ഒരു തരമുണ്ടെങ്കിൽ കബളിക്കുവാൻ നോക്കിയിരുന്നു. അവിടത്തെ അമ്മയ്ക്കു് അപ്രിയമായ സംഗതികളിലൊഴികെ മററുള്ളതിലൊക്കെ

അവിടത്തെ മൂത്ത സഹോദരിയും സഹായിച്ചിരുന്നു. കൂടെ പഠിച്ചിരുന്ന മററുള്ളവരെപ്പോലെ ഇല്ലെങ്കിലും അവിടെക്കു ദുസ്സാമൎത്ഥ്യം ഒരു വിധം കലശലായിരുന്നു. ആറു വയസ്സായപ്പോൾതന്നെ പ്രായം ചെന്നവൎക്കു കൂടി വിശ്വസിക്കത്തക്കവണ്ണമുള്ള സൂത്രങ്ങളും വ്യാജങ്ങളും സൃഷ്ടിക്കുന്നതിൽ സാമൎത്ഥ്യം നല്ലവണ്ണം ഉണ്ടായിരുന്നു. ആ വക സൂത്രങ്ങൾ മററുള്ളവൎക്കു മനസ്സുഖം ഉണ്ടാകത്തക്കവയായിരുന്നു എങ്കിലും വളരെ ഉപദ്രവകരങ്ങളായിരുന്നില്ല. മററുള്ള കൊച്ചുതമ്പുരാക്കന്മാരായിട്ടു തിരുമനസ്സുകൊണ്ട് അങ്ങോട്ടു തമ്മിത്തല്ലാൻ പോയിരുന്നില്ല. ഓടിനടന്നു കളിക്കുക; അതായിരുന്നു അവിടത്തെ ജോലി. ഒരു ദിവസം ഇത്ര വീഴ്ചകളെ പററുകയുള്ളു എന്നു കണക്കില്ല. ഏകദേശം പന്ത്രണ്ടു തിരുവയസ്സായിരുന്ന കാലത്തു ചക്കംകുളങ്ങരെ തൃക്കൺപാൎത്തു കുതിരപ്പുറത്തു തിരിയെ എഴുന്നെള്ളുമ്പോൾ കുതിര ബഹളി പിടിച്ച് ഓടി 'ദേവതമാളിക'യുടെ സമീപത്തിലുള്ള ലായത്തിലേക്കു കടക്കുവാൻ ഭാവിച്ചപ്പോൾ പഴേരു രാമൻ എന്നൊരു വാലിയക്കാരൻ കുതിരയെ പിടിച്ചു നിൎത്തിയില്ലായിരുന്നുവെങ്കിൽ വലുതായ ആപത്തു വന്നു സംഭവിക്കുമായിരുന്നു. തിരുമനസ്സിലെ അമ്മ അവിടത്തെ ദേഹം വേണ്ടതിലധികം സൂക്ഷിച്ചിരുന്നു. ഒരു മരുന്നു സേ

വിപ്പിക്കാത്ത ദിവസം ഇല്ല. പത്ഥ്യമായിട്ടല്ലാതെ അമൃതേത്തും ഇല്ല. അവിടത്തെ തിരുമേനി 'ഔഷധംകൊണ്ടാണ് ഉണ്ടാക്കീട്ടുള്ളത്, അന്നംകൊണ്ടല്ല. അതുകൊണ്ടു കുഞ്ഞിക്കിടാവിന് ഇതിൽ ശക്തി കൂടാൻ തരമില്ല' എന്നു മിഥുനമാസത്തിൽ തീപ്പെട്ട തിരുമനസ്സുകൊണ്ടു നേരംപോക്കായിട്ട് അരുളിച്ചെയ്യാറുണ്ട്.

അവിടുന്നു നല്ലവണ്ണം പഠിച്ചു കണ്ടാൽകൊള്ളാമെന്നു വളരെ മോഹമുണ്ടായിരുന്നതിനാൽ അമ്മയ്ക്കു് അവിടത്തെ മടി കണ്ടിട്ടു വളരെ സുഖക്കേടുണ്ടായിരുന്നു. പലപ്പോഴും ശകാരിക്കാറുണ്ട്. അടിക്കുമെന്നുകൂടി അരുളിച്ചെയ്തു ഭയപ്പെടുത്താറും ഉണ്ട്. ഇത്രയൊക്കെയായിട്ടും പിന്നെയും പഠിക്കുവാൻ കൂട്ടാക്കിയിരുന്നില്ല. പന്ത്രണ്ടു തിരുവയസ്സായപ്പോൾ മലയാള അക്ഷരങ്ങൾ നല്ലവണ്ണം വായിക്കുവാൻ മാത്രം അറിയാമായിരുന്നു.

രാമുപട്ടർ എന്നൊരാളായിരുന്നു അവിടത്തെ നോക്കിയിരുന്നത്. അവിടത്തെ അമ്മയ്ക്കു് ഏഴ വയസ്സായ മുതല്ക്കു കൂടെ താമസിച്ചിരുന്ന ഒരാളാണ് ഇദ്ദേഹം. തിരുമനസ്സുകൊണ്ട് 'അമ്മ' എന്നാണ് ഇദ്ദേഹത്തിനെ വിളിച്ചുവന്നിരുന്നത്. തിരുമൂപ്പു കിട്ടിയതിനുശേഷം കളഞ്ചം കാൎയ്യക്കാരായിരുന്ന് ഒടുവിൽ 40

ക. പെൻഷ്യൻ വാങ്ങിയിരിക്കുന്ന കാലത്താണ് മരിച്ചത്. ഇദ്ദേഹം ദീനം പിടിച്ചു കിടക്കുമ്പോൾ കാണാൻ എഴുന്നെള്ളുന്നുണ്ടെന്നു പറഞ്ഞയച്ചു. അതിനു മറുവടിയായി 'വേണ്ടതൊക്കെ ചെയ്യിച്ചാൽ മതി. ഇങ്ങോട്ടെഴുന്നെള്ളുന്നത് ഉചിതമല്ല' എന്നാണ് പറഞ്ഞയച്ചത്. അവിടുത്തെ കുറിച്ച് ഇന്നപ്രകാരത്തിലെ അദ്ദേഹത്തിന്നു സ്ഥായി ഉണ്ടായിരുന്നുള്ളുവെന്നു പറഞ്ഞുകൂട. അവിടെക്കും അദ്ദേഹത്തിൻെറ നേരെ വളരെ സ്നേഹവും അദ്ദേഹത്തെക്കുറിച്ചു ഭയവും കൂടി ഉണ്ടായിരുന്നു. അവിടുത്തെമേൽ അദ്ദേഹത്തിന്നുണ്ടായിരുന്ന സ്വാധീനം അവിടുത്തെ ശ്രേയസ്സിനല്ലാതെ മററൊന്നിനും ഉപയോഗിച്ചിരുന്നില്ല. അസൽസംസർഗ്ഗത്തിന്ന് എടവരാതെ അദ്ദേഹം വളരെ സൂക്ഷിച്ചിരുന്നു. തൽക്കാലം അവിടെക്ക് അത് അത്ര രുചിച്ചിരുന്നില്ല. എങ്കിലും അതുകൊണ്ടുള്ള ഗുണം മേലാല്ക്കാണ് കണ്ടിട്ടുള്ളത്. അമ്മയുടെ ആനുകൂല്യവും അദ്ദേഹത്തിന്നു നല്ലവണ്ണം ഉണ്ടായിരുന്നു. ദിവസവും രണ്ടു മണിക്കൂറു നേരം അദ്ദേഹം മലയാളം എഴുതിച്ചിരുന്നു. മലയാളകയ്യക്ഷരം ക്രമേണ നന്നായി വന്നു എങ്കിലും സംസ്കൃതപാഠം അന്നും അമാന്തംതന്നെ.

അവിടുത്തെ മുത്തശ്ശിയമ്മ 1036-ൽ തീപ്പെട്ടു.

പിറേറ കൊല്ലം അന്നു തിരുമൂപ്പായിരുന്ന അവിടു ത്തെ അമ്മാമന്റെ കല്പനപ്രകാരം കളിക്കോട്ടയിൽ 'ഭാഷ' (ഇംഗ്ലീഷ്) പഠിക്കുവാൻ തുടങ്ങി. അന്നു മൂന്നു തമ്പുരാക്കന്മാർ കളിക്കോട്ടയിൽ പഠിച്ചിരുന്നു. 1 അന്നു വീരളയ തമ്പുരാനായിരുന്ന ചിങ്ങമാസത്തിൽ തീപ്പെട്ട തിരുമനസ്സുകൊണ്ട്, 2. 4-ാം കൂറു തമ്പുരാൻ, 3. 5-ാം കൂറു തമ്പുരാൻ. അന്നിവിടുന്ന് ആറാം കൂറായിരുന്നു. റോബട്ട് വൈററ് എന്ന സായ്പും, ടി. നാരായണയ്യരും ആയിരുന്നു അന്നു പഠിപ്പിച്ചിരുന്നത്. തിരുവനന്തപുരം സ്കൂളിൽ പഠിപ്പിച്ചിരുന്ന പ്രസിദ്ധനായ റോബെട്ട്സ് സായ്പിന്റെ ശിഷ്യരുകളായിരുന്നു ഇവർ. 4-ം, 5-ം, കൂറു തമ്പുരാക്കന്മാരുടെ അനുജനായ 7-ാം കൂറു കുഞ്ഞുണ്ണിത്തമ്പുരാൻ അവിടുത്തെ ഒരുമിച്ചാണ് കളിക്കോട്ടയിൽ ചേൎന്നത്. അന്ന് ഇംഗ്ലീഷ് പഠിപ്പിക്കുന്ന സമ്പ്രദായം ഇപ്പോഴത്തെപ്പോലെ ഒന്നുമല്ല. പദവി (ക്ലാസ്സ്) വിഭാഗവും ശരിയായ പാഠക്രമവും സമയനിശ്ചയവും ഒന്നുമുണ്ടായിരുന്നില്ല. പുസ്തകം മാറീട്ടാണ് പഠിയ്ക്കുന്നതെങ്കിൽ പദവി മാറി എന്നാണ് സങ്കല്പം. ആദ്യത്തെ രണ്ടു കിട ഏകദേശം രണ്ടു മണിയ്ക്കു പാഠം തുടങ്ങും. അവരെ നാരായണയ്യരാണ് പഠിപ്പിച്ചിരുന്നത്. പ്രായം കൂടിയവർ രണ്ടരമണിയോടുകൂടിയേ വരികയുള്ളു.

അവരെ "വൈററി" സാഹ്യം പഠിപ്പിച്ചുവന്നു. തിരുമനസ്സു കൊണ്ട് ആദ്യം ചേൎന്ന ദിവസം നാരായണയ്യരാണ് അവിടുത്തെ പഠിപ്പിച്ചത്. 7-ാംകൂറു കുഞ്ഞുണ്ണിത്തമ്പുരാനെ സാഹ്യം പഠിപ്പിച്ചു. കുഞ്ഞുണ്ണിത്തമ്പുരാനു മുമ്പേ തന്നെ ഇംഗ്ലീഷ് അക്ഷരം ഉച്ചരിപ്പാൻ വശമായിരുന്നു, വായിയ്ക്കുവാൻ ത്രാണമുണ്ടായിരുന്നില്ല. അന്നു തിരുമനസ്സുകൊണ്ട് അക്ഷരം പകുതി പഠിച്ചുതീൎന്നപ്പോഴെയ്ക്കും കുഞ്ഞുണ്ണിതമ്പുരാൻ അവിടുത്തെ ജോലി മുഴവൻ ഒതുക്കിക്കഴിഞ്ഞു. മുമ്പു പഠിച്ചിട്ടുണ്ടെന്നുള്ള കഥ അറിയാതെ കുഞ്ഞുണ്ണിത്തമ്പുരാനു പഠിയ്ക്കുവാൻ എളുപ്പമുണ്ടെന്നു സാഹ്യം നാരായണയ്യനും തീൎച്ചയാക്കി. വാസ്തവത്തിൽ കുഞ്ഞുണ്ണിത്തമ്പുരാൻ എളുപ്പമില്ലാത്താളായിരുന്നില്ല. ശബ്ദവാസന നല്ലവണ്ണം ഉള്ളാളായിരുന്നു. തിരുമനസ്സിലേയ്ക്കു പഠിയ്ക്കുവാൻ മടിയുണ്ടായിരുന്നു എങ്കിലും ഈ തോൽവിയിൽ വളരെ ക്ലേസൽ തോന്നി. പോവാറായപ്പോൾ നാരായണയ്യൻ അവിടുത്തെ സമാധാനമാക്കി. പിറേറദിവസം കുഞ്ഞുണ്ണിത്തമ്പുരാനെ തോല്പിയ്ക്കത്തക്കവണ്ണം പഠിപ്പിയ്ക്കാമെന്നും പറഞ്ഞു.

പിറേറദിവസം O മുതൽ Z വരെയുള്ള അക്ഷരങ്ങൾ ഒരു മണിക്കൂറുകൊണ്ടു പഠിച്ചു, F എന്നുള്ള അക്ഷരം നല്ലവണ്ണം ഉച്ചരിപ്പാനും വശമാക്കി. പിന്നെ ഉണ്ടായിരുന്ന സമയംകൊണ്ട് ചെറിയ അക്ഷരവും

പഠിച്ചുകൊണ്ടിരുന്നു. അന്ന് ഉത്സാഹമായിട്ടാണ് പള്ളിവായന കഴിച്ച് എഴുന്നെള്ളിയത്. മൂന്നാം ദിവസം അവസാനം മുതൽ ആദ്യംവരെയുള്ള അക്ഷരങ്ങൾ ഒറ്റൊറ്റയ്ക്കായി കാട്ടിക്കൊടുത്തു വായിപ്പാൻ പറഞ്ഞു. കുഞ്ഞുണ്ണിത്തമ്പുരാന് അതു വേണ്ടപോലെ സാധിച്ചില്ല. അവിടേയ്ക്കു അതിൽ ലേശം ക്ലേശവും ഉണ്ടായില്ല. കുഞ്ഞുണ്ണിത്തമ്പുരാന് ഉച്ചാരണം ശ്രുപമുണ്ടായിരുന്നതുകൊണ്ടു പഠിക്കുന്ന സമയം ലിപികളിൽ കണ്ണുപതിഞ്ഞിരുന്നില്ല. അവിടുന്നു നോക്കി പഠിച്ചതുകൊണ്ടാണ് ബുദ്ധിമുട്ടു തോന്നാഞ്ഞത്. ദിവസം മൂന്നു മണിക്കൂറുവീതം കളിക്കോട്ടയിൽ പോയി ഇരുന്നിരുന്നു എങ്കിലും നിഷ്കർഷ പോരാഞ്ഞതുകൊണ്ടു പാഠം ലേശം കേറിയിരുന്നില്ല. ഇങ്ങിനെ പന്ത്രണ്ടു കൊല്ലം കഴിഞ്ഞിട്ടും ഇംഗ്ലീഷിൽ ചെറിയ വാചകങ്ങൾ എഴുതുവാൻകൂടി അവിടേയ്ക്കു സാധിച്ചിരുന്നില്ല. കഴിഞ്ഞ തിരുവെങ്കിടാചാര്യർ ഒരു എഴുത്തോടുകൂടി ചില ഷരായകൾ തിരുമനസ്സിലേയ്ക്കു അയച്ചുകൊടുത്തപ്പോൾ മറുവടി അയയ്ക്കുവാൻകൂടി അവിടുന്നു കല്പിച്ചു. സ്കൂൾ വിട്ടാൽ പുസ്തകം തൊടുക തന്നെ പതിവില്ല. സ്കൂളിൽ ചെന്നാലും സംസാരിച്ചു സമയം കളകയാണ് പതിവ്. അമ്മയ്ക്കു് ഇംഗ്ലീഷിന്റെ കാര്യത്തിൽ വലിയ നിഷ്കർഷയൊന്നും ഉണ്ടായിരുന്നില്ലെങ്കിലും സംസ്കൃതം

നല്ലവണ്ണം പഠിപ്പിച്ചുകൾ കൊള്ളാമെന്നുണ്ടായിരുന്നു. അമ്മയുടെ ഈ ശുഷ്കാന്തിയും രാമുപ്പട്ടരുടെ സഹായവും ഇല്ലായിരുന്നുവെങ്കിൽ അവിടുത്തെ ഭാവി എന്തായിരുന്നേനെ!

തിരുമനസ്സിലേയും സഹോദരി കൊച്ചിക്കാവുതമ്പുരാൻ തിരുമനസ്സിലേയും അടുത്ത അനുജൻ 8-ാംകൂറ് കൊച്ചുണ്ണിത്തമ്പുരാൻതിരുമനസ്സിലേയും (1075-ൽ തീപ്പെട്ട എളയ തമ്പുരാൻ) 1041-ൽ ഗോവിന്ദൻനമ്പ്യാരുടെ അടുക്കൽ പഠിയ്ക്കുവാനാക്കി. നമ്പ്യാരേപ്പോലെ വിദ്വാനും പഠിപ്പിയ്ക്കുവാൻ സമർത്ഥനും ആയ ഒരാൾ അന്നു കൊച്ചിരാജ്യത്തുണ്ടായിരുന്നില്ല. ഈ കൊച്ചുതമ്പുരാക്കന്മാരെ ഒരു വിനനാഴികപോലും പഠിയ്ക്കാത്തിരിയ്ക്കുവാൻ നമ്പ്യാർ സമ്മതിച്ചിരുന്നില്ല. കാലത്ത് 7 മണി മുതൽ 9 മണിവരെ നമ്പ്യാർ തന്നെ പഠിപ്പിയ്ക്കും. കുളിയും ഊണും കഴിഞ്ഞു വരുന്നതു വരെ നമ്പ്യാരുടെ മകനെ പഠിച്ചു ചൊല്ലുന്നതു കേൾക്കുവാനാക്കീട്ടു പോകും. 10 മണി മുതൽ 12 മണിവരെ ചോട് പഠിച്ചതു ചൊല്ലുകയായിട്ടു കഴിയും. രണ്ടു മണി മുതൽ കളിക്കോട്ടയിൽ ഭാഷ പഠിയ്ക്കുവാൻ പോയിരിയ്ക്കും. മൂന്നു മണി മുതൽ അഞ്ചുവരെ നമ്പ്യാർതന്നെ പിന്നെയും പഠിപ്പിയ്ക്കും. കാലത്തു ഒരു മണിക്കൂറും ഉച്ചയ്ക്കു ഒരു മണിക്കൂറും ഒഴികെ 7 മുതൽ 5 വരെ ദിയാ

ത്തൊരു ഒഴിവും ഇല്ലെന്നു പറയാം. ഇങ്ങിനെ ഏകദേശം ഒരു കൊല്ലം കഴിഞ്ഞു. പാഠത്തിൻെറ കാൎയ്യത്തിൽ വളരെ ഭേദവും വന്നു. അവിടുന്നു കുറച്ചുകൂടി അക്കാലത്തു മനസ്സിരുത്തിയിരുന്നു എങ്കിൽ നമ്പ്യാരുടെ ശ്രമം എത്രയോ എളുപ്പത്തിൽ ഇതിലധികം ഫലവത്തായി തീൎന്നേനെ. കളിയ്ക്കുവാൻ ലവലേശം സമയം കൊടുത്തിരുന്നില്ല. അനദ്ധ്യായത്തുന്നാൾകൂടി ലീലാവതി ചെയ്യിയ്ക്കുകയും നാളക്കം വയ്പിയ്ക്കുകയും ചെയ്ക പതിവാണ്. ഇങ്ങിനെ ഒരു കൊല്ലത്തിലധികം കഴിഞ്ഞപ്പോൾ നമ്പ്യാൎക്ക് വസൂരി തുടങ്ങി മരിച്ചു. ബാല്യമായതുകൊണ്ട് ഈ വ്യസനം അവിടുന്നു വളരെ അനുഭവിച്ചോ എന്നു സംശയമാണ്.

നമ്പ്യാർ മരിച്ചതിന്നു ശേഷം പിന്നെയും മടി പിടിയ്ക്കുവാൻ തുടങ്ങി. എന്നാൽ പണ്ടത്തെപ്പോലെ അതിന്നു രുചിയുണ്ടായിരുന്നില്ല. ഈ ഒരു മാററം പ്രായംകൊണ്ടും കഴിഞ്ഞ ഒരു കൊല്ലത്തെ ശീലത്തിന്നു വിപരീതമായതുകൊണ്ടും ആയിരിയ്ക്കാം. ഈ കാലത്തു തൃപ്പൂണിത്തുറെ തീപ്പെട്ട വീരെളയതമ്പുരാൻ തിരുമനസ്സുകൊണ്ട് അവിടുത്തെ പഠിപ്പിയ്ക്കാമെന്ന് അരുളിച്ചെയ്തു. ഈ വീരെളയതമ്പുരാന്നു വളരെ കാലമായിട്ട് അവിടുത്തെ പേരിൽ പ്രത്യേകമായിരുന്നു. അവിടുന്നു മലയാളം മുഴുവനും പ്രസിദ്ധികേട്ട ഒരാളും

ആയിരുന്നു. തിരുമനസ്സിലെ അനുജനായ തീപ്പെട്ട എളയതമ്പുരാനും പഠിയ്ക്കുവാൻ ഒരുമിച്ചുണ്ടായിരുന്നു. വീരെളയതമ്പുരാന് കൊച്ചുതമ്പുരാക്കന്മാരെ പഠിപ്പിയ്ക്കുന്നതിൽ സ്വന്തം വിദ്യാഭിവൃദ്ധികൂടി ഉദ്ദിഷ്ടമായിരുന്നു. പാറമേക്കാവിൽ രാമൻനമ്പ്യാരെയും സഹായത്തിന്നായി അവിടുന്നു വരുത്താറുണ്ട്. നമ്പ്യാക്ക് വലിയ വ്യുല്പത്തി ഒന്നും ഇല്ലായിരുന്നു എങ്കിലും ആദിപാഠം നടത്തുന്നതിൽ മിടുക്കനായിരുന്നു.

വീരെളയതമ്പുരാനും തിരുമനസ്സുകൊണ്ടും സഹോദരൻമാരുടേയും സഹോദരിമാരുടേയും മക്കളാണ്. അവർ രണ്ടുപേരും കുറേക്കാലം ഒരുമിച്ചു കളിച്ചുനടന്നിട്ടും ഉണ്ട്. ഈ തമ്പുരാക്കന്മാർ തമ്മിൽ വിശേഷിച്ചു കൂട്ടുകെട്ടുമായിരുന്നു. ഈ ഒരു പ്രത്യേകസ്നേഹം വീരെളയതമ്പുരാൻ തീപ്പെടുന്നതുവരെ ഭേദംകൂടാതെ നിലനിന്നിട്ടുമുണ്ട്. ആ തിരുമനസ്സിലെ അടുക്കൽ അവിടുന്നു മൂന്നു കൊല്ലത്തോളം സംസ്കൃതം പഠിച്ചു. അന്നേയ്ക്ക് ഒരു വിധം ലോകവ്യുല്പത്തിയുമായി. നമ്പ്യാക്കും വീരെളയതമ്പുരാൻ തിരുമനസ്സിലേയ്ക്കും അറിയാവുന്നേടത്തോളം ഇവിടെയ്ക്കും അറിയാറായി.

## തിരുമാടംപുറപ്പാടു കഴിഞ്ഞതിന്റെ ശേഷം

തിരുമനസ്സിലെ തിരുമാടം പുറപ്പാടിനു (ഉപനയനത്തിനു) മുഹൂർത്തം നിശ്ചയിച്ചപ്പോൾ കുളികൃഷ്ണവാരിയരോടു തല്ക്കാലലക്ഷണംകൂടി പറയണമെന്നാവശ്യപ്പെട്ടിട്ടുണ്ടായിരുന്നു. "കുട്ടിയെ എടുത്തു കൊണ്ട് ഒരാൾ കിഴക്കുനിന്നു കടന്നു വടക്കുപുറെ ഒരു ദ്വാരസമീപത്തിൽ വന്നുനില്ക്കും" എന്നു കുളികുഞ്ചുവാരിയരോടു കൃഷ്ണവാരിയര് പറഞ്ഞയച്ചു. അതുപോലെതന്നെ ഗർഭിണിയായ ഒരു നമ്പിഷ്ഠാതിരി മുഹൂർത്തസമയത്തു വന്നു നില്ക്കുകയുണ്ടായിട്ടുണ്ട്. തിരുമാടം പുറപ്പാടു കഴിഞ്ഞ് ആറുമാസത്തിനു ശേഷം (പള്ളിഭജനക്കാലത്ത്) തിരുമനസ്സിലേയും തീപ്പെട്ട എളയതമ്പുരാൻ തിരുമനസ്സിലേയും ശ്രീശേഷാചാര്യരുടെ അടുക്കൽ പഠിപ്പുവനാക്കി. ശേഷാചാര്യർ കോവിലകത്തു സഭാപണ്ഡിതനായിരുന്നു. അദ്ദേഹം തർക്കത്തിൽ വളരെ നിപുണനും വ്യാകരണത്തിൽ അറിവുള്ള ആളും ആയിരുന്നു. ആചാര്യരുടെ പഠിപ്പുതന്നെ വളരെ നിഷ്കർഷയായിട്ടാണ് ഉണ്ടായിട്ടുള്ളത്. സ്വഭാവത്തിന്നും വിശേഷമുണ്ട്. ചുരുക്കി പറയുന്നതായാൽ അദ്ദേഹത്തിനൊപ്പോലെ ത

ക്വിഷയത്തിൻെറ അവഗാഹം ദക്ഷിണഖണ്ഡത്തിൽ അന്നു മറെറാരാൾക്കും ഉണ്ടായിരുന്നില്ല.

കുറച്ചു ദിവസത്തെ പരിചയംകൊണ്ടുതന്നെ സംസ്കൃതപാഠം അത്ര എളുപ്പമല്ലെന്നും വളരെ ക്ലേശിച്ചും മനസ്സിരുത്തിയും സാധിയ്ക്കേണ്ടതാണെന്നും മനസ്സിലായി. എന്നാൽ തിരുമനസ്സിലേയ്ക്കു പാഠത്തിൽ അത്ര ആവേശം ഉണ്ടായിരുന്നില്ല. അന്നുള്ള തമ്പുരാക്കന്മാർ സാധാരണ നേരംപോക്കായിട്ടാണ് കഴിഞ്ഞുകൂടിയിരുന്നത്. അവൎക്കുണ്ടായിരുന്ന അറിവിൽ ഒട്ടും കുറവായിരുന്നില്ല തിരുമനസ്സിലെ അറിവ്. അതും ഈ ഉദാസീനതയ്ക്കു് ഒരു കാരണമായിരുന്നു.

പിന്നത്തെ മൂന്നു കൊല്ലമായിട്ടു പാഠത്തിന്നുള്ള അമാന്തം അക്കാലത്തെ ദിനചൎയ്യയിൽനിന്ന് അറിയാവുന്നതാണ്. അഞ്ചുമണിയ്ക്കു പള്ളിക്കുറുപ്പ് ഉണൎന്ന് ആറു മണിയ്ക്കു നീരാട്ടുകുളി കഴിച്ച് എട്ടുമണിവരെ പള്ളിത്തേവാരം ആയിരിയ്ക്കും. എട്ടുമണി കഴിഞ്ഞാൽ അമൃതേത്തായി. പിന്നെ ഏകദേശം പന്ത്രണ്ടുമണിവരെ ചതുരംഗമായിട്ടു കഴിയും. അതിന്നുശേഷം മൂന്നുമണിവരെ കളിക്കോട്ടയിൽ എഴുന്നെള്ളി വെറുതെ സംസാരിച്ചു സമയം കളയും. അഞ്ചുമണിവരെ പിന്നെയും ചതുരംഗം തന്നെ. അതിന്നുശേഷം കുതിരസ്സവാരിയ്ക്കെഴുന്നള്ളുകയായി. ആറുമണിയ്ക്കു ശേ

ഷം നീരാട്ടുകുളി മുതലായതു കഴിഞ്ഞാൽ ഏഴ മണിക്കു അമൃതേത്തിന്നെഴുന്നള്ളും. ഒയ്മ്പതു മണിക്കു പള്ളിക്കുറുപ്പിന്ന് എഴുന്നെള്ളും. തൃപ്പൂണിത്തുറെ തീപ്പെട്ട വീരെളയതമ്പുരാൻ തിരുമനസ്സിലെ ദിനചര്യയും അക്കാലത്ത് ഏകദേശം ഇതുപോലെ തന്നേയായിരുന്നു. അത്താഴം അമൃതേത്തിന്നു മുമ്പുള്ള സമയം സാധാരണയായി അവിടുത്തെ അടുക്കലാണ് തിരുമനസ്സുകൊണ്ടു കഴിച്ചുവരാറ്. അവിടെ പടതോൾ വിദ്വാൻ നമ്പൂതിരിപ്പാട്, ചേന്നാസ്സ് നാരായണൻനമ്പൂതിരിപ്പാട് മുതലായ മഹാന്മാർ യോഗംകൂടുന്ന ഒരു സമയമാണ് അത്. ശ്ലോകാൎത്ഥം പറയുക, രസമായിട്ടുള്ള വൎത്തമാനങ്ങൾ പറയുക മുതലായവയായിരിക്കും അവിടെയുള്ള വെടിവട്ടം. വേനൽകാലം രണ്ടുമാസം ചൊവ്വരേയോ പഴയ കുന്നിന്മേൽ ബങ്കളാവിലോ ആയിരിക്കും എഴുന്നള്ളിത്താമസിക്കുക. ആകാലത്തു സവാരിയുടെ നേരംകൂടി ചതുരംഗമാടിട്ടു കഴിക്കുമെന്നു മാത്രമേ ദിനചൎയ്യയിൽ ഒരു ഭേദമുള്ളു. ഈയിടക്കു ചതുരംഗത്തിലും കുതിരസ്സവാരിയിലും തിരുമനസ്സുകൊണ്ട് അസാമാന്യമായ നൈപുണ്യം സമ്പാദിച്ചു 1045; 46 കാലത്തു തിരുമനസ്സുകൊണ്ടും തീപ്പെട്ട എളയതമ്പുരാൻ തിരുമനസ്സുകൊണ്ടുംകൂടി കരൂർ സ്വാമിയാരെ കണ്ടു ഒരു മന്ത്രോപദേശം വാങ്ങുകയുണ്ടായിട്ടുണ്ട്.

ഇതിൽ നിന്നൊരു മാററം വരത്തക്കവണ്ണം 1045-ൽ ഒരു സംഭവം ഉണ്ടായി. തൃപ്പൂണിത്തുറെ പുത്തൻ മാത്തിൽ "ഞെരഞ്ഞി" എന്നും, "ആശാൻ" എന്നും വിശേഷാൽ പേരുകളുള്ള കൊച്ചുണ്ണിത്തിരുപ്പാട് തിരുമനസ്സിലേയും തീപ്പെട്ട എളയതമ്പുരാൻ തിരുമനസ്സിലേയും ഒരുമിച്ചു കളിച്ചുനടന്നിരുന്ന ഒരാളായിരുന്നു. അദ്ദേഹത്തിന്നു ബുദ്ധി സാമാന്യക്കാരിലധികമില്ലെങ്കിലും അഭിമാനം സാമാന്യത്തിലധികമുണ്ടായിരുന്നു. തിരുമേനികളേക്കാൾ സംസ്കൃതത്തിൽ അറിവു കൂടുമെന്നായിരുന്നു തിരുപ്പാടിന്റെ വിചാരം. തിരുമേനികൾ ശേഷാചാര്യരുടെ അടുക്കൽ പഠിപ്പാൻ തുടങ്ങിയപ്പോൾ തിരുപ്പാട്, ദളവായും സഭാപണ്ഡിതനും ആയിരുന്ന രങ്കപ്പാചാര്യരുടെ അടുക്കലും പഠിപ്പാൻ തുടങ്ങി. തിരുപ്പാട് വളരെ ക്ലേശിച്ച് പഠിച്ചിരുന്നതുകൊണ്ടു കുറെ അറിവു സമ്പാദിച്ചു. തിരുമേനികളുടെ അമാന്തംകൊണ്ടു പാഠത്തിന്നു ന്യൂനത ഉണ്ടായിരുന്നതിനാൽ തിരുമേനികളെക്കാൾ മേലെയാണ് താൻ എന്നായിരുന്നു തിരുപ്പാടിന്റെ പക്ഷം. കുറെയൊക്കെ സമ്മതിയ്ക്കാതെ നിവൃത്തിയില്ലാതെയും തീർന്നു. ഇതു തിരുമേനികൾക്കു സഹിച്ചില്ല. ഈ കാലത്താണ് തിരുമനസ്സിലേയ്ക്കു പുതിയതായി പണിയിപ്പിച്ച കോവിലകത്തെയ്ക്കു മാറിയെഴുന്നെള്ളി താമസി

ച്ചത്. 43 മുതൽ 45 വരെ തിരുമനസ്സുകൊണ്ടു സാക്ഷാൽ അമ്മതമ്പുരാൻ കോവിലകത്തിന്റെ പടിക്കലുള്ള കിഴക്കേകോവിലകം എന്നു പറയുന്ന സ്ഥലത്തിന്റെ കിഴക്കെ ഭാഗത്താണ് എഴുന്നെള്ളി താമസിച്ചിരുന്നത്. പുതിയ കോവിലകത്തു സ്ഥലസൌകര്യം ധാരാളം ഉണ്ടായിരുന്നു. അവിടെ എഴുന്നെള്ളി താമസം തുടങ്ങിയ ഉടനേതന്നെയാണ് തിരുപ്പാടായിട്ടുള്ള സ്വസ്ഥ്യം എടവന്നത്. അന്നുമുതൽ തക്കം നിഷ്ഷയായി പഠിയ്ക്കുവാൻ തുടങ്ങി. ഒരുമിച്ച സഹപാഠികളായിട്ടു തീർപ്പെട്ട എളയതമ്പുരാൻ തിരുമനസ്സുകൊണ്ടും പാടിവട്ടത്തു നാരായണൻ നമ്പൂതിരിയും "കറുത്തോപ്പ്" എന്നു വിളിച്ചുവന്നിരുന്ന ചാഴൂർകോവിലകത്തു കൊച്ചുണ്ണിത്തമ്പാനും ഉണ്ടായിരുന്നു. പാഠം തുടങ്ങി അധികതാമസം കൂടാതെ ആചാര്യരുടെ ഗൃഹത്തിൽ ഒരു ആപത്തുണ്ടായ കാരണം പാഠത്തിന്നു കുറച്ചു വിഘ്നം വന്നു. അതുകൊണ്ടു 'മുക്താവലി' കഴിയുവാൻ ഒരു കൊല്ലത്തിൽപരം വേണ്ടിവന്നു. എന്നാൽ അതു നിഷ്ഷയായി പഠിച്ചു. 'ദിനകരം' പഠിയ്ക്കുന്ന കാലത്തും ചില വിഘ്നങ്ങൾ വന്നതു കാരണം അത് അവസാനിപ്പാനും പതിനെട്ടു മാസത്തിൽ അധികം വേണ്ടിവന്നു. എങ്കിലും പാഠം കഴിഞ്ഞപ്പോൾ കമ്പോടുകമ്പ് ഹൃദിസ്ഥമായി. 'ശാബ്ദബോധ'ത്തിൽ

പ്രത്യേകം അഭിരുചിയും ഉണ്ടായി. 'വ്യുൽപ്പത്തിവാദം പഠിച്ചു തുടങ്ങി കുറച്ചു കഴിഞ്ഞപ്പോൾ തീപ്പെട്ട എളയതമ്പുരാൻ തിരുമനസ്സിലേയ്ക്കു' അതിൽ മുഷിച്ചിൽ തോന്നി അവിടന്നു ഭീമാചാര്യരുടെ അടുക്കൽ അനുമാനഖണ്ഡം പഠിക്കുവാൻ തുടങ്ങി. അന്നുമുതല്ക്കാണ് രണ്ടു തമ്പുരാക്കന്മാരുടേയും പാഠം വേറെയായത്. അതിൽ പിന്നെ ഒരുമിച്ചു പാഠം ഉണ്ടാവാനും ഇടവന്നിട്ടില്ല.

'വ്യുൽപ്പത്തിവാദം' കൊണ്ടുപിടിച്ചു പഠിച്ചുകൊണ്ടിരിക്കുമ്പോൾ 52 ചിങ്ങം ആദ്യം തിരുമനസ്സിലേയ്ക്കു കഠിനമായ ദീപനക്ഷയം, ഇടക്കിടയ്ക്കു മാറാത്ത ദുസ്സഹമായ വേദന, രുചിക്ഷയം, പള്ളിക്കുറുപ്പില്ലായ്മ, ക്ഷീണം മുതലായ അസഹ്യതകളെക്കൊണ്ടു തിരുമേനി സൌഖ്യം തീരെ ഇല്ലാതായിത്തീൎന്നു. ഈ ഉപദ്രവങ്ങൾ തുടങ്ങിട്ടും പാഠം മതിയാക്കിയില്ല. ദീനം ക്രമത്തിൽ വൎദ്ധിച്ചുതുടങ്ങി. എളേടത്തു തെയ്ക്കാട്ട് ഇട്ടീരിമൂസ്സ് പറഞ്ഞിട്ടു പാഠം തന്നെ നിൎത്തേണ്ടതായി. വന്നു. ശീലായ്മ തുടങ്ങിയതു മുതൽ 53 വൃശ്ചികം വരെ അദ്ദേഹത്തിൻെറ ചികിത്സയായിരുന്നു. എന്നിട്ടും ശീലായ്മ ക്രമത്തിൽ വൎദ്ധിച്ചതേയുള്ളു. ഒടുക്കം ഗന്ധൎവ്വരുടെ ചികിത്സയായിക്കളയാമെന്നു തീൎച്ചയാക്കി ധനുമാസത്തിൽ എറണാകുളത്തേയ്ക്കു എഴുന്നള്ളി. ഒ

രാഴ്ചവട്ടംകൊണ്ടുതന്നെ രുചിയ്ക്കു ഗുണം കിട്ടി. ഈ ഗുണം ക്രമേണ കണ്ടുകൊണ്ടു വന്നിരുന്നപ്പോഴാണ് തിരുമനസ്സിലേയ്ക്കു തൃപ്പൂണിത്തുറെയ്ക്കു തിരിയെ എഴുന്നള്ളേണ്ടതായി വന്നത്. അവിടത്തെ മൂത്തസഹോദരിയായ കൊച്ചിക്കാവു തമ്പുരാന്റെ ദീനം മൂർച്ഛിച്ചു വൈഷമ്യത്തിലാകേണ്ടുന്ന ദിക്കായി. തൃപ്പൂണിത്തുറെയ്ക്കു് എഴുന്നള്ളി രണ്ടാഴ്ചവട്ടം കഴിഞ്ഞ് 53 മകരം 14-ാംനു- കൊച്ചിക്കാവുതമ്പുരാൻ തീപ്പെട്ടു. അവിടെയ്ക്കു് ഒരു പെൺവഴിതമ്പുരാനും നാല് ആൺവഴി തമ്പുരാക്കന്മാരും ഉണ്ടായിരുന്നു. എല്ലാവരേക്കാൾ മൂത്ത പെൺവഴി തമ്പുരാന് എട്ടു വയസ്സും ഒടുക്കത്തെ കൊച്ചുതമ്പുരാനു രണ്ടു വയസ്സും മാത്രമേ ആയിരുന്നുള്ളു. ഈ ഒരത്യാപത്തും കിടാങ്ങളെ രക്ഷിപ്പാനുള്ള ഭാരവും നിമിത്തം തിരുമനസ്സിലെ ശീലായ്മ രണ്ടാമതും വർദ്ധിച്ചു. എറണാകുളത്തേയ്ക്കു രണ്ടാമതും എഴുന്നള്ളി ഗന്ധരുടെ ചികിത്സ തുടങ്ങി. എന്നാൽ മുമ്പിലത്തെപ്പോലെ അത്ര വേഗത്തിൽ ഗുണം കണ്ടിരുന്നില്ല. എങ്കിലും ഭേദമുണ്ടായിരുന്നു. ആ മീനം, മേടം കാലം ചൊവ്വരെയാണ് എഴുന്നള്ളി താമസിച്ചത്. പിന്നെ ഒരു കൊല്ലത്തേയ്ക്കു തൃപ്പൂണിത്തുറായും എറണാകുളത്തുമായിട്ടു കഴിഞ്ഞു. ഇക്കാലത്തു ശീലായ്മയ്ക്കു വളരെ ഭേദം കണ്ടു. വേദന ഒട്ടും ഇല്ലാതായി.

രുചിയും ഉറക്കവും നേരെയായി. 1054 കട്ടവോട കൂടി തീരെ സുഖമാവുകയും ചെയ്തു.

1052, 53, 54 ഈ കാലങ്ങളിൽ പാഠം തീരെ ഉണ്ടായിരുന്നില്ല. എന്നാൽ ഒന്നൊന്നരക്കൊല്ല ത്തോളം ഇംഗ്ലീഷ് എഴുത്തുകൾ എഴുതുവാൻ ശീലി ച്ചിരുന്നു. "ഡിക്കൻസ് നോവൽസ്" "അറേബിയൻ നൈറ്റ്സ്" മുതലായി എളുപ്പമായ ചില പുസ്തകങ്ങ ളാണ് വായിച്ചിരുന്നത്. ശീലായ്മ തീരെ മാറിയ പ്പോൾ സംസ്കൃതപാഠം രണ്ടാമതു തുടങ്ങുവാൻ ഉത്സാ ഹിച്ചു. വളരെ ബുദ്ധിമുട്ടാൻ ശക്തിയുണ്ടായിരുന്നില്ല. എന്നിട്ടും "ഗദാധരീയം" മുതലായ ഉപരിഗ്രന്ഥങ്ങ ൾ ഒരു മട്ടിൽ പഠിച്ചുകൊണ്ടിരുന്നു.

1054 എടവത്തിന്നു ശേഷം തിരുമനസ്സിലെ അമ്മയ്ക്കു് അവിടുന്നു സംബന്ധം തുടങ്ങി കണ്ടാൽ കൊള്ളാമെന്ന് അഭിപ്രായം ജനിച്ചു. എന്നാൽ അ വിടത്തെ ദേഹസ്ഥിതിയും പാഠത്തിന്നു വരാവുന്ന വി ഘ്നവും അന്നത്തെ വലിയ തമ്പുരാൻ തിരുമനസ്സു കൊണ്ടു ബ്രഹ്മചര്യം അനുഷ്ഠിച്ചുകൊണ്ടിരുന്നതും ആ ലോചിച്ച് ഈ കാര്യത്തിൽ തിരുമനസ്സിലേക്കു് ഏ ർപ്പെടുവാൻ കുറച്ചു മടിയുണ്ടായിരുന്നു. എങ്കിലും 55 വൃശ്ചികത്തിൽ, അന്നു ശിരസ്തേദാരായിരുന്ന എടക്കു ന്നി ഇട്ടിയുഴുത്രവാരിയരുടെയും കോമരത്തു കുഞ്ഞി

ക്കാളി അമ്മയുടേയും മകളായ പാറുക്കുട്ടിഅമ്മയെ നേത്ത്യാരാക്കി. അവർ സുന്ദരിയും പാട്ടുകാരത്തിയും ആയിരുന്നു. പാറുക്കുട്ടിഅമ്മെക്കു് അന്നു 16 വയസ്സു പ്രായമാണു്. അവിടേയ്ക്കു നേത്ത്യാരമ്മയുടെ പേരിലും അവക്കു തിരുമനസ്സിലെ പേരിലും വളരെ പ്രത്യേകമായിരുന്നു.

ആ മേടത്തിൽ വീരെളയ തമ്പുരാൻ തീപ്പെട്ടു. അവിടുന്നു 4-ാംകൂറായി. വീരെളയതമ്പുരാൻ തീപ്പെട്ടതോടുകൂടി അവിടെയ്ക്കു വേണ്ടതു പറഞ്ഞുകൊടുക്കുവാൻ തക്കതായ ഒരാളും ഇല്ലാതായി. 56 തുലാത്തിൽ പാറുക്കുട്ടി അമ്മയും മരിച്ചു. അടുത്തടുത്തുണ്ടായ ഈ രണ്ടാപത്തും കൂടി അവിടേയ്ക്കു വളരെ മനശ്ശല്യത്തിന്നിടയാക്കിത്തീൎത്തു എങ്കിലും സംസ്കൃതപാഠത്തിലുള്ള ആസക്തികൊണ്ടു് ഈ ദുഃഖം സഹ്യമായിത്തീൎന്നു. ഈ കാലത്താണു് ആചാൎയ്യരുടെ അടുക്കൽ വ്യാകരണം പഠിയ്ക്കുവാൻ തുടങ്ങിയതു്. തീപ്പെട്ട എളയതമ്പുരാൻ തിരുമനസ്സുകൊണ്ടു് അക്കാലത്തു സംസ്കൃതപാഠം മതിയാക്കി ഇംഗ്ലീഷു പഠിയ്ക്കുവാൻ എറണാകുളത്തേയ്ക്കു് എഴുന്നള്ളി ഈ കാലം ഏകദേശം മൂന്നു കൊല്ലത്തോളം ഉണ്ടായിട്ടുണ്ടു്. തിരുമനസ്സുകൊണ്ടു വ്യാകരണത്തിൽ നല്ല വ്യുല്പത്തി സമ്പാദിച്ചു. 59 മിഥുനം മുതൽ മൂന്നുമാസം കൂടല്ലൂർ കു

ഞ്ചുണ്ണിനമ്പൂതിരിപ്പാട്ടിലെ അടുക്കൽ മനോരമ പഠിച്ചു. ൬൨-ൽ കൂടല്ലൂർ കുഞ്ചുണ്ണിനമ്പൂതിരിപ്പാടു മരിച്ചില്ലായിരുന്നുവെങ്കിൽ കുറെക്കൂടി പഠിച്ചേനെ. പക്ഷേ വ്യുൽപ്പത്തിയായതുകൊണ്ടു സാധാരണ വ്യാകരണഗ്രന്ഥം നോക്കി അൎത്ഥം ഉണ്ടാക്കാൻ പ്രയാസമില്ലാതായി. തൎക്കസഹായംകൊണ്ടു പഠിച്ചിട്ടില്ലെങ്കിലും പൂൎവ്വോത്തരമീമാംസകന്മാർ സഭയിൽ പറയുമ്പോൾ മനസ്സിലാക്കുവാനും പൂൎവ്വപക്ഷങ്ങൾ ചെയ്യാനുംകൂടി അവിടേയ്ക്കു സാധിച്ചു.

ജാതകംകൊണ്ടു ദ്വാത്രിംശത്ത് ഉണ്ടെന്നു കണ്ടിട്ടു പടുതോൾ വിദ്വാൻ നമ്പൂതിരിപ്പാട്ടിലെ അഭിപ്രായപ്രകാരം തിരുമനസ്സുകൊണ്ടു തിരുവഞ്ചിക്കുളത്തു പള്ളിബ്ഭോജനം തുടങ്ങി. 29-ാമത്തെ വയസ്സിൽ അവിടുന്നു തൃശ്ശിവപേരൂരും പള്ളിബ്ഭോജനമുണ്ടായിട്ടുണ്ട്.

അന്നു കൊച്ചുതമ്പുരാക്കന്മാരുടേയും തമ്പുരാട്ടിമാരുടേയും സംസ്കൃതപഠനം വളരെ അമാന്തത്തിലായിരുന്നു. അതു കണ്ടിട്ട് അവിടുന്നും അടുത്ത അനുജന്മാർ രണ്ടുപേരും കൂടി സ്വന്തചിലവിന്മേൽ 1060 കൎക്കിടകം 3-ാംനു- തൃപ്പൂണിത്തുറെ ഒരു പാഠശാല ഏൎപ്പെടുത്തി. കുറച്ചു കാലം കഴിഞ്ഞിട്ടു പാഠശാല സൎക്കാരു വകയാക്കി. പക്ഷേ പരിപാലിക്കേണ്ട ഭാരം

തിരുമേനികൾക്കുതന്നെയായിരുന്നു. തിരുമൂപ്പു കിട്ടുന്നതുവരെ അവിടുന്നുതന്നെയാണ് പാഠശാലയുടെ യോഗക്ഷേമം നോക്കിയിരുന്നത്. അവിടുത്തെ ഗുരുവിന്റെ നാമത്തെ അവലംബിച്ച് "ശ്രീശേഷാചാര്യപാഠശാല" എന്നു പാഠശാലയ്ക്കു പേരും ഇട്ടിരുന്നു. ആ പാഠശാലയിൽ പ്രത്യേകിച്ചു പഠിപ്പിക്കേണ്ടുന്ന ആവശ്യത്തിലേയ്ക്കായി തിരുമനസ്സുകൊണ്ടു "ബാലബോധിനി" എന്ന ഒരു സംസ്കൃതബാലപാഠപുസ്തകം ഉണ്ടാക്കി അച്ചടിപ്പിച്ചിട്ടുണ്ട്. കൊടുങ്ങല്ലൂർ ചെറിയ കൊച്ചുണ്ണിത്തമ്പുരാൻ ഉണ്ടാക്കിയ "ദേഹാമൃതം" എന്നൊരു പുസ്തകംകൂടി പഠിപ്പിച്ചിരുന്നു.

ഇപ്പോൾ പെൻഷ്യൻ വാങ്ങിയിരിയ്ക്കുന്ന സി. അച്ചുതമേനോൻ കളിക്കോട്ടയിൽ പഠിപ്പിയ്ക്കുവാൻ തുടങ്ങിയ കാലം മുതൽ ഒന്നിൽ ചില്വാനം കൊല്ലത്തോളം തിരുമനസ്സുകൊണ്ടു മേനവന്റെ അടുക്കൽ ഇംഗ്ലീഷു പഠിച്ചു.

1060-ൽ ആറാന വീണു കൊട്ടിളിൽ ആക്കി എന്നു കേട്ടിട്ടു ഗയയിൽ തീൎപ്പെട്ട വീരെളയതമ്പുരാൻ തിരുമനസ്സുകൊണ്ടും അവിടുന്നുംകൂടി കൊമ്പമ്പാറയ്ക്കു് എഴുന്നള്ളി. അവിടെ അന്നു കൺസർവേററരായിരുന്ന കോലപ്പസായ്വിന്റെ ബെങ്കളാവിൽ നിന്നു നോക്കിയപ്പോൾ പുഴയുടെ കാഴ്ച വളരെ വി

ശേഷമായി തോന്നി. പിറെറക്കൊല്ലം ഒരുമാസം അവിടെ എഴുന്നള്ളി താമസിച്ചു. സ്ഥലം നോക്കി നടന്നെഴുന്നള്ളുമ്പോഠം കാഞ്ഞിരപ്പിള്ളി കാണാനിടയായി. അവിടെ ഒരു കോവിലകം പണിയിയ്ക്കുവാൻ ഉറച്ചു. 1062-ൽ സായ്പു മുഖാന്തിരംതന്നെ വേണ്ട ഏപ്പാടുകഠം ചെയ്തു. ആ കന്നിയിൽ വീരെളയതമ്പുരാൻ ഗയയിൽ വെച്ചു തീപ്പെട്ടു. അവിടേയ്ക്കു

കുറുവാഴ്ചയായി.

1063-ൽ കാഞ്ഞിരപ്പിള്ളി ബംഗ്ലാവു പണി തീൎന്ന് ആ മീനത്തിൽതന്നെ അവിടെ എഴുന്നള്ളി താമസം തുടങ്ങി. എടവം 10-ാംനു-വരെ അവിടെ എഴുന്നള്ളി ത്താമസിച്ചു. ആ മിഥുനത്തിൽ വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു തീപ്പെട്ടു.

അവിടുന്നു എളയതമ്പുരാനായി.

64-ാമാണ്ടു തുലാമാസത്തിൽ അവിടുന്നു തൃശ്ശിവപേരൂക്ക് വലിയതമ്പുരാൻ തിരുമനസ്സിലെ കല്പനപ്രകാരം ത്രിസന്ധ തുടങ്ങിയ്ക്കുവാൻ എഴുന്നള്ളി. അവിടെ എഴുന്നള്ളി താമസിയ്ക്കുന്ന കാലത്തു പലപ്പോഴും അവിടുന്നു കുതിരപ്പുറത്തു സവാരിയ്ക്കെഴുന്നള്ളാറുണ്ട്. ഒരിയ്ക്കൽ തൃപ്പിക്കാരായിട്ടു കുതിരമത്സരവുംകൂടി ഉണ്ടായിട്ടുണ്ട്. ഈ വേനൽക്കാലത്തു കാഞ്ഞിരപ്പിള്ളിയിൽ എഴുന്നള്ളി താമസിയ്ക്കുമ്പോഠം നാലുനാഴിക

യോളം കിഴക്കു ചൊരത്തുംവാതുക്കൽ എന്ന സ്ഥല
ത്ത് എഴുന്നള്ളി പുഴവക്കത്തു മാടംകെട്ടി പാറപ്പുറ
ത്ത് അമൃതേത്തുമായി മൂന്നുദിവസം വനവാസസുഖം
അനുഭവിയ്ക്കുയുണ്ടായി. ആ കൊല്ലം പൂരത്തിന്ന് എഴു
ന്നള്ളിയപ്പോൾ തിരുമനസ്സിലെവക ത്രിസന്ധ്യസദ്യ
യും കേമമായുണ്ടായി. പൂരം കഴിഞ്ഞു തിരുമനസ്സു
കൊണ്ടു തിരിയെ എഴുന്നള്ളി. 65-ൽ തിരുമനസ്സു
കൊണ്ടു കിഴക്കെ വലിയതമ്പുരാൻ കോവിലകത്തേ
യ്ക്കു മാറി എഴുന്നള്ളി താമസംതുടങ്ങി. ആ കൊല്ല
ത്തിൽ പാലപ്പിള്ളി കൊപ്പത്തിൽ 7 ആന വീണു എ
ന്നു കേട്ടിട്ട് അങ്ങോട്ടു കാണുവാനായിട്ട് എഴുന്നള്ളി.
അവിടേയ്ക്കു നായാട്ടിന്നു വളരെ മോഹമാണ്. വെടി
വെയ്ക്കുവാൻ നല്ല ശീലവും ഉണ്ട്. 67-ാമാണ്ടു തിരുമ
നസ്സുകൊണ്ടു തിരുവില്വാമല വഴി നെല്ലിയാംപതി
യ്ക്ക് എഴുന്നള്ളി. അവിടെ എഴുന്നള്ളി താമസിച്ചിരു
ന്ന ദിക്കിൽനിന്നു പത്തുനാഴിക അകലെയുള്ള 'ചൂരി
പ്പാറ' എന്ന സ്ഥലത്തുവെച്ച് ഒരു കാട്ടുപോത്തിനെ
വെടിവച്ചു. അതിൻെറ തല പഞ്ഞിനിറച്ചു തൂശ്ശിവ
പേര് വിയ്ക്ടർ പാക്കിൽ മുമ്പുണ്ടായിരുന്ന കാഴ്ചബങ്ക
ളാവിൽ വച്ചിട്ടുണ്ടായിരുന്നു. ഇപ്പോൾ സാമാനങ്ങൾ
ലേലം വിററ കൂട്ടത്തിൽ ഇതും വിററുപോയിരിയ്ക്കുന്നു.
ഈ യാത്രയോടുകൂടിത്തന്നെയാണ് അവിടുന്നു കിഴ

ക്കൻ ചിററൂക്കും എഴുന്നള്ളീട്ടുള്ളത്. മൂലത്തറ മുതലാ യ അണകൾ നോക്കിക്കാണുകയും ഉണ്ടായിട്ടുണ്ട്. ആ യാത്രയിലാണ് അവിടുന്ന് ആദ്യം തീവണ്ടി കയറീട്ടുള്ളതും. 67-ാമാണ്ടിൽതന്നെ തൃപ്പൂണിത്തുറെ വെച്ച് അവിടത്തെ വകയായി അശോകവനികാങ്കവും നാഗാനന്ദവും കൂടിയാട്ടം ഉണ്ടായിട്ടുണ്ട്. അന്നു പൊതിയിൽ സാക്ഷാൽ നാരാണച്ചാക്യാരും ചെറുപരിഷ മാധവച്ചാക്യാരും ഉള്ള കാലമായിരുന്നു. അവർതന്നെയാണ് അന്നത്തെ കൂടിയാട്ടത്തിൽ പ്രധാനികൾ. മൂപ്പു കിട്ടുന്നതിന്നുമുമ്പു തിരുമനസ്സിലേയ്ക്കു കീലത്തിൻെറ ഉപദ്രവത്തിന്നു രണ്ടുതവണ ക്ഷാരം വയ്ക്കുകയുണ്ടായിട്ടുണ്ട്. ഒന്ന് 59-ലും. മറേറത് ഈ കൂടിയാട്ടക്കൊല്ലവുമാണ്.

ചിങ്ങമാസത്തിൽ തീപ്പെട്ട വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ട് 68-ൽ കാശിയ്ക്കെഴുന്നള്ളുന്ന സമയം തിരുമനസ്സുകൊണ്ട് അനുയാത്രയായി ചെറുതുരുത്തിവരെ എഴുന്നള്ളുകയും വലിയതമ്പുരാൻ തിരിയെ എഴുന്നള്ളുമ്പോൾ എതിരേല്ക്കുവാൻ തിരുമനസ്സുകൊണ്ടു 'വെല്ലൂർ'വരെ എഴുന്നള്ളുകയും അവിടെയുള്ള പ്രധാനമായ ജെയിൽ എഴുന്നള്ളി കാണുകയും ഉണ്ടായിട്ടുണ്ട്.

68 തുലാത്തിൽ അവിടുന്ന് ഇട്ട്യാണത്തു പാറു

കുട്ടി അമ്മയെ നേത്ര്യാരമ്മയാക്കി. എളയതമ്പുരാനായിരുന്ന കാലത്തു തിരുമനസ്സിലേയ്ക്കു പറയത്തക്ക ശീലായ്മയൊന്നും ഉണ്ടായിട്ടില്ല. ദിനചര്യ ഇപ്രകാരമാണ്. പള്ളിത്തേവാരം കഴിഞ്ഞാൽ കൌമുദി പഠിച്ചുചൊല്ലുക, എട്ടരമണിയ്ക്കു് അമൃതേത്തു, പിന്നെ ഒരു മണിക്കൂറുനേരം നമ്പൂരിമാരുമായി വെടിവട്ടം. പിന്നെ പഠിയ്ക്കുവാനുള്ളതു നോക്കുകയായി. 11 മുതൽ ഒരുമണിവരെ കൊച്ചമ്മാമൻതമ്പുരാനെയും ചെറിയ കുഞ്ഞുണ്ണിത്തമ്പുരാനെയും തക്കം പഠിപ്പിയ്ക്കും. ഈ തമ്പുരാക്കന്മാർ ദിനകരം തുടങ്ങിയപ്പോഴ് എടമന കുഞ്ഞൻനമ്പൂതിരിപ്പാട്ടിന്നും ഒരുമിച്ചുകൂടി. ഇവർ മഹാമഹോപാദ്ധ്യായ ശ്രീശംകോപാചാര്യരുടെ അടുക്കൽ വ്യുല്പത്തിവാദം പഠിച്ചിരുന്നതും അവിടത്തെ തിരുമുമ്പിൽവച്ചുതന്നെയാണ്. തിരുമനസ്സിലെ എടനേരം അമൃതേത്തു കഴിഞ്ഞാൽ ചിങ്ങമാസത്തിൽ തീപ്പെട്ട വലിയതമ്പുരാൻ തിരുമനസ്സിലെ അടുക്കലേയ്ക്കു് എഴുന്നള്ളുകയായി. വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു് ഇവിടത്തോടുകൂടി ആലോചിയ്ക്കാതെകണ്ടു് ഒരു കാര്യവും നടത്തിട്ടുണ്ടോ എന്നു സംശയമാണ്. സൎക്കാരുകാര്യങ്ങളിൽ തിരുമനസ്സുകൊണ്ടു പ്രവേശിച്ചു സ്വയാധികാരമായി തന്നെ എഴുത്തുകുത്തുകൾ നടത്തിട്ടുണ്ടു്. അന്നു് അവിടുന്നു ശരിയായിട്ടു

ഡയറിയും എഴുതിപ്പോന്നിരുന്ന കാലമായിരുന്നു. ഏകദേശം അഞ്ചുമണിവരെ തിരുമുമ്പിലായിട്ടുതന്നെ കഴിയും. പിന്നെ സന്ധ്യവരെ മാൻ, മയിൽ, കൊരങ്ങൻ തുടങ്ങിയ മൃഗങ്ങളെ കളിപ്പിയ്ക്കും. അവയെ കോവിലകത്തു മുററത്തുതന്നെ വളർത്തിയിരുന്നു. ഒന്നു രണ്ടു മയിലുകളും ഉണ്ടായിരുന്നു. പിന്നെ അന്ത്യാത്തായി. ഏഴുമണിയ്ക്കു് അമൃതേത്തു്. കുറെ വെടിപറഞ്ഞു 9 മണിയോടുകൂടി പള്ളിക്കുറുപ്പിനു് എഴുന്നള്ളും. ഈ കാലത്തു് അവിടുന്നു വലിയമ്മതമ്പുരാൻ കോവിലകത്തെ കാര്യംകൂടി നോക്കിയിരുന്നു. ഇത്രയൊക്കെ ജോലിയുണ്ടായിരുന്ന അന്നും തിരുമനസ്സുകൊണ്ടു് എടക്കു ചതുരംഗം വയ്പിയ്ക്കുകയും അവിടുത്തെ വക ശടക്കക്കാരൻ വെള്ളക്കുതിരയുടെ പുറത്തു സവാരിയ്ക്കെഴുന്നള്ളുകയും ചെയ്തുവന്നിരുന്നു. ശ്രീശേഷാചാര്യപാഠശാല തിരുമനസ്സുകൊണ്ടു് എഴുന്നള്ളിയിരിയ്ക്കുന്ന കോവിലകത്തു കൊമമളപ്പള്ളിയറയിലേയ്ക്കു മാററി. 71 ചിങ്ങം 27-ാംനു- അന്നത്തെ വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു തീപ്പെട്ടു. തിരുമനസ്സിലേയ്ക്കു മൂപ്പുകിട്ടി.

## തിരുമനസ്സിലേക്കു മൂപ്പു കിട്ടി.

1071 പള്ളിപ്പല കഴിഞ്ഞതിന്റെ ശേഷം തിരുമനസ്സിലേയ്ക്കു തീപ്പെട്ട തിരുമനസ്സിലെ പള്ളിദീക്ഷ തുടങ്ങി. . കൊച്ചിക്കോവിലകത്തുവെച്ച് ആ കന്നിയിൽ (1895 അക്ടോബർ 23-ാംനു-) ബ്രിട്ടീഷ് റസിഡണ്ട് തോംസൻ സായ്പായിട്ട് ഒരു കൂടിക്കാഴ്ചയുണ്ടാവുകയും ബ്രിട്ടീഷ് ഗവമ്മേണ്ടിന്റെ അനുമതിയോടുകൂടി തിരുമനസ്സുകൊണ്ടു ക്രമപ്രകാരം തിരുവാഴ്ച തുടങ്ങുകയും ചെയ്തു. ഇക്കാലത്തു സുബ്രഹ്മണ്യപിള്ളതന്നെയായിരുന്നു ദിവാൻ.

1072-ൽ തീപ്പെട്ട വലിയതമ്പുരാൻ തിരുമനസ്സിലെ തിരുമാസവും അവിടത്തെ പള്ളിദീക്ഷയും ചിങ്ങത്തിൽ കഴിഞ്ഞു. ധനുമാസത്തിൽ ദിവാൻ സുബ്രഹ്മണ്യപിള്ളയ്ക്കു് പെൻഷ്യനായി. രാജഗോപാലാചാര്യക്ക് ദിവാൻപണിയായി. ഉടനെ തന്നെ അസിസ്റ്റണ്ട് റസിഡന്റ്, ദിവാൻ, സർവ്വാധികാര്യക്കാർ മുതലായ ഉദ്യോഗസ്ഥന്മാരോടുകൂടി തിരുമനസ്സുകൊണ്ടു മദ്രാശിയിലേക്ക് എഴുന്നള്ളി. അവിടെ 20 ദിവസത്തോളം താമസിച്ചു. അന്ന് ഗവർണ്ണരായിരുന്ന ഹാവ്ലോക്ക് പ്രഭുവും, ഭാര്യയും, മററു പലേ യോഗ്യന്മായിട്ടു കൂടിക്കാഴ്ചയുണ്ടായി. മദ്രാശിയിൽ പലേ

സ്ഥലങ്ങളും എഴുന്നള്ളിക്കാണുകയും ഉണ്ടായിട്ടുണ്ട്. വിക്ടോറിയാ മഹാരാജ്ഞിയുടെ രാജ്യഭാരം 60 കൊല്ലം തികയുന്നതിനെ സംബന്ധിച്ച ജൂബിലി ആഘോഷവും ഈ കൊല്ലത്തിലാണ് നടന്നിട്ടുള്ളത്. ആ വിശേഷദിവസത്തിന്റെ ഓമ്മക്കായി എറണാകുളത്തു പൊതുവെ ഉള്ള ഒരു വായനശാലയും ടൌൺഹാളും ഏപ്പെടുത്തുവാനും തൃശ്ശിവപേരൂര് സ്ത്രീകൾക്ക് ഒരാസ്പത്രി പണിയിയ്ക്കുവാനും തീച്ചപ്പെടുത്തി. ഈ കൊല്ലത്തിൽ തന്നെയാണ് മുറക്കുള്ള ഒരു സവ്വെ തുടങ്ങുവാൻ ഉത്സാഹിച്ചത്. ജെയിലിൽ ഉണ്ടായിരുന്ന ചില ന്യൂനതകൾ തീക്കുവാനുള്ള ശ്രമവും ചെയ്തു തുടങ്ങി മലകൾ പരിശോധിക്കുവാനായി മദിരാശി ഗവമ്മേണ്ടിൽനിന്നു ഗവമ്മേന്റുദ്യോഗസ്ഥനായ ഫോക്സ് എന്ന സായ്പിനെ അയച്ചുകൊടുത്തു. കണക്കു സംബന്ധമായ ചില പരിഷ്കാരങ്ങൾ വരുത്തുവാൻ ആരംഭിച്ചതും ഇക്കാലത്തു തന്നെയാണ്.

1073 മദ്രാശി ഗവണ്ണർ ആയിരുന്ന ഹാവ്ലാക്ക് പ്രഭുവും ഭായ്യയും ഈ കൊല്ലം കന്നിമാസത്തിൽ തൃശ്ശിവപേരൂർ വഴി എറണാകുളത്തു വരികയും തിരുമനസ്സിലെ സൽക്കാരം സ്വീകരിക്കുകയും ഉണ്ടായിട്ടുണ്ട്. അന്നു തിരുമനസ്സിലെ അപേക്ഷപ്രകാരം എറണാകുളത്തു വായനശാലയ്ക്കു ഗവണ്ണർ കല്ലിടുകയും

ചെയ്തു. തിരുമനസ്സിലേക്കു കെ. സി. എസ്സ്. ഐ. എന്ന ബഹുമതി കിട്ടിയതും ഈ കൊല്ലത്തിലാണ്. തിരുമനസ്സിലേയ്ക്കു തിരുമുല്പ്പു കിട്ടീട്ട് ഏറെക്കാലം കഴിയുന്നതിനു മുമ്പുതന്നെ ഈ ബഹുമതി കിട്ടുവാൻ സംഗതിയായതു മദിരാശി ഗവമ്മേണ്ടിന്ന് അവിടത്തെ രാജ്യഭരണത്തിലുള്ള തൃപ്തി നിമിത്തമാണെന്ന് അന്നത്തെ റസിഡണ്ടായ റീ.സ്സാഡ്ജ് കൂടിക്കാഴ്ച സമയത്തു പറകയും ഉണ്ടായിട്ടുണ്ട്. ദിവാനായിരുന്ന രാജഗോപാലാചാൎയ്യർ ശരീരത്തിന്നു സുഖക്കേടായിട്ടു രണ്ടുമാസം അവധി എടുത്തു. കൺട്രോളറായിരുന്ന സ്വാമിനാഥയ്യരാണ് പകരം നോക്കിയിരുന്നത്. ഈ കൊല്ലത്തിൽ ലാണ്ട്റവന്യൂ ഡിപ്പാർട്ടുമേണ്ടിലും റജിസ്ട്രേഷൻ ഡിപ്പാർട്ടുമേണ്ടിലും മുൻകൊല്ലത്തേക്കാൾ അഭിവൃദ്ധിയുണ്ടായി. ക്രമപ്രകാരമുള്ള സൎവ്വെ ആരംഭിച്ചു. അഞ്ചൽ ഡിപ്പാർട്ടുമേണ്ടിൽ ലക്കോട്ടുകളുടേയും സ്റ്റാമ്പുകളുടേയും ആകൃതിയും നിറവും മാററുകയും രണ്ടു പൈ കാർഡും മൂന്നു പൈ സ്റ്റാമ്പും നടപ്പാക്കുകയും ചെയ്തു. കൊച്ചി സ്റ്റാമ്പുനിയമം ജനങ്ങൾ മനസ്സിലാക്കിത്തുടങ്ങി എന്നുള്ളതിന് അക്കൊല്ലത്തെ സ്റ്റാമ്പുഡിപ്പാർട്ടുമേണ്ടിൽ നിന്നുള്ള വരവിൽ പിഴ മുതലായ വക 6000 ക. കുറവുവന്നതുകൊണ്ടറിയാവുന്നതാണ്. മരുന്നു കൊടുക്കുക മാത്രം ചെയ്തു

വന്നിരുന്ന രണ്ടു ഡിസ്പെൻസരികൾ രോഗികളെ കിടത്തിച്ചികിത്സിക്കുന്ന ആസ്പത്രികളാക്കി. മുൻകൊല്ലത്തിൽ നീതിന്യായക്കോടതികളിൽനിന്ന് 2710 ഉറുപ്പിക മാത്രമെ ആദായമുണ്ടായിട്ടുള്ളു. ഇക്കൊല്ലത്തിൽ മുപ്പത്തിനാലായിരം ഉറുപ്പിക മിച്ചമുണ്ടായിട്ടുണ്ട്.

1074:—ഈ കൊല്ലത്തിൽ തിരുമനസ്സുകൊണ്ടു മദിരാശിയ്ക്കും കുന്നൂക്കും എഴുന്നള്ളുകയുണ്ടായി. സാമാന്യമായിട്ടുള്ള ഒരു റവന്യൂസവ്വെ തുടങ്ങി. മരാമത്തിനെ സംബന്ധിച്ച് (P. W. D.) ഒരു നിയമം നടപ്പാക്കി. സക്കാർ ചിലവിന്മേൽ ഷൊറണ്ണൂർ മുതൽ എറണാകുളംവരെ തീവണ്ടി നടപ്പാക്കാൻ ഇന്ത്യാഗവമ്മേണ്ടിൻെറ അനുവാദം സമ്പാദിക്കുകയും കൊല്ലാവസാനത്തോടുകൂടി ആ പണി ആരംഭിയ്ക്കാനുള്ള ഏപ്പാടുകൾ ചെയ്യുകയും ചെയ്തു. ബ്രിട്ടീഷു ഗവമ്മേണ്ടുദ്യോഗസ്ഥനായ ആൾവാർ ചെട്ടിയെ മലവക കൺസർവേററരായി വരുത്തി. മലവക ഒരു നടവടി നിയമവും ഏപ്പെടുത്തി. കോർട്ടുഫീസ്സു പണമായി വാങ്ങിയിരുന്നതിന്നു പകരം കോർട്ടുഫീസ്സ് സ്റ്റാമ്പ് മുതലായതു നടപ്പാക്കി. ഇക്കൊല്ലം മുതൽ നികുതി പിരിക്കുന്നതിൽ നിഷ്കൃഷ്ടി കണ്ടുതുടങ്ങി. നൂററുക്ക് തൊണ്ണൂററൊമ്പതും തന്നാണ്ടിൽ പിരിവുണ്ടായിട്ടു

ണ്ട്. ഇക്കൊല്ലം പെൺപള്ളിക്കൂടങ്ങളുടെ വൎദ്ധനയ്ക്കുവേണ്ടി 45000 ഉറുപ്പികയോളം ചിലവഴിച്ചു. തീവണ്ടിപ്പണി വകയ്ക്കു 50½ ലക്ഷം ഉറുപ്പിക ആകെ അടങ്ങലിട്ടു. മുദ്രപത്രം സംബന്ധിച്ച പല പരിഷ്കാരങ്ങളും വരുത്തി കൊച്ചി ഫിനാൻഷ്യൽകോഡ് നടപ്പാക്കി. മുതലെടുപ്പു വൎദ്ധിച്ചു.

1075:— തിരുമനസ്സിലെ സഹോദരനായ എളയതമ്പുരാൻ തിരുമനസ്സുകൊണ്ട് ഈ തുലാം 22-ാംനു- ഇരിഞ്ഞാലക്കുടെ നിന്നും നീപ്പെട്ടു. ഈ കൊല്ലത്തിൽ തിരുമനസ്സുകൊണ്ടു മൂന്നു മാസത്തോളം കുന്നൂർ എഴുന്നള്ളിത്താമസിച്ചു. ഇടയ്ക്ക് അക്ഷയതൃതീയക്കു ഷൊറണ്ണൂർവരെ എഴുന്നള്ളുകയും ഉണ്ടായിട്ടുണ്ട്. മദിരാശിസ്സേനയുടെ അധിപനായിരുന്ന സർ, ജാർജ്ജ് വുൾസ്‌ലിസായ്പ് തിരുമനസ്സിലെ അതിഥിയായി കൊച്ചിരാജ്യം കാണുവാൻ വന്നു. കണയന്നൂർ, കൊടുങ്ങല്ലൂർ ഈ രണ്ടു താലൂക്കും കൊച്ചി ഏതാനും ഭാഗവും സൎവ്വേ കഴിഞ്ഞു. പള്ളിപ്പുറം, വൈപ്പ് ഈ പ്രവൃത്തികളിലുണ്ടായിരുന്ന കടൽവയ്പു ഭൂമികൾ കുടികൾക്കു ലേലം വിളിച്ചു ചാൎത്തിക്കൊടുത്തു. ജയിലിനെസ്സംബന്ധിച്ചു നിയമം ഉണ്ടാക്കി. മലയാം പട്ടാളം പരിഷ്കരിച്ചു. മലങ്കാടുനിയമവും കറുപ്പിനെസ്സംബന്ധിച്ച നിയമവും ഉണ്ടാക്കി മദിരാശി ഗവൎമ്മ

ണ്ടിൻെറ അനുവാദത്തിന്നയച്ചു. തീവണ്ടിവഴിയുടെ പണി ആരംഭിച്ചു. ഈ വിഷയത്തിൽ ഈ കൊല്ലം 21 ലക്ഷം ഉറുപ്പിക ചിലവായിട്ടുണ്ട്. 6 പുതിയ അഞ്ചലാപ്പീസ്സുകൾ സ്ഥാപിച്ചു. കണക്കു പരിഷ്കാരം പൂർത്തിയായി.

1076:— ഈ കൊല്ലത്തിലാണ് വൈസ്റായി കർസൺപ്രഭുവും ഭാര്യയും കൂടി കൊച്ചിരാജ്യം കാണുവാൻ വന്നത്. ഇവരെ പോഞ്ഞിക്കരയിൽ ചെന്ന് എതിരേല്പാൻ തിരുമനസ്സുകൊണ്ടും എളയതമ്പുരാൻ തിരുമനസ്സുകൊണ്ടും കൂടി എഴുന്നള്ളിയിരുന്നു. ഇതിന്നുമുമ്പ് ഒരു വൈസ്റായി ഇവിടെ വരികയുണ്ടായിട്ടില്ല. കൊച്ചി എറണാകുളം കാഴ്ചപോലെ ഒരു കാഴ്ച വേറെ ഒരു ദിക്കിലും കണ്ടിട്ടില്ലെന്നു വൈസ്റായി അഭിപ്രായപ്പെടുകയുണ്ടായി. തിരുമനസ്സിലെ അമ്മയായ വലിയമ്മതമ്പുരാൻ തിരുമനസ്സുകൊണ്ട് ഈ മാസം 14-ാംനു തൃപ്പൂണിത്തുറനിന്നും തീപ്പെട്ടു. തിരുമനസ്സിലേയ്ക്ക് ഒരു കൊല്ലത്തേയ്ക്കു പുള്ളിദീക്ഷയും ആയി.

ഈ കൊല്ലം ഏഴു മാസത്തിലധികം ദിവാൻ രാജഗോപലാചാരിയ്ക്കു് അവുധിയായിരുന്നു. ലോക്ക് സായ്പാണ് പകരം നോക്കിയിരുന്നത്. തോംസൻ സായ്പിൻെറ അധികാരത്തിൽ സർവ്വെ മുറയ്ക്കു നടന്നു

കൊണ്ടിരുന്നു. ഇക്കൊല്ലം നൂററുകക്ക തൊണ്ണൂററൊ ന്നമുതൽക്കാലും നികുതിയിൽ പിരിവുണ്ടായിട്ടുണ്ട്. ഏഴകൊല്ലത്തേയ്ക്ക് ഒരു പൊല്ലീസ്സ ഡിപ്പാർട്ടുമെണ്ടു മേലുദ്യോഗസ്ഥനെ (എ. സുബ്ബറാവു) ബ്രിട്ടിഷിൽനി ന്നും വരുത്തി. ഈ കൊല്ലത്തിൽ പുതുതായി എട്ടു നിയമങ്ങൾ നടപ്പാക്കി. ചാലക്കുടിവഴിയ്ക്ക് മലയിൽ നിന്നു ഒരു ട്രാംവെ പണിയ്ക്കുവേണ്ട വട്ടങ്ങൾ കൂട്ടി ത്തുടങ്ങി. മലയിൽനിന്നുള്ള ആദായം നാലിരട്ടിച്ചു. തീവണ്ടിപ്പണിയ്ക്ക് തന്നാണ്ടിൽ 26½ ലക്ഷം ഉറുപ്പിക മുടക്കി. പണി അവസാനിച്ച കൂട്ടത്തിലായി. ഈ കൊല്ലത്തിൽ ആകെ ചിലവുകഴിച്ച് 2½ ലക്ഷം ഉറു പ്പിക മിച്ചം കണ്ടു.

1077:—തിരുമനസ്സിലെ ചിററമ്മയായ വലിയ മ്മതമ്പുരാൻ തിരുമനസ്സുകൊണ്ടു കുംഭം 3-ാംനു- തൃപ്പൂ ണിത്തുറെനിന്നും തീപ്പെട്ടു. അവിടുത്തോടുകൂടി 36-ൽ തീപ്പെട്ട വലിയമ്മതമ്പുരാൻ തിരുമനസ്സിലെ മക്കൾ എല്ലാവരും കഴിഞ്ഞു. ഈ കൊല്ലത്തിൽ മുക്കാൽഭാ ഗവും ദിവാനായിരുന്നതു ലോക്ക്സായ്വാണ്. അതി ന്റെശേഷം പട്ടാഭിരാമറാവു ദിവാനായി. ഇക്കൊല്ലം ഒരു നിയമം മാത്രമെ നടപ്പാക്കിയുള്ളുവെങ്കിലും മററു പല ബില്ലുകളെപ്പററിയും ആലോചന നടത്തിയിരു ന്നു. കൊല്ലാവസാനത്തോടുകൂടി തീവണ്ടി നടപ്പായി.

ഈ വകസ്സ് ആകെ 63½ ലക്ഷം ക. ചിലവായിട്ടു ണ്ട്. മലവക ട്രാംപണി തുടങ്ങി. ഇക്കൊല്ലത്തിൽ സ്കൂളുകളുടേയും പഠിക്കുന്ന കുട്ടികളുടേയും തുക വളരെ വ ദ്ധിച്ചു. ഈ കൊല്ലത്തിലും ചിലവുകഴിച്ച് 2 ലക്ഷം ഉറുപ്പിക കൂട്ടതലായിട്ടുണ്ട്.

1078:—മദിരാശി ഗവൎണ്ണരായിരുന്ന ആംപ്റ്റിൽ പ്രഭുവും ഭാൎയ്യയും ഇക്കൊല്ലത്തിലാണ് ആദ്യം കൊച്ചിയിലേയ്ക്കു വന്നത്. തിരുമനസ്സിലെ ഡല്ലിയാത്ര ഇക്കൊല്ലത്തെ പ്രധാനസംഗതികളിൽ ഒന്നാണ്. തിരുമനസ്സുകൊണ്ടു തുലാമാസത്തിൽ ഇവിടെനിന്ന് എഴുന്നള്ളത്തു പുറപ്പെട്ടു പൂന, ബോംബെ, അലഹബാദ്, ശ്രീകാശി, കല്ക്കട്ട മുതലായ പ്രധാനസ്ഥലങ്ങളിൽകൂടി സഞ്ചരിച്ചു ധനു ആദ്യം ഡല്ലിയിൽ എഴുന്നള്ളത്തെത്തി. ഡർബാർ കഴിഞ്ഞു രണ്ടാംദിവസം തിരുമനസ്സിലേയ്ക്കു ജി. സി. എസ്സ്. ഐ. എന്ന സ്ഥാനം ലഭിച്ചു. പട്ടാഭിരാമറാവു എഴുന്നള്ളത്തൊരുമിച്ചു ഡല്ലിയിലേയ്ക്കു പോയിരുന്ന കാലം രണ്ടു മാസത്തേയ്ക്കു ചീഫ് കോടതി ജഡ്ജിയായിരുന്ന ടി. സി. കൃഷ്ണമേനോനാണ് പകരം നോക്കിയിരുന്നത്.

1079:— ഈ കൊല്ലം വൃശ്ചികമാസത്തിൽ തിരുമനസ്സുകൊണ്ട് എഴുന്നള്ളത്തു പുറപ്പെട്ട്, തൃശ്ശിനാപ്പള്ളി, തഞ്ചാവൂർ, കുംഭകോണം, ചിദംബരം, പുതുശ്ശേരി

മുതലായ ദിക്കുകളിൽക്കൂടി ഘന്നു ആദ്യം മദിരാശിയിൽ എഴുന്നള്ളത്തെത്തി. അവിടെ ഗവൎണ്ണരുടെ അതിഥിയായി പന്ത്രണ്ടു ദിവസം എഴുന്നള്ളിത്താമസിച്ചു. അവിടെനിന്ന് തൃശ്ശിനാപ്പള്ളി, മധുര, രാമനാഥപുരം മുതലായ ദിക്കുകളിൽക്കൂടി രാമേശ്വരത്തേക്ക് എഴുന്നള്ളി. അവിടെ അഞ്ചു ദിവസം എഴുന്നള്ളിത്താമസിച്ചു. തിരുവനന്തപുരം വഴിയാണ് തിരിയെ എഴുന്നള്ളിയത്. പതിമൂന്നു ദിവസത്തോളം അവിടുന്നു തിരുവിതാംകൂർ മഹാരാജാവിൻെറ അതിഥിയായിരുന്നു.

തിരുമുമ്പാകെയുള്ള സ്പെഷ്യൽ അപ്പീൽ വേണ്ടെന്നുവെച്ച് ആ അധികാരം ചീഫ്കോടതിക്കുതന്നെ കൊടുത്തു.

1080:— ഇക്കൊല്ലത്തിൽ തിരുവിതാംകൂർ മഹാരാജാവ് എറണാകുളത്തേക്ക് എഴുന്നള്ളി. അവിടെ രണ്ടുദിവസം തിരുമനസ്സിലെ അതിഥിയായി താമസിച്ച് തിരിയെ എഴുന്നള്ളി. ഇക്കൊല്ലത്തിൽ കാശിമഹാരാജാവും മദിരാശി സേനയുടെ അധിപനായ സർ ജാൎജ്ജ് പ്രെട്ടിമെൻ സായ്പും ഭാൎയ്യയും സൎക്കാർ അതിഥികളായി ഇവിടെ വരികയുണ്ടായിട്ടുണ്ട്. പതിവുപോലെ ഇക്കൊല്ലവും തിരുമനസ്സുകൊണ്ട് ചിങ്ങമാസം കാലത്തു കാഞ്ഞിരപ്പിള്ളിയിൽ എഴുന്നള്ളിത്താമസ

ച്ചു. രണ്ടു തവണ തൃശ്ശിവപേരൂർക്കും എഴുന്നള്ളത്തു ണ്ടായി. തിരുവഞ്ചിക്കുളത്തേക്കു തൃക്കൺപാർക്കാനും എഴുന്നള്ളി. സർ ജേയിമ്സ് തോംസൻ സായ്പിന്ന് കെ സി. എസ്സ്. ഐ എന്ന സ്ഥാനം കൊടുക്കുന്ന അവസരത്തിൽ തിരുമനസ്സുകൊണ്ട് മദിരാശിക്ക് എ ഴുന്നള്ളിയിരുന്നു. അതു കഴിഞ്ഞു തിരിയെ എഴുന്ന ള്ളി ഒരു മാസം കഴിഞ്ഞു കുന്നുക്കും എഴുന്നള്ളി.

1081:— കൊച്ചി മലവക ട്രാം നടപ്പാക്കുന്നതി ന്നും നായാട്ടിന്നും ആയി ആം:പ്റ്റിൽ പ്രഭു വന്നിരുന്നത് ഇക്കൊല്ലത്തിലാണ്. ആം:പ്റ്റിൽ പ്രഭു കന്നിമാസത്തി ൽ (1905 സപ്തമ്പർ 26-ാം നു-) ചാലക്കുടി എത്തി. വൈകുന്നേരം തൊപ്പത്തിക്കവലേ എത്തി അന്നു രാ ത്രി അവിടെ താമസിച്ചു. പിറേറ ദിവസം പറമ്പി ക്കുളത്തേക്കു യാത്ര പുറപ്പെട്ടു. ട്രാംവഴിയുടെ അവ സാനത്തിൽ ഇരട്ടായപ്പോഴെക്കും എത്തി. തിരുമന സ്സുകൊണ്ടു ഗവണ്ണരായിട്ടു തൊപ്പത്തിക്കവലെവെച്ചു ഒരുമിച്ചുകൂടി പറമ്പിക്കുളത്തേക്ക് എഴുന്നള്ളി. പി ന്നെ നാലു ദിവത്തേക്കു ഗവണ്ണരും പരിവാരവും പറ മ്പിക്കുളത്തുതന്നെയാണ് താമസിച്ചത്. ഗവണ്ണരു ടെ മടക്കത്തിൽ തിരുമനസ്സുകൊണ്ട് ഒരുക്കൊമ്പൻകു ട്ടിയിൽവെച്ച് ഒരുമിച്ചുകൂടി. അവിടെനിന്നു രണ്ടു പേരും ഒരുമിച്ചു ട്രാംവെ ഇൻക്ലയിൻ (കുത്തായിട്ടുള്ള

ണ്ണറക്കം) പോയി കണ്ടു. രാത്രി തൊപ്പത്തിക്കവലെ താമസിച്ചു. പിറെറ ദിവസം പന്ത്രണ്ടു മണിക്കു ചാലക്കുടിയിൽ എത്തി. അവിടെവെച്ച് എടനേരം സൽക്കാർവകയായി ഗവൎണ്ണർക്ക് ഒരു സല്ക്കാരം ഉണ്ടായി. അതു കഴിഞ്ഞു തിരുമനസ്സുകൊണ്ടു ഗവൎണ്ണർ ഒരുമിച്ചു ട്രാംവെക്കു സമീപിച്ച് പ്രത്യേകിച്ചു കെട്ടിയുണ്ടാക്കീട്ടുള്ള മണ്ഡപത്തിലേക്ക് എഴുന്നള്ളി. അവിടെവെച്ചു ട്രാംവെയുടെ ആരംഭം മുതല്ക്കുള്ള ഒരു ചരിത്രം ദിവാൻ വായിക്കുകയും മലവക ട്രാംവെ മുറക്കു ഏൎപ്പെടുത്തിയതായി ഗവൎണ്ണർ വളരെ പ്രശംസിച്ചു പ്രസംഗിക്കുകയും ചെയ്തു. അതിന്റെശേഷം ആനക്കൊമ്പുകൊണ്ടു പിടിയും വെള്ളികൊണ്ട് അലകും, ഒരു പുറത്തു സ്വൎണ്ണംകൊണ്ടു കൊച്ചി മലവക ട്രാംവെയെന്ന എഴുത്തും മറെറപ്പുറത്തു രാജമുദ്രയും ഉള്ളതായ ഒരു കോടാലി നല്ലതായ വീട്ടിപ്പെട്ടിയിൽ ആക്കി തിരുമനസ്സുകൊണ്ടു ഗവൎണ്ണൎക്കു സമ്മാനമായി കൊടുത്തു. അന്നുതന്നെ ഗവൎണ്ണര് ഉട്ടകമണ്ടിലേക്കു പുറപ്പെടുകയും ചെയ്തു.

വെയിൽസ് രാജകുമാരനും രാജകുമാരിയും മദിരാശിയിൽ വന്നിരുന്ന കാലം ഈ കൊല്ലമായിരുന്നു. തിരുമനസ്സുകൊണ്ടും മദിരാശിക്ക് എഴുന്നള്ളിട്ടുണ്ടായിരുന്നു. അന്നു മദിരാശിയിൽ കൊച്ചിവക സ്ഥലം പ

ണി തീൎന്നിരുന്നു. വെയിൽസ്സ്‌രാജകുമാരൻ അവിടെ വെച്ചുതന്നെയാണ് തിരുമനസ്സിലെ തിരിയെ വന്നു കാണുകയുണ്ടായത്. തിരുമനസ്സുകൊണ്ടു മദിരാശിയിൽനിന്നും തിരിയെ എഴുന്നള്ളി അഞ്ചുമാസം കഴിഞ്ഞിട്ടു കുത്താലത്തേയ്ക്കെഴുന്നള്ളി. ആലപ്പുഴ, കൊല്ലം ഈ വഴിക്കാണ് എഴുന്നള്ളിയത്. മടങ്ങി എഴുന്നള്ളിയതും, കൊല്ലം, തൃക്കുന്നപ്പുഴ, ആലപ്പുഴ മുതലായ ദിക്കുകളിൽ കൂടിയാണ്. അവിടുന്നു തിരുവിതാംകൂർ മഹാരാജാവിൻെറ അതിഥിയായിട്ടാണ് ഈ ദിക്കുകളിൽ എഴുന്നള്ളിത്താമസിച്ചത്. കൊച്ചിരാജ്യത്ത് ആദ്യമായി പാലപ്പിള്ളിയിൽ റബ്ബർകൃഷിയും തുടങ്ങി.

1082:—1907 ജനുവരിമാസത്തിൽ മദിരാശി ഗവൎണ്ണർ സർ, ആർതർലാലിയും ഭാൎയ്യയും ഗവൎണ്ണരായിരുന്ന വെൻലോക്ക് പ്രഭുവും കൊച്ചിരാജ്യം കാണുവാൻ വന്നു. ഇക്കൊല്ലം കാഞ്ഞിരപ്പിള്ളിയിൽ എഴുന്നള്ളിത്താമസിച്ച് തിരിയെ എഴുന്നള്ളുമ്പോൾ പള്ളിപ്പുറം, ഞാറയ്ക്കൽ, അയ്യമ്പിള്ളി ഈ ദിക്കുകളിൽ എഴുന്നള്ളത്തുണ്ടായി. മാർച്ചുമാസത്തിൽ നാലഞ്ചുദിവസം തൃശ്ശിവപേരൂർ എഴുന്നള്ളിത്താമസിച്ച കാലത്ത് ഊരകത്തും പെരുമനത്തും തൃക്കൺപാക്കവാനെഴുന്നള്ളി.

ദിവാൻ പട്ടാഭിരാമറാവു മൂന്നു മാസത്തെ അവ

ഡി എടുത്ത്, അതിൻെറ അവസാനത്തോടുകൂടി ദിവാൻ പണിയിൽനിന്ന് ഒഴിഞ്ഞു. കുറച്ചു കാലം ലോക്ക്സായ്യ് പകരം നോക്കി. മേ മാസം 15-ാംനു-തിരുമനസ്സുകൊണ്ട് ഏ. ആർ. ബാനർജിയെ ദിവാനായി നിശ്ചയിച്ചു.

സക്കാരിൽനിന്നു പുതുതായി ചെയ്തുവന്നിരുന്ന പല ഏപ്പാടുകളിലും ചിലവു മാത്രമായിട്ടുള്ള കാലം അവസാനിക്കേണ്ട ദിക്കായി. മദിരാശി ബാങ്കിൽനിന്നു വാങ്ങിയിരുന്ന രണ്ടേകാൽ ലക്ഷം ഉറുപ്പിക തിരിയെ അടച്ചു. സവ്വേസെററിൽമേണ്ട് കഴിഞ്ഞ കൂട്ടത്തിലായി. ട്രാംവെ പണിതീൎന്നു. റവന്യൂ, ക്രിമിനൽ, മരാമത്ത്, പൊല്ലീസ്സ്, വസൂരി കുത്തിവെയ്പ്, വൈദ്യം, ധനം ഈ വക ഡിപ്പാർട്ടുമേണ്ടുകളും ഹജ്ജൂർ സിക്രട്ടരിയുടെ ഡിപ്പാർട്ടുമേണ്ടും പരിഷ്കരിച്ചു പുതിയ ഏപ്പാടുകൾ നടപ്പാക്കി. ഡിവിഷൻ പേഷ്കാർമാരുടെ സ്ഥാനം വേണ്ടെന്നുവെച്ച് ആ സ്ഥാനത്ത് ദിവാൻപേഷ്കാരെ നിയമിച്ചു. തീവണ്ടിയുടെ കരാറ് വേണ്ടപോലെ മാററുക, ട്രാംവെക്കുള്ള ചിലവു ചുരുക്കുക, കണ്ടെഴുത്തുപ്രകാരമുള്ള കരം പിരിച്ചു തുടങ്ങുക, ആയവ്യയം നോക്കുവാൻ വഴിപോലെ ഒരു ഡിപ്പാർട്ടുമേണ്ട് ഉണ്ടാവുക ഇതൊക്കെ ചെയ്താൽ ഇതുവരെ പരിഷ്കരിച്ച ഡിപ്പാർട്ടുമേണ്ടുകളിലേയ്ക്കും, പരിഷ്കരിക്കു

വാൻ പോകുന്ന ദേവസ്വം, കൃഷി, ഇറിഗേഷൻ (നന) നഗരശുചീകരണം, കോവിലകച്ചിലവ്, വിദ്യാഭ്യാസം മുതലായ ഡിപ്പാർട്ടുമേണ്ടുകളിലേയ്ക്കും വേണ്ടേടത്തോളം ചിലവു ചെയ്വാൻ പണമാകുമെന്നും ഇതെല്ലാം നന്നായി നടത്തുവാൻ സാധിയ്ക്കുമെന്നും കണ്ടു.

1083:—തെക്കേ മാത്തിൽ സദസ്സുസംബന്ധിച്ച് തിരുമനസ്സുകൊണ്ടു തൃശ്ശിവപേരൂർ ഒരാഴ്ചവട്ടം എഴുന്നള്ളിത്താമസിച്ചിട്ടാണ് ഇക്കൊല്ലം കാഞ്ഞിരപ്പിള്ളിയിലേയ്ക്ക് എഴുന്നള്ളിയത്. അവിടെ എഴുന്നള്ളിത്താമസിക്കുന്ന കാലത്ത് ട്രാംവഴിയായി പറമ്പിക്കുളത്തേയ്ക്ക് എഴുന്നള്ളി ആറു ദിവസം അവിടെ താമസിച്ചു.

കഴിഞ്ഞ കൊല്ലം ആലോചിച്ചു ഉറപ്പിച്ചിട്ടുണ്ടായിരുന്ന ക്രിമിനൽ പൊല്ലീസ്സ് മുതലായ ഡിപ്പാർട്ടുമേണ്ടു പരിഷ്കാരങ്ങൾ നടപ്പിൽവരുത്തി. എന്നാൽ ഈ വക പരിഷ്കാരങ്ങൾ ഒക്കെ വരുത്തീട്ടും ചിലവിൽ കൂടുതൽ ഒന്നും ഉണ്ടായിട്ടില്ല. ജെയിൽ നിയമം ഉണ്ടാക്കി പ്രസിദ്ധപ്പെടുത്തി. ദേവസ്വഭരണം 'മത്സ്യഗ്രഹണം' ഇതുകളെപ്പററി വേണ്ട അന്വേഷണങ്ങൾ നടത്തി. പുകയിലക്കുത്തക ലേലം വിളിയ്ക്കുന്ന സമ്പ്രദായം ഏർപ്പെടുത്തി. കുറേക്കാലമായി ആലോചനയിൽ കിടന്നിരുന്ന ഏഴ് നിയമങ്ങൾ നടപ്പിൽവരുത്തി. പിന്നെ ചിലത് ആലോചിയ്ക്കുവാനും

തുടങ്ങി. വിദ്യാഭ്യാസഡിപ്പാർട്ടുമേണ്ട് തീരെ ഉടച്ചു വാർത്തു. കാളേജിലും സ്കൂളുകളിലും ഉദ്യോഗസ്ഥന്മാരെ വൎദ്ധിപ്പിച്ചു. സ്കൂൾ ഇൻസ്പെക്ടർമാരെ ഏൎപ്പെടുത്തി. പ്രൈമറി സ്കൂളുകളിലും അദ്ധ്യാപകന്മാരുടെ ശമ്പളം കൂട്ടുവാൻ അനുവദിച്ചു. കീഴജാതികൾക്കും പെൺകുട്ടികൾക്കും ആദിപാഠത്തിന്നു ഫീസ്സുവേണ്ടെന്നുവെച്ചു. ആൺകുട്ടികൾക്കു പത്തും പെൺകുട്ടികൾക്കു ആറും കീഴ്ജാതികൾക്കു പ്രത്യേകമായി അഞ്ചും സ്കൂളുകൾ ഏൎപ്പെടുത്തി. കൃഷി, നനു, ശുചീകരണം ഇവയെപ്പററി ആലോചന തുടങ്ങി. മൃഗങ്ങൾക്ക് ഒരു ആസ്പത്രിയും തപരോഗികൾക്ക് ഒരു താവളവും അനുവദിച്ചു. പശുക്കളെ കുത്തിവെച്ച് ഇവിടെത്തന്നെ ലിംഫ് എടുക്കുന്ന പതിവു നിൎത്തൽ ചെയ്തു. കോവിലകം ചിലവിനെപ്പററിയുള്ള പുതിയ ഏൎപ്പാടു തുടങ്ങി. കൊച്ചുതമ്പുരാക്കന്മാരെ ഒരുമിച്ചു താമസിപ്പിച്ചു പഠിപ്പിക്കേണ്ടുന്ന കാൎയ്യത്തെക്കുറിച്ച് ആലോചന ആരംഭിച്ചു. ഇക്കൊല്ലത്തിൽ സൎവ്വേ സെററിൽമേണ്ട് ഒരുവിധം അവസാനിച്ചു. മലവക സെററിൽമേണ്ട് തുടങ്ങി. മൂന്നു ലക്ഷം ഉറുപ്പിക നിലനികുതിയിൽ കൂടി. ലാണ്ട് റിക്കാർട്ടു ഡിപ്പാർട്ടുമേണ്ട് ഏൎപ്പെടുത്തി. ൭൦ാം വക പഴയ എടവാടുകൾ ഒക്കെ തീൎത്തു. കൊച്ചിതിരുവിതാംകൂർ അതൃത്തികൾ വീണ്ടും പരി

ശോധിച്ച വ്യവസ്ഥപ്പെടുത്തി. വടർക്കോട് കൊച്ചി രാജ്യത്തിലേയ്ക്കു ചേൎന്നു. ഇക്കൊല്ലം 632330 ക. ആദായം ഉണ്ടായി. കടം വീട്ടുവാൻ ഒരു മൂലധനം ശേഖരിയ്ക്കുവാൻ വിചാരിച്ചിരുന്നതും സാധിച്ചു.

1084:— തിരുമനസ്സുകൊണ്ട് ക്ഷണിച്ചിട്ടു ഗവൎണ്ണർ സർ. ലാലിയും പരിവാരവും അക്ടോബർമാസത്തിൽ നായാട്ടിന്നായി കൊച്ചിരാജ്യത്തുവന്നു. ഒന്നാന്തരം ഒരു കൊമ്പനേയും രണ്ടു കാട്ടുപോത്തിനേയും ഗവൎണ്ണർ വെടിവെച്ചുകൊന്നു.

ഇന്ത്യാസൈന്യത്തിൻെറ നായകനായ കിച്ചനർ പ്രഭുവും തിരുമനസ്സിലെ ക്ഷണം സ്വീകരിച്ച് ഇക്കൊല്ലം ഇവിടെ വന്നു. മദിരാശിപ്പട്ടാളത്തിൻെറ അധിപനായിരുന്ന കാലത്ത് റോബെർട്ട്സ് പ്രഭു ഒരിക്കൽ ഇവിടെ വന്നിട്ടുള്ളതല്ലാതെ ഇന്ത്യയിലുള്ള പട്ടാളം മുഴുവനും തൻെറ കീഴിൽ ഉള്ളതായിട്ട് ഒരാൾ ഇതിന്നു മുമ്പ് ഇവിടെ വന്നിട്ടില്ല. കൊച്ചിത്തുറമുഖം ഒരു കാലത്ത് നല്ല സ്ഥിതിയിൽ കാണുവാൻ സംഗതിവരുമെന്നും കിച്ചനർ പ്രഭു ആശംസിച്ചിട്ടുണ്ട്. പതിവുപോലെ ചിങ്ങമാസം കാലത്ത് തിരുമനസ്സുകൊണ്ട് കാഞ്ഞിരപ്പിള്ളിയിൽതന്നെയാണ് എഴുന്നള്ളിത്താമസിച്ചത്. ഇക്കൊല്ലത്തിലാണ് കാഴ്ചയും കണ്ടുകാ

ലിപ്രദൎശനവും ആദ്യം തുടങ്ങിയത്. അക്കാലത്ത് തിരുമനസ്സുകൊണ്ടും തൃപ്തിവപ്പെട്ടുകെഴുന്നള്ളിയിരുന്നു.

കൺട്രോളരേയും സക്കാർ അച്ചുകൂടം സൂപ്രണ്ടിനേയും മദിരാശിക്ക് വേല പരിചയിപ്പാൻ അയച്ചു. വിദ്യാഭ്യാസം അധികാരിയെ കല്ക്കത്തയിലും മദിരാശിയിലും ഉള്ള സ്കൂളുകൾ നോക്കിക്കാണുവാനും അയച്ചിരുന്നു.

സക്കാരും സൌത്തിൻഡ്യൻ റെയിൽവെ കമ്പനിയും ആയി തീവണ്ടിയെപ്പററി സക്കാരിലേക്ക് മുമ്പേത്തേക്കാൾ ഗുണകരമായ ഒരു കരാറു ചെയ്തു. പോന്നിക്കര ബങ്കളാവ് ശാശ്വതമായിട്ട് ബ്രിട്ടീഷ് ഗവൎമ്മേണ്ടിലേക്ക് പാട്ടത്തിന്നു കൊടുത്തു.

കഴിഞ്ഞ കൊല്ലത്തിലെ പരിഷ്കാരത്തിൽപെടാത്ത ഡിപ്പാർട്ടുമേണ്ടുകൾ ഒക്കെ ഇക്കൊല്ലം ശുദ്ധമാക്കി. 'മത്സ്യഗ്രഹണ'ത്തിന്റെ കാൎയ്യം ഏപ്പാടായി. കൃഷിവ്യവസായ പരിഷ്കാരം ആരംഭിച്ചു. തപഗ്രോഗികൾക്കുള്ള താവളവും ഏപ്പെടുത്തി. എട്ടു പുതിയ നിയമങ്ങൾ വളരെ കാലമായിട്ട് ആലോചനയിൽ കിടന്നിരുന്നതു നടപ്പാക്കി. അളവുകളുടേയും തൂപ്പുകളുടേയും കാൎയ്യം വ്യവസ്ഥപ്പെടുത്തി. ഇക്കൊല്ലം നാല്പത് ലക്ഷം ഉറുപ്പിക മുതലെടുപ്പുണ്ടായിട്ടുണ്ട്. ഡിപ്പാർട്ടുമേണ്ടു പരിഷ്കാരത്തിന്ന് ഒന്നേമുക്കാൽ ല

ക്ഷം അധികച്ചിലവുള്ളതു കൂടിക്കഴിച്ച് ഏഴ ലക്ഷത്തിൽ ചില്വാനം ഉറുപ്പിക ലാഭവും ഉണ്ടായിട്ടുണ്ട്.

1085:— നവമ്പർ 21-ാ നു- തിരുമനസ്സുകൊണ്ട് വൈസ്റായിയെ കാണ്മവാനായി മദിരാശിക്കെഴുന്നള്ളി. അവിടെ കൊച്ചിസ്സർക്കാർ സ്ഥലത്തുവെച്ച് തിരുമനസ്സിലെ തിരിയെ വന്നു വൈസ്റായി കണ്ട സമയം ഒരു ഉദ്യാനവിരുന്നും ഉണ്ടായി. മദിരാശിയിൽനിന്നു അവിടുന്ന് കല്ക്കത്തയിലേയ്ക്കാണ് എഴുന്നള്ളിയത്. എഴുന്നള്ളത്തുവഴി രാജമന്ദിരം, വിജയനഗരം, ബാലസൂർ ഈ ദിക്കുകളിൽ താമസിക്കുകയും ചെയ്തു. കല്ക്കത്തയിൽ മൂന്നാഴ്ചവട്ടത്തോളം എഴുന്നള്ളിത്താമസിച്ചു. അക്കാലത്ത് വൈസ്റായിയേയും ബങ്കാൾ ലഫ്ടനെൻറ് ഗവൎണ്ണരേയും എഴുന്നള്ളിക്കാണുകയുണ്ടായി.

രണ്ടാമത്തെ കാഴ്ചക്കാലത്ത് ഒരാഴ്ചവട്ടം അവിടുന്ന് തൃശ്ശിവപേരൂർ എഴുന്നള്ളിത്താമസിച്ചു. വേനക്കാലത്ത് ചൊവ്വരെ എഴുന്നള്ളിത്താമസിച്ചിരുന്ന കാലത്താണ് ശൃംഗേരി ശങ്കരാചാൎയ്യസ്വാമികളെ കാലടിയിൽ എഴുന്നള്ളിക്കണ്ടത്. ചൊവ്വരയിൽനിന്ന് പിന്നെ കാഞ്ഞിരപ്പിള്ളിക്ക് എഴുന്നള്ളി. മൈസൂർ മഹാരാജാവ് കാലടിയിൽനിന്നു തിരിയെ വരുമ്പോൾ തിരുമനസ്സുകൊണ്ട് കാഞ്ഞിരപ്പിള്ളിയിൽനിന്നു

ശ്ശിവപേരൂർക്ക് എഴുന്നെള്ളിയിരുന്നു. തിരുമനസ്സുകൊണ്ടു ക്ഷണിച്ചിട്ടു കാശി കുമാരരാജാവ് രാമേശ്വരത്തുനിന്ന് വരുന്നവഴി എറണാകുളത്തു താമസിച്ചു.

ഇന്ത്യാസഭയിലെ മെമ്പ്രായ സർ. കെ. ജി. ഗുപ്ത തിരുമനസ്സിലെ അതിഥിയായിട്ടു ഈ രാജ്യത്തുവന്നിട്ടുണ്ട്.

പൊല്ലീസ്സുസൂപ്രഡേണ്ടിനെ വെല്ലൂർ വേല പരിചയിക്കുവാനും, സക്കാരിൽനിന്ന് ഒരു കീഴുദ്യോഗസ്ഥനെ വിരൽമുദ്രയെപററി പഠിക്കുവാനും അയച്ചു.

ഈ മൂന്നു കൊല്ലത്തിന്നിടക്ക് ഡിപ്പാർട്ടുമേണ്ടു പരിഷ്കാരങ്ങളും നിയമങ്ങളും പൂർത്തിയായി. മേലാൽക്കു സ്ഥിരമായ ഒരു രാജ്യഭരണരീതിയും ആയി. നടക്കാവു മരങ്ങൾ മുറയ്ക്കു വെച്ചുവന്നിരുന്നു. തൃശ്ശിവപേരൂർ, എറണാകുളം, കൊച്ചി ഈ ദിക്കുകളിൽ മുൻസിപ്പാലിററി ഏപ്പെടുത്തി. വ്യവസായ സംബന്ധമായും ഭൂപ്രകൃതിയെ സംബന്ധിച്ചും ഒരു സർവ്വേ നടത്തിത്തുടങ്ങി.

ദിവാൻ ബാനർജി 3 മാസത്തെ അവുധിയിലായിരുന്നു. അക്കാലത്ത് ദിവാൻപേഷ്കാർ കൃഷ്ണമാചാര്യരാണ് ആ ജോലികൂടി നോക്കിയിരുന്നത്.

1086:—ഇക്കൊല്ലത്തിൽ മുഖ്യമായിട്ടുള്ള ഒരു സംഗതി ചക്രവത്തിയുടെ കിരീടധാരണാഘോഷ

ണ്. തിരുമനസ്സിലെ കല്പനപ്രകാരം അതു സംബന്ധിച്ചു ജൂൺ 22-ാംനു- എറണാകുളത്തു കോവിലകത്തുംപറമ്പിൽവെച്ച് ഒരു കവാത്തും അതിന്റെ ശേഷം ഒരു ഘോഷയാത്രയും ഉണ്ടായി. ഇക്കൊല്ലവും കാർക്കാലത്ത് ഒരാഴ്ചവട്ടം തിരുമനസ്സുകൊണ്ടു തൃശ്ശിവപേരൂർ എഴുന്നള്ളിത്താമസിച്ചു. കിള്ളിമംഗലത്തു നടുവത്തു നാരായണൻ നമ്പൂതിരിപ്പാട്ടിലേയ്ക്കും കൊടുങ്ങല്ലൂർ വലിയ ഗോദവർമ്മരാജാവിന്നും മഹാമഹോപാദ്ധ്യായസ്ഥാനം റസിഡെണ്ടു മുഖാന്തിരം കൊടുക്കുന്നതിന്നായി തൃശ്ശിവപേരൂർ കൂടിയ സഭയ്ക്കു തിരുമനസ്സുകൊണ്ടും എഴുന്നള്ളീട്ടുണ്ടായിരുന്നു. വേനക്കാലത്തു തിരുമനസ്സുകൊണ്ടു പതിവുപോലെ രണ്ടരമാസത്തോളം കുനൂര് എഴുന്നള്ളിത്താമസിച്ചു. മദിരാശി അക്കൌണ്ടുജനറാൽ ആപ്പീസ്സിൽ കണക്കുവെക്കുന്ന രീതി പരിശീലിപ്പാനും അബ്കാരി ഡിപ്പാർട്ടുമേണ്ടിൽനിന്ന് ഒരാളെ ചാരായം ഉണ്ടാക്കുന്നതു പഠിക്കുവാനും അയച്ചിരുന്നു. രാജ്യകാര്യത്തിൽ 85 വരെ ഉണ്ടായിട്ടുള്ള പരിഷ്കാരങ്ങൾ ഫലിച്ചു എന്നു സർക്കാരിലേയ്ക്കു അനുഭവംകൊണ്ടു ബോദ്ധ്യംവന്നു. നികുതി $43\frac{1}{2}$ ലക്ഷത്തിൽ എത്തി. 83-ലേക്കാൾ പത്തു ലക്ഷം കൂടുതലുണ്ട്; ചിലവ് അഞ്ചുകൊല്ലം മുമ്പു ഉണ്ടായിരുന്നതുതന്നെ ഉള്ളുതാനും. വ്യവസായവിദ്യാ

ഭ്യാസരിതി ഉപകാരമാവത്തക്ക വിധത്തിൽ പരിഷ്ക്കരിച്ചു. പത്തു ലക്ഷം ഉറുപ്പിക കടം വീട്ടി. കഴിഞ്ഞ മൂന്നു കൊല്ലംകൊണ്ടു നികുതി പത്തുലക്ഷം കൂടിട്ടുണ്ട്. ഇതുവരെ പുറമേയുള്ളവർ നോക്കിയിരുന്ന മേലുദ്യോഗങ്ങൾക്ക നാട്ടുകാരെത്തന്നെ വെച്ചു. പേഷ്ക്കാർ, കൊൺസർവോാർ, പോലിസ്സ സൂപ്രഡേണ്ട്, കൺട്രോളർ ഇവരൊക്കെ നാട്ടുകാർ തന്നെയായി. ഇതിൽ കൊൺസർവേറ്റർ ശീമയിലും പേഷ്ക്കാർ കഴികെ മററുള്ളവർ മദിരാശി മുതലായ ദിക്കുകളിലും പോയി പണി പരിചയിച്ചവരാണ്. കൃഷി സൂപ്രഡേണ്ടിന്റെ വേല പഠിക്കുവാൻ ഒരാളെ ശീമക്കും, കണക്ക്, മരാമത്ത്, മല ഈ ഡിപ്പാർട്ടുമേണ്ടുവക പണി പഠിക്കുവാൻ നാട്ടുകാരെ മദിരാശിക്കും ഡീറാഡൂണിഃലക്കും അയച്ചിട്ടും ഉണ്ട്.

1087:—1911 ഡിസമ്പർ 12-ാംനു- ഡൽഹിയിൽവെച്ചു നടന്ന ഡർബാർപോലെ പ്രധാനമായിട്ടു ഇന്ത്യാചരിത്രത്തിൽ ഒരു സംഗതി ഉണ്ടാവാനില്ല. അതു സംബന്ധിച്ചു തിരുമനസ്സിലെ എഴുന്നള്ളത്താണ് ഇക്കൊല്ലത്തിൽ മുഖ്യമായിട്ടൊന്നുള്ളത്. വൈസ്രോയിയുടെ ക്ഷണം അനുസരിച്ചു തിരുമനസ്സുകൊണ്ടു ദിവാൻ മുതലായ ഉദ്യോഗസ്ഥന്മാരോടും പരിവാരത്തോടുംകൂടി അക്ടോബർ 27-ാംനു- എറണാകുള

ത്തുനിന്ന് എഴുന്നെള്ളത്തു പുറപ്പെട്ടു. തൃശ്ശിവപേരൂർ മൂന്നു ദിവസവും മദിരാശിയിൽ രൊഴ്ചവട്ടവും എഴുന്നള്ളിത്താമസിച്ചു. അവിടെനിന്നു തുംഗഭദ്ര, പൂന, ബറോഡ, റട്ലം, ആജ്മിയർ, ജയപുരം ഈ വഴിയായി നവമ്പർ 26-ാംനു- ഡൽഹിയിൽ എത്തി. ബറോഡ, ജയപുരം, റട്ലം, ഇവിടങ്ങളിൽ അതാതു രാജാക്കന്മാരുടെ അതിഥിയായിട്ടാണ് എഴുന്നള്ളിത്താമസിച്ചത്. ബറോഡയിൽ രാജാവു റസിഡണ്ടിനോടും ഉദ്യോഗസ്ഥന്മാരോടുംകൂടി തിരുമനസ്സിലെ റെയിൽവെ സ്റ്റേഷനിൽ വന്നു സ്വീകരിച്ചു. ബറോഡയിൽ പല പ്രധാന സ്ഥലങ്ങളും അവിടുന്ന് എഴുന്നള്ളി കണ്ടു. ആജ്മിയറിൽ താമസിക്കുമ്പോൾ അവിടെയുള്ള മേയോരാജകുമാർകാളേജും എഴുന്നള്ളി കണ്ടു. ഡൽഹിയിൽ ഡിസമ്പർ 8-ാംനു- ചക്രവത്തിയെ എഴുന്നള്ളിക്കാണുവാനും അവിടെയ്ക്കു സംഗതിയായി. ഡിസമ്പർ 14-ാംനു- തിരുമനസ്സിലേയ്ക്കു ചക്രവത്തി തിരുമനസ്സുകൊണ്ടുതന്നെ ജി. സി. ഐ. ഇ. എന്ന സ്ഥാനം കല്പിച്ചുകൊടുത്തു. തിരുമനസ്സിലേയ്ക്കു ഒരു ഡർബാർസ്വർണ്ണമുദ്രയും കല്പിച്ചുകിട്ടി. ദിവാൻ ബാനർജി അവർകൾക്കും സി. ഐ. ഇ. എന്ന സ്ഥാനം ലഭിച്ചു. തിരുമനസ്സുകൊണ്ട് ഡിസമ്പർ 18-ാംനു- ഡൽഹിയിൽനിന്നു പുറപ്പെട്ട് ആ

ജ്മീയർ, അഹമ്മദാബാദ്, ബോംബെ, ഷോളാപുരം, തുംഗഭദ്ര, മദിരാശി ഈ വഴിക്കാണ് തിരിയെ എഴുന്നള്ളിയത്. ബോംബായിൽ നിന്നു എഴുന്നള്ളത്ത് പുറപ്പെടാറായപ്പോൾ തിരുമനസ്സിലേയ്ക്കു തിരുവയററിൽ കുറച്ചു ശീലായ്മ തുടങ്ങി. ഷോളാപുരത്ത് എഴുന്നള്ളത്ത് എത്തിയപ്പോൾ കുന്നുകൂടി കലശലായി. വല്ലാതെ ക്ഷീണിച്ചുവെങ്കിലും ഈശ്വരകാരുണ്യത്താൽ തുംഗഭദ്രയിൽ വെച്ചുതന്നെ മുക്കാലും സുഖമായി. ഡിസമ്പർ 29-ാംനു- തിരിയെ എറണാകുളത്ത് എഴുന്നള്ളത്തെത്തി. തിരുമനസ്സിലെ തിരിയെ എഴുന്നള്ളത്ത് അവിടുത്തെ പ്രജകൾ ഇന്നവിധത്തിലെ ആഘോഷിച്ചുള്ളുവെന്നു കണക്കില്ല. പതിവുപോലെ അവിടുന്ന് ചിങ്ങമാസത്തിൽ കാഞ്ഞിരപ്പിള്ളിയ്ക്കു എഴുന്നെള്ളി. തിരിയെ എഴുന്നള്ളുമ്പോൾ അന്നമനട, ഇരിഞ്ഞാലക്കുട, കൂഴൂർ, പൊയ്യ, തിരുവഞ്ചിക്കുളം, ചിററൂർ ഈ ക്ഷേത്രങ്ങളിൽ എഴുന്നള്ളി തൃക്കൺപാർത്തു. കാർത്തികകാലത്ത് അവിടുന്നു തൃശ്ശിവപേരൂർക്കും, വേനക്കാലത്തു കുന്നുകൾക്കും എഴുന്നള്ളിയിരുന്നു. ബാനർജി ഡൽഹിയിലേയ്ക്കു എഴുന്നള്ളത്ത് ഒരുമിച്ചുപോയിരുന്നപ്പോൾ കെ. നാരായണമാരാർ ഇഞ്ചാർജ്ജായിട്ടും അവധിയിൽ ആയിരുന്നപ്പോൾ പകരമായിട്ടും ദിവാൻപണി നോക്കിയിരുന്നു. തോല്പ

കൽകൊണ്ടുള്ള വേലകൾ പഠിയ്ക്കുന്നതിന്നായി കരാളെ ശീമയിലേയ്ക്കും അയച്ചിട്ടുണ്ട്.

85 ഉൾപ്പടെയുള്ള രാജ്യഭരണത്തെപ്പററി കൊച്ചി സ്റ്റേററുമാനുവലിന്റെ തർജ്ജമയിൽ ഇപ്രകാരം പറഞ്ഞിരിയ്ക്കുന്നു.

പതിനഞ്ചു കൊല്ലത്തിനകത്ത് ഈ രാജ്യത്തു സകല കാൎയ്യങ്ങളിലും ഉണ്ടായിട്ടുള്ള ആശ്ചൎയ്യകരമായ അഭിവൃദ്ധി മേലദ്ധ്യായങ്ങളിൽ അതാതു ഡിപ്പാർട്ടുമേണ്ടുകളെപ്പററി പ്രത്യേകം വിവരിയ്ക്കുന്ന സംഗതികളിൽനിന്നു വ്യക്തമാകുന്നതാണ്. ഈ കാലത്തിന്നുള്ളിൽ സാധിച്ചിട്ടുള്ള അധികം മുഖ്യങ്ങളായ കാൎയ്യങ്ങളുടെ കേവലം ഒരു സൂചന മാത്രമേ തൽക്കാലം ഈ സന്ദൎഭത്തിലാവശ്യമുള്ളു. ഈ രാജ്യത്തെ കണക്കുവെയ്ക്കുന്ന സമ്പ്രദായം ബ്രിട്ടീഷ് ഇന്ത്യയിലുള്ള പോലെയാക്കിത്തീൎക്കുക, സൎക്കാർ ചിലവിന്മേൽതന്നെ തീവണ്ടി തലസ്ഥാനംവരെ നടപ്പാക്കുക, രാജ്യം മുഴുവൻ സൎവ്വെ ചെയ്യുന്നതിന്നാരംഭിയ്ക്കുക, ആധുനികശാസ്ത്രസമ്പ്രദായപ്രകാരം ഈ രാജ്യത്തെ മലകളിൽ വേല നടത്തിത്തുടങ്ങുക, ഇതേവരെ ദുൎഗ്ഗങ്ങളായികിടന്നിരുന്ന പൎവ്വതങ്ങളിൽനിന്നു തടിയിറക്കിക്കൊണ്ടുവരുന്നതിന്നും മററുമായി അവിടങ്ങളിലേയ്ക്ക് ഒരു വഴി തുറക്കുന്നതിന്നുവേണ്ടി ആവിയന്ത്രംകൊണ്ടു

നടത്തത്തക്ക ഒരു ട്രാംവേയുടെ പണിയാരംഭിയ്ക്കുക എന്നിവയെല്ലാം ആദ്യത്തെ അഞ്ചു കൊല്ലത്തിനക ത്തു ചെയ്തിട്ടുള്ള പ്രധാന കാര്യങ്ങളുടെ കൂട്ടത്തിൽ ഗ ണിയ്ക്കാവുന്നതാണ്. രണ്ടാമത്തെ വർഷപഞ്ചക ത്തിൽ സർവ്വെ മുഴുവനായ കൂട്ടത്തിലായി. ട്രാംവെ പണിയും കട്ടു മുഴുവൻ കലാശിച്ചു. ന്യായമായും ചി ട്ടയോടുകൂടിയുമുള്ള ഒരു പദ്ധതിയെ അടിസ്ഥാനമാ ക്കിക്കൊണ്ടു റവന്യൂസെറ്റിൽമേണ്ട് ആരംഭിയ്ക്കുകയും, എക്സൈസ് ഡിപ്പാർട്ടുമേണ്ടിലെ ഭരണം കുറെക്കൂടി നന്നാക്കുകയും ചെയ്തു. മൂന്നാമത്തെ വർഷപഞ്ചക ത്തിൽ റവന്യൂസെറ്റിൽമേണ്ട് അവസാനിച്ചു. റവ ന്യൂജോലിയും മജിസ്ട്രേട്ടു ജോലിയും വേർപെടുത്തി. പൊതുജനങ്ങളുടെ ക്ഷേമത്തിനായിക്കൊണ്ട് ആരോ ഗ്യരക്ഷാവിഷയമായിട്ട് ഒരു ഡിപ്പാർട്ടുമേണ്ട് ഏർപ്പെ ടുത്തി. ദേവസ്വം ഡിപ്പാർട്ടുമേണ്ടു നിശ്ശേഷം ഉട ച്ചുവാക്കുകയും ദേവസ്വം കാര്യങ്ങളെ ശീമകാര്യങ്ങ ളിൽനിന്നു വേർപെടുത്തുകയും ചെയ്തു. അക്കൌണ്ടു ഡിപ്പാർട്ടുമേണ്ടിൽ കണക്കുവെക്കുന്ന സമ്പ്രദായം കു റെക്കൂടി വെടിപ്പുവരുത്തി. കൃഷിയെ സംബന്ധിച്ച് ഒരു ഡിപ്പാർട്ടുമേണ്ടു സ്ഥാപിച്ചു. മത്സ്യം പിടിയ്ക്കു ന്ന സമ്പ്രദായത്തിലും വില്പനയ്ക്കായിക്കൊണ്ട് അവ യെ ഉണക്കി സൂക്ഷിയ്ക്കുക മുതലായ സമ്പ്രദായത്തി

ലും വേണ്ടുന്ന പരിഷ്കാരങ്ങൾ ചെയ്യുന്നതിലേയ്ക്ക് ഉത്സാഹം തുടങ്ങി. വ്യവസായവിഷയമായിട്ടു രാജ്യത്താസകലം ഒരു പരിശോധന നടത്തി. വിവിധ വ്യവസായങ്ങളെ ശീലിപ്പിയ്ക്കുന്നതിന്നും പല ശില്പിവേലകളെ അഭ്യസിപ്പിയ്ക്കുന്നതിന്നും കൃഷിയും കൈത്തൊഴിലും പരിഷ്കരിയ്ക്കുന്നതിന്നും വേണ്ട ഏർപ്പാടുകൾ ചെയ്തു. ചില പട്ടണങ്ങളിൽ മുൻസിപ്പാൽ ഭരണം നടപ്പാക്കി. ഓരോ ഡിപ്പാർട്ടുമേണ്ടുകളിലും നടത്തേണ്ട വേലകൾ കാലത്തെ അനുസരിച്ചും ഏററവും യോഗ്യമായും ഉള്ള സമ്പ്രദായത്തിലാക്കിത്തീർത്തു. ഈ സമ്പ്രദായം നിലനില്ക്കുന്നതിന്നുവേണ്ടി എല്ലാ ഡിപ്പാർട്ടുമേണ്ടിലെ നടപടികളും നിയമപ്പെടുത്തിക്കൊണ്ട് കോഡുകൾ ഉണ്ടാക്കുകയും ചെയ്തു. ഈ പതിനഞ്ചു കൊല്ലത്തിന്നകത്തു വിദ്യാഭ്യാസത്തിന്നു വളരെ അഭിവൃദ്ധിയുണ്ടായിട്ടുണ്ട്. ഇപ്പോൾ നടപ്പുള്ളതായിട്ട് എഴുപത്തിനാലു റഗുലേഷങ്ങളും വിളംബരങ്ങളും ഉണ്ട്. അവയിൽ അയ്മ്പത്തിനാലോളം ഇക്കാലത്താണ് പാസ്സാക്കീട്ടുള്ളത്".

മുൻസിപ്പാലിററിയും നഗരശുചീകരണവും സംബന്ധിച്ച മുമ്പുണ്ടായിരുന്ന നിയമത്തെ നവീകരിച്ചതായി ഈ വൃശ്ചികം 17 ാംനു- ഒരു ത്തറക്കെവിളയാട്ടവും പ്രസിദ്ധം ചെയ്തിട്ടുണ്ട്. ഇനിയും പല ഉപ

കാരമുള്ള നിയമങ്ങൾ ആലോചിച്ചുവരുന്നതുമുണ്ട്.

തിരുമനസ്സിലെ രാജ്യഭരണകാലത്ത് എത്രത്തോളം അഭിവൃദ്ധിയുണ്ടായിട്ടുണ്ടെന്നു താഴെ കാണിക്കുന്ന വിവരത്തിൽനിന്ന് അറിയാവുന്നതാണ്:—

| | 1070-ൽ | 1087-ൽ |
|---|---|---|
| * ആകെ മുതലെടുപ്പ് | 2002940 | 4446000 |
| ജനസംഖ്യ:— | | |
| 1 പുരുഷന്മാർ | 361904 | 457342 |
| 2 സ്ത്രീകൾ | 361002 | 460768 |
| ആകെ. | 722906 | 918110 |
| അക്ഷരജ്ഞാനമുള്ളവർ (ആയിരത്തിൽ) | | |
| 1 പുരുഷന്മാർ | 223 | 243 |
| 2 സ്ത്രീകൾ | 39 | 61 |
| ആകെ | 262 | 304 |
| ഇംഗ്ലീഷറിയുന്നവർ (പതിനായിരത്തിൽ) | | |
| 1 പുരുഷന്മാർ | 26 | 192 |
| 2 സ്ത്രീകൾ | 3 | 31 |
| ആകെ | 29 | 223 |

* പല ഡിപ്പാർട്ടുമെന്റുകളിൽ കൂടി കലമേനി ശരിപ്പെടുത്തിയ എസ്റ്റിമേററ്.

| | | |
|---|---|---|
| സ്കൂളുകൾ | 107 | 1015 |
| സ്കൂൾ കുട്ടികൾ | 7635 | 51363 |

മദിരാശി പട്ടണം കഴിഞ്ഞാൽ തെക്കേ ഇന്ത്യയിലെ എല്ലാ ജില്ലകളിലും നാട്ടുരാജ്യങ്ങളിലുംവെച്ച് കൊച്ചിശ്ശീമയാണ് സാധാരണ വിദ്യാഭ്യാസവിഷയത്തിൽ മുമ്പിട്ടു നില്ക്കുന്നത്. കഴിഞ്ഞ കാനേഷുമാരികണക്കുപ്രകാരം 139083 ആളുകൾ കൊച്ചിശ്ശീമയിൽ എഴുതുവാനും വായിപ്പാനും ത്രാപ്തിയുള്ളവരുണ്ട്. ഇതിൽ 111146 പുരുഷന്മാരും 27937 സ്ത്രീകളും ആണ്. ആകെ ജനസംഖ്യയിൽ 1000-ത്തിന്നു 151 വീതം അക്ഷരജ്ഞാനമുള്ളവരായിക്കാണാം.

തിരുവിതാംകൂറിൽ 1000-ത്തിന്നു 149-ം ബറോഡയിൽ 101-ം മൈസൂരിൽ 63-ം തഞ്ചാവൂരിൽ 112-ം മലയാളജില്ലയിൽ 111-ം സംസ്ഥാനം ഒട്ടുക്കു നോക്കുന്നതായാൽ 75-ം വീതം മാത്രമാണ് ഉള്ളത്.

അക്ഷരജ്ഞാനമുള്ളവർ ആകെ ജനസംഖ്യയിൽ 1000-ത്തിന്നു വീതപ്രകാരം:—

| | പുരുഷന്മാർ | സ്ത്രീകൾ |
|---|---|---|
| കൊച്ചി | 243 | 61 |
| തിരുവിതാംകൂർ | 248 | 50 |
| മലബാർ | 190 | 35 |
| തഞ്ചാവൂർ | 218 | 15 |

| | | |
|---|---|---|
| മദിരാശിപട്ടണം | 421 | 129 |
| മദിരാശിസംസ്ഥാനം മുഴവൻ | 139 | 13 |
| ബറോഡ | 175 | 20 |
| മൈസൂർ | 112 | 12 |

88 ധനു 11-ാനു- തിരുമനസ്സിലെ ഷഷ്ടിപൂൎത്തി തിരുനാളായിരുന്നു. 1002 കൎക്കടമാസത്തിൽ തീപ്പെട്ട വലിയ തമ്പുരാൻ തിരുമനസ്സിലെ ഷഷ്ടിപൂൎത്തി കഴിഞ്ഞതിൽ പിന്നെ, ഇങ്ങനെയൊരു മഹോത്സവത്തിന്നുള്ള അവസരം ഇതുവരെ ഉണ്ടായിട്ടില്ല. ഈ അപൂൎവ്വസംഭവം കൊച്ചിരാജ്യമാസകലം ഇന്നപ്രകാരത്തിലെ കൊണ്ടാടിയുള്ളുവെന്ന് കയ്യുംകണക്കുമില്ല. തിരുനാൾ ദിവസം വൈകുന്നേരം നാലു മണിക്ക് തിരുമനസ്സിലെ പ്രജകളുടെ പ്രതിനിധികളായി അനേകം ആളുകൾ കുന്നിന്മേൽ ബങ്കളാവിൽവെച്ച് വിഹിതമായ വിധത്തിൽ തിരുമനസ്സിലേയ്ക്കു് ഒരു മംഗളപത്രം സമൎപ്പിയ്ക്കുകയുണ്ടായി. ആ മംഗളപത്രവും അതിന്നുള്ള മറുവടിയും 1088-ലെ കൊച്ചി സൎക്കാർഭരണറിപ്പോൎട്ടിൽ കൊടുത്തിട്ടുണ്ട്. എറണാകുളത്ത് ഒരു നഗരശാല (ടൌൺഹാൾ), പഞ്ചായത്ത്, പ്രജാസഭ, സംസ്കൃതം, മലയാളം ഈ ഭാഷകളുടെ അഭിവൃദ്ധിയ്ക്കു വേണ്ട ഏൎപ്പാടുകൾ, തേക്ക് വീട്ടി മുതലായ വൃക്ഷങ്ങളുടെ ആദായത്തിൽ പകുതി ഉടമസ്ഥന്മാൎക്ക് അവകാ

ശപ്പെടുത്തുക; സൎക്കാരുദ്യോഗസ്ഥന്മാരിൽ താഴ്ന്ന ശമ്പളക്കാൎക്ക് ഓരേ മാസത്തെ ശമ്പളം സൌജന്യം കൊടുക്കുക; ഇതുകളായിരുന്നു തിരുനാൾ ദിവസം തിരുമനസ്സുകൊണ്ട് പ്രജകളുടെ ശ്രേയസ്സിന്നായി കല്പിച്ചു നല്കിയ അനുഗ്രഹങ്ങൾ. 88-ാമാണ്ടിൽതന്നെ നഗരശാലയ്ക്ക് കല്ലിടുകയും പണി തുടങ്ങുവാൻ ഇരുപതിനായിരം ഉറുപ്പിക അനുവദിക്കയും ചെയ്തു. 89 മീനമാസം മുതൽ പഞ്ചായത്ത് ഏൎപ്പാടു തുടങ്ങുവാൻ തീൎച്ചപ്പെടുത്തി; അതിനുള്ള നിയമങ്ങളും നടപ്പാക്കി. സംസ്കൃതപാഠശാലയും ഭാഷാസംസ്കരണക്കമ്മററിയും നടപ്പിൽ വന്നു. തേക്കുതടികളിലുള്ള അവകാശം, കീഴുദ്യോഗസ്ഥന്മാൎക്കു കൊടുക്കുവാൻ നിശ്ചയിച്ചിരുന്ന സൌജന്യം, ഈ കാൎയ്യങ്ങളിലുംവേണ്ട നടവടികൾ നടത്തി. ഹാർഡിഞ്ച് പ്രഭുവിന്റെ ഭാൎയ്യയുടെ പ്രത്യേക ആവശ്യപ്രകാരം ഹാർഡിഞ്ച് പ്രഭുവിന്റെ പിറന്നാൾ 1913 ജൂൺ 20-ാംനു- കുട്ടികളുടെ ഒരു വിശേഷദിവസമായി കൊണ്ടാടുകയും, കൊച്ചി രാജ്യത്തുള്ള സകല സ്കൂളുകളിലും അന്നേ ദിവസം അനദ്ധ്യായമായി ആചരിക്കുകയും ചെയ്തു.

1912 ആഗസ്റ്റ് 18-ാംനു- തിരുമനസ്സുകൊണ്ടു പതിവുപോലെ കാഞ്ഞിരപ്പിള്ളിക്ക് എഴുന്നള്ളി, അഞ്ചാഴ്ചവട്ടത്തോളം അവിടെ താമസിച്ച് അക്ടോബർ

6-ാംനു- തിരികെ എഴുന്നള്ളുകയും, 19-ാംനു- തിരുവഞ്ചിക്കുളത്തേയ്ക്കു് എഴുന്നള്ളി പിറ്റെ ദിവസംതന്നെ മടങ്ങി എഴുന്നള്ളുകയും ചെയ്തു. 1913 മാൎച്ചമാസം 16-ാംനു- തിരുമനസ്സുകൊണ്ടു് തൃശ്ശിവപേരൂരിൽ സ്ത്രീകൾക്കുള്ള ആസ്പത്രിയ്ക്കു് കല്ലിടുവാനായി എഴുന്നള്ളുകയും അതു കഴിഞ്ഞ് 19-ാംനു- തിരികെ എഴുന്നള്ളുകയും ചെയ്തു. ആ മാസത്തിൽതന്നെ ഒരു ദിവസം തിരുവഞ്ചിക്കുളത്ത് എഴുന്നള്ളി താമസിക്കുകയും, അവിടെനിന്നു് തിരികെ എഴുന്നള്ളി 29-ാംനു- ക്രുണ്ടൂൎക്കു് എഴുന്നള്ളുകയും ചെയ്തു. ജൂൻ മാസം 11-ാംനു- തൃപ്പൂണിത്തുറക്കു് തിരികെ എഴുന്നള്ളി. രാമനാഥപുരത്തു് രാജാവു് അക്കൊല്ലം കൊച്ചിരാജ്യത്തേയ്ക്കു് വന്നു് തിരുമനസ്സിലെ അതിഥിയായി ഒരു ദിവസം തൃശ്ശിവപേരൂരും, ഒരു ദിവസം എറണാകുളത്തും താമസിക്കയുണ്ടായിട്ടുണ്ടു്. 1912 നവമ്പർമാസം 9-ാംനു- ബാനൎജി അവധി കഴിഞ്ഞ ശീമയിൽനിന്നും തിരികെ വരികയും നാരായണമാരാരുടെ പക്കൽനിന്നും ദിവാൻ പണി ഏറ്റുവാങ്ങുകയും ചെയ്തു. ആൽബിയാൻ രാജകുമാർ ബാനൎജി എം. എ; ഐ. സി. എസ്സ്; സി. ഐ. ഇ; ദിവാൻപണി പ്രശസ്തമായ രീതിയിൽ നടത്തി മഹാരാജാവിന്റെ പ്രശംസാവഹമായ അനുമോദനത്തിന്നും, പ്രജകളുടെ പ്രീതിപൂൎവ്വമായ

സൽക്കാരപരമ്പരസ്സും അർഹനായിത്തീരുകയും 89 കും ഭം 19-ാംനു- പണിയിൽനിന്ന് പിരിയുകയും, ജെ. ഡബ്ളിയു. ബോർ, ഐ. സി. എസ്സ്, ആ സ്ഥാന ത്തുവരികയും ചെയ്തു.

1088-ൽ മത്സ്യഗ്രഹണം, ചുങ്കം ഇത്യാദിസംബന്ധിച്ച നിയമങ്ങളെ ഭേദപ്പെടുത്തുന്നതായ ഒരു നിയമവും, സാഹിത്യം, ശാസ്ത്രം, ധർമ്മം ഈ വിഷയങ്ങളെ സംബന്ധിച്ച റജിസ്ട്രേഷൻ നിയമവും സ്വയഭരണം, നഗരശുചീകരണം, ഇവയെപ്പററിയുള്ള നിയമങ്ങളെ ഭേദപ്പെടുത്തിയുള്ള നിയമവും, നാണയസാഹായികസംഘനിയമവും, കൊച്ചി അദാലത്ത് നിയമത്തെ ഭേദപ്പെടുത്തുന്ന നിയമവും, മുദ്രാലയങ്ങളെ റജിസ്റ്റർ ചെയ്യാനുള്ള നിയമവും, പകപ്പവകാശ നിയമവും, കൂടി ആകെ ഏഴ നിയമങ്ങൾ നടപ്പിൽ വന്നിട്ടുണ്ട്. കുടിയായ്മ ബിൽ, ബോയിലർ പരിശോധനബിൽ, വക്കീൽ നിയമം, മോട്ടാർ നിയമം, ഇതുകൾ ആലോചനയിലും ഇരിക്കുന്നു. കുടിയായ്മ ബില്ലിനെപ്പററി ജന്മികളോടും കുടിയാന്മാരോടുംകൂടി ആലോചിച്ച സമ്പ്രദായം നിയമനിർമ്മാണരീതിയിൽ കൊച്ചിരാജ്യത്ത് ഒരു പുതിയ പദ്ധതിയാകുന്നു. രാജ്യഭരണവിഷയത്തിൽ ഒററക്കൊററയ്ക്ക് എല്ലാ ഡിപ്പാർട്ട

മേണ്ടകളിലും മററുള്ള കൊല്ലങ്ങളിൽ എന്നപോലെ 88-ാമാണ്ടിലും പല പരിഷ്കാരങ്ങളും ഉണ്ടായിട്ടുണ്ട്.

വ്യവസായസംബന്ധമായും കൃഷിസംബന്ധമായും പല പരിഷ്കാരങ്ങളും തിരുമനസ്സിലെ കാലത്തുണ്ടായിട്ടുണ്ട്. സക്കാരിൽനിന്ന് ഈ കാര്യത്തിൽ പല സഹായങ്ങളും ചെയ്തുവരുന്നതുകൊണ്ട് വഴിപോലെ അഭിവൃദ്ധിയും ഉണ്ടായിട്ടുണ്ട്. സീതാരാമനെയ്ത്തുകമ്പനി മംഗളോദയം അച്ചുകൂടക്കമ്പനി, വാണിയമ്പാറ റബ്ബർക്കമ്പനി, ഗോകുലവിലാസം കന്നുകാലിക്കമ്പനി, അറക്കക്കമ്പനി മുതലായ റജിസ്റ്റർ ചെയ്തകമ്പനികളും മററു വ്യവസായങ്ങളും അടുത്ത കാലങ്ങളിലാണ് ഉണ്ടായിട്ടുള്ളത്. പരീക്ഷിച്ചു നോക്കുവാനായി വിയ്യൂർ പാക്കിൽ പല വിധത്തിലും ഉള്ള കൃഷിവേലകൾ തുടങ്ങി. കൃഷിക്കാൎക്കു ചുരുങ്ങിയ പലിശയ്ക്കു സക്കാരിൽനിന്നു പണം കടം കൊടുത്തുവരുന്നുണ്ട്. പുഷ്പഗിരി നെയ്ത്തുകമ്പനിയ്ക്കു സക്കാരിൽനിന്നു ധനസഹായം ചെയ്തിട്ടുള്ളതിന്നു പുറമെ തിരുമനസ്സുകൊണ്ടുതന്നെ അതിൽ ഓഹരികൾ ചേൎന്നിട്ടുണ്ട്.

പല സംഗതികളിലും തിരുമനസ്സുകൊണ്ട് പ്രജകളായിട്ടു നേരിട്ടു കണ്ടു സംസാരിച്ച് അവൎക്കു സങ്കടനിവൃത്തി വരുത്തിക്കൊടുത്തിട്ടുണ്ട്. അണക്കെട്ടി

നെപ്പററി പ്രജകൾക്ക് ഉണ്ടായ സങ്കടം കേട്ടു തീർക്കുവാൻ ഒരിയ്ക്കൽ അവിടുന്നു ചിററൂരുവരെ എഴുന്നള്ളി. എളങ്കുന്നപ്പുഴെ കുടിയാനവന്മാരുടെ കേസ്സ് എറണാകുളത്ത് ഹജ്ജൂർ കച്ചേരിയിൽ എഴുന്നള്ളിയിരുന്നു കേട്ട് കുടിയാനവന്മാരെ സമാധാനപ്പെടുത്തി. 1899-ൽ ശീമയാത്രയെപ്പററി ഒരു തീരുമാനമുണ്ടാക്കുവാൻ ഭാഷ്യമയ്യങ്കാർ, വൈദികന്മാർ, ആഢ്യന്മാർ മുതലായ പല യോഗ്യരേയും വരുത്തി തൃശ്ശിവപേരൂർവെച്ച് ഒരു സഭകൂട്ടുകയും അതിന്നുശേഷം അവിടത്തെ പ്രജകളിൽ പലരും ശീമയ്ക്കു പോയിവരികയുമുണ്ടായിട്ടുണ്ട്. ദോഷവിചാരത്തിൽ പുരുഷവിചാരംകൂടി വേണ്ടെന്നാ എന്നാലോചിയ്ക്കുവാനും ഒരു മഹായോഗം കൂട്ടുകയുണ്ടായിട്ടുണ്ട്. 85 തുലാം 9-ാംനു- തൃശ്ശിവപേരൂർ കോവിലകത്തുവെച്ച് ജന്മികുടിയാൻ കാൎയ്യസംബന്ധമായി ഉള്ള സങ്കടങ്ങളെ കേൾപ്പാൻ കൊച്ചി ജന്മിസഭാമെമ്പ്രന്മാരുടെ ഒരു ഡെപ്യൂട്ടേഷൻ സ്വീകരിയ്ക്കുകയും ഉണ്ടായി.

മൂപ്പു കിട്ടിയതിന്നുശേഷം ഒരിയ്ക്കൽ കിലത്തിന്നു ക്ഷാരംവെക്കുകയും ചിലപ്പോൾ തിരുമുടിക്കുത്തുണ്ടാവുകയും ഈയിടയിൽ തൃക്കയ്യിന്മേൽ ഒരു വേദന ഉണ്ടാവുകയും ചെയ്തിട്ടുള്ളതല്ലാതെ പറയത്തക്ക ശീലായ്മ ഒന്നും ഉണ്ടായിട്ടില്ല. മൂപ്പു കിട്ടിയതിന്നുശേഷം എഴു

ന്നള്ളിത്താമസം കുന്നിന്മേൽ ബംഗ്ളാവിൽതന്നെ യാണ്.

അവിടത്തെ ദിനചർയ്യ വളരെ കൃത്യമായിട്ടാണ് നടന്നുവരുന്നത്. സംസ്കൃതഗ്രന്ഥങ്ങൾ നോക്കുകയും പഠിപ്പിക്കുകയും എളയ തമ്പുരാനായിരുന്ന കാലത്തെപ്പോലെ മൃഗങ്ങളെ വളൎത്തുകയും ലാളിക്കുകയും ഇപ്പോഴും ചെയ്തുവരുന്നുണ്ട്. തിരുനാളുതോറും അവിടത്തെ തിരുമുമ്പിൽവെച്ച് സദസ്സും നടന്നുവരുന്നുണ്ട്.

തിരുമനസ്സിലെ അനന്യസാധാരണമായ രാജ്യഭരണത്തിന്റെ പൎയ്യവസാനം കൊച്ചിരാജ്യചരിത്രത്തിൽ അഭൂതപൂൎവ്വമായ താഴെ പറയുന്ന തിരുവെഴുത്തുവിളംബരമാകുന്നു.

"എന്റെ പ്രേമഭാജനങ്ങളായ പ്രജകളെ! ഞാൻ ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്ന ഈ വിളംബരം നിങ്ങൾക്ക് ആശ്ചൎയ്യത്തിന്നും വ്യസനത്തിന്നും കാരണമായിത്തീരുമെന്ന് എനിയ്ക്ക് നല്ലവണ്ണം അറിയാം. എങ്കിലും, നിങ്ങൾ എന്റെ അഭിപ്രായത്തോടുകൂടി യോജിയ്ക്കുമെന്നും, എന്നെപ്പോലെ നിങ്ങളും അത് സഹിച്ച് ഒതുക്കുമെന്നുമുള്ള പൂൎണ്ണവിശ്വാസത്തോടുകൂടി, പ്രായാധിക്യം നിമിത്തം രാജ്യഭരണത്തിൽനിന്നും ഒഴിഞ്ഞ്, സ്വസ്ഥനായിരിയ്ക്കണമെന്നുള്ള എന്റെ ആഗ്രഹത്തെ ഞാൻ നിങ്ങളെ അറിയിച്ചുകൊള്ളുന്നു. ഞാൻ

ഏല്പ്പെട്ടാലോചിച്ചുവരുന്ന ചില പ്രധാന സംഗതികൾ കാലതാമസം കൂടാതെ തൃപ്തികരമാംവണ്ണം ചെയ്തു തീർത്തതിന്നുശേഷം ഒഴിയണമെന്നാണ് വിചാരിയ്ക്കുന്നത്. ഞാൻ ഒഴിയുന്നതിന്നു മുമ്പു നിങ്ങളെ എല്ലാവരേയും ഒരുമിച്ചുകൂടി കാണണമെന്നാണ് വിചാരിയ്ക്കുന്നത്. അതിന്നുള്ള ദിവസം ദിവാൻ മുഖാന്തരം നിങ്ങൾക്ക് അറിവുതരുന്നതാണ്."

## ചന്ദ്രവതി.

ഇന്ത്യാചരിത്രം വായിച്ചിട്ടുള്ളവരൊക്കെ ദിലീപസിംഹമഹാരാജാവിൻെറ വ്യസനകരമായ ജീവചരിത്രം ഓക്കുന്നുണ്ടായിരിക്കണം. ഇംഗ്ലീഷുകാക്ക പ്രത്യേകിച്ചു അദ്ദേഹത്തിൻെറ പേരു മറക്കത്തക്കതല്ല. അല്പം വഷങ്ങൾക്കുമുമ്പ് അദ്ദേഹം ഇംഗ്ലാണ്ടിൽ പ്രമാണികളുടെ കൂട്ടത്തിൽ ഒരാളായിരുന്നു. രാജധാനിയിൽ എന്തുതന്നെ അടിയന്തരങ്ങളോ ആഘോഷങ്ങളോ ഉണ്ടായിരുന്നാലും ദിലീപസിംഹമഹാരാജാവിൻെറ വടിവൊത്തു തികഞ്ഞ സൽരൂപവും 'പഗ്രി' ത്തലപ്പാവും പ്രത്യേകം ദൃഷ്ടിയിൽപെടത്തക്കവയാ

യിരുന്നു. അദ്ദേഹത്തിന്റെ അതിവിശേഷമായ 'നാട്ടുഭവനം' വെയിൽസ്സുരാജകുമാരന്റേയും രാജകുമാരിയുടേയും എന്നല്ല രാജകുടുംബത്തിലെ സകല അംഗങ്ങളുടേയും പ്രമാണികളായ പ്രഭുക്കന്മാരുടേയും ഇഷ്ടത്തിന്നൊത്ത 'വിനോദഭൂമിയായിരുന്നു. ഇംഗ്ലീഷ്ക്കാരിൽ ആഭിജാത്യംകൊണ്ടുയൎന്നവർ അവരുടെ വൎഗ്ഗത്തിൽനിന്നു വേറെ ഒരാളായിട്ടല്ല അദ്ദേഹത്തിനെ കരുതിയിരുന്നത്. അദ്ദേഹത്തിനെ കൂടാതെകണ്ടു പ്രഭുക്കന്മാരുടെ യാതൊരു യോഗവും കൂടുക പതിവില്ല.

'പഞ്ചാബിലെ സിംഹം' എന്നു പ്രസിദ്ധനായ സാക്ഷാൽ രഞ്ജിതസിംഹമഹാരാജാവിന്റെ പട്ടമഹിഷിയും ദിലീപസിംഹമഹാരാജാവിന്റെ അമ്മയുമായ മഹതിയാകുന്നു ഈ കഥാനായികയായ മഹാറാണി ജിറദൻ. അവരെ സാധാരണയായി മഹാറാണിജിന്ദൻ എന്നാണ് വിളിച്ചുവന്നിരുന്നത്. എങ്കിലും സാക്ഷാൽ പേരു ചന്ദ്രവതിയെന്നായിരുന്നു. രഞ്ജിതസിംഹന്റെ ഭാൎയ്യയായിരിപ്പാൻ തക്ക യോഗ്യത അവൎക്കുണ്ടായിരുന്നുവെന്നു പറയേണ്ടതില്ല. മഹാരാജാവാകട്ടെ ശകന്മാരെ കൂട്ടി യോജിപ്പിച്ച് അവരെ സകല ജാതിക്കാരിലുംവെച്ച് ഒരു പ്രധാനവൎഗ്ഗമാക്കിത്തീൎത്തു. അദ്ദേഹത്തിന്റെ രാജശക്തി കാബൂൾമുതൽ ഡൽഹിവരെ വ്യാപിച്ചു. ബ്രിട്ടീഷുപട്ടാളങ്ങളോ

ട പൊരുതിനിന്നിട്ടുള്ള കാൽസാസ് എന്ന ദേശത്തിലെ പുതിയ സൈന്യത്തെ അദ്ദേഹമാണ് ശേഖരിച്ചത്. ഡൽഹിയിലെ യഥാൎത്ഥമായ രാജപട്ടം അദ്ദേഹം വഹിച്ച് ഇംഗ്ലീഷ്ക്കാരുടെ ഭക്തിക്കും ഭയത്തിന്നും ആസ്പദമായിത്തീൎന്നു. ഈ രഞ്ജിതസിംഹമഹാരാജാവു മരിക്കുന്ന സമയം ഖഡ്ഗസിംഹൻ, ശരസിംഹൻ, ദിലീപസിംഹൻ ഇങ്ങിനെ മൂന്നു പുത്രന്മാർ അദ്ദേഹത്തിന്നുണ്ടായിരുന്നു. എന്നാൽ ആ മഹാപുരുഷൻെറ അമാനുഷശക്തികൊണ്ട് ഒതുക്കിനിൎത്തിയിരുന്ന അനേകം അത്യാഗ്രഹികളും കപടന്മാരുമായ ഉദ്യോഗസ്ഥന്മാരേയും സേനാധിപതികളേയുമാണ് പുത്രന്മാൎക്കു പിതൃധനമായി കൊടുത്തിരുന്നത്. അദ്ദേഹത്തിൻെറ മരണശേഷം ഇവർ അധികാരശക്തികൊണ്ടുണ്ടാകാവുന്ന സുഖം അനുഭവിപ്പാനും പഞ്ചാബിലെ രാജ്യഭാരം കൈവശപ്പെടുത്തുവാനും അത്യാൎത്തിയോടുകൂടി ചെന്നായ്ക്കളെപ്പോലെ കലഹിച്ചു തുടങ്ങി. ഖഡ്ഗസിംഹനെ കൊന്നു ശരസിംഹൻ സിംഹാസനാരോഹണം ചെയ്തു. പിന്നീട് അദ്ദേഹവും ജ്യേഷ്ഠനെ പിന്തുടൎന്നു. ഇങ്ങിനെ നാലു വൎഷങ്ങൾക്കിടയ്ക്കു രണ്ടു പുത്രന്മാരും മരിച്ചു. രാജ്യംമുഴുവനും ആഭ്യന്തരകലഹംകൊണ്ടും അഴിമതികൾകൊണ്ടും ആക്രമങ്ങൾകൊണ്ടും കലങ്ങിവശായി. മന്ത്രികളും സേനാധിപ

ന്മാരും അധികാരവലിപ്പത്തിന്നുവേണ്ടി അന്യോന്യം ഛിദ്രിച്ച സ്വാധീനത്തിലുണ്ടായിരുന്ന അധികാരംകൂടി കളഞ്ഞു കാലഗതിയെ പ്രാപിച്ചു. ഒടുവിൽ അഞ്ചു വയസ്സുമാത്രം പ്രായംചെന്ന രാജകുമാരൻ സർവ്വസമ്മതത്തോടുകൂടി മഹാരാജാവായിട്ടു വാഴിക്കപ്പെടുകയും രാജകുമാരന്റെ അമ്മ ചന്ദ്രവതി സ്വയമായിട്ടു രാജ്യകാര്യം അന്വേഷിക്കുവാൻ തുടങ്ങുകയും ചെയ്തു.

അഗാധബുദ്ധി, സ്ഥിരധൈര്യം, അതിശയിക്കത്തക്ക ഓജസ്സ് ഈ ഗുണങ്ങൾ തികഞ്ഞിട്ടുള്ളവളായിരുന്നു ചന്ദ്രവതി. ഒതുക്കവും വണക്കവും ഇല്ലാത്തവരും ധീരന്മാരുമായ ശകന്മാർ വഴിപോലെ യോജിച്ചൊരു രാജ്ഞിയും ആയിരുന്നു. ചന്ദ്രവതി രണാങ്കണത്തിൽ കാണിച്ചിരുന്ന പ്രതാപം ആലോചനാമണ്ഡപത്തിലും ഒരുപോലെ പ്രകടിപ്പിച്ചിരുന്നു. സൂക്ഷ്മം നോക്കുന്നതായാൽ ഭർത്താവായിരുന്ന മഹാപുരുഷന്റെ സ്വഭാവവിശേഷങ്ങൾ മിക്കതും ഭാര്യയുടെ സ്വഭാവത്തിലും പ്രതിബിംബിച്ചിരുന്നു. ചിന്നിച്ചിതറി കിടന്നിരുന്ന തന്റെ അധികാരങ്ങളെല്ലാം ചന്ദ്രവതി കൂട്ടിച്ചേർത്തു സ്വാധീനത്തിൽ ഉറപ്പിച്ചു. ഭരണാധിപന്മാരും സേനാധിപന്മാരും തമ്മിലുണ്ടായിരുന്ന കലഹങ്ങളും സ്പർദ്ധകളും ഒതുക്കി ഇരുകക്ഷികളേ

യും യോജിപ്പിച്ചു. രാജ്യത്തെങ്ങും ക്ഷേമവും സമാധാനവും വളർത്തി. കാൽസൈന്യം ഭർത്താവിന്റെ പരിപാലനത്തിൽ ഇരുന്നിരുന്നപോലെ അത്ര ശക്തിമത്തും അജയ്യവും ആക്കിത്തീർത്തു. പ്രാപ്തിയുള്ളവരെ അല്ലാതെ മേലുദ്യോഗങ്ങൾക്ക് ആരേയും നിയമിച്ചിരുന്നില്ല. മിടുക്കും ധൈര്യവും കണ്ടു സൈന്യാധിപത്യം കൊടുത്തുവന്നു. ശരസിംഹനെ പടയാളികളിൽ തലവനായിട്ടും നിയമിച്ചു.

ഇംഗ്ലീഷ്കാരുടെ രാജ്യത്തിന്റെ അതിർ പഞ്ചാബ് രാജ്യത്തോടു തൊട്ടുകിടന്നിരുന്നു. പഞ്ചാബ് രാജ്യപരിപാലനത്തിന്റെ തികവും അവിടെയുള്ള ശകസൈന്യത്തിന്റെ പ്രാബല്യവും ഇംഗ്ലീഷ്കാൎക്ക ഭയകാരണങ്ങളായിത്തീൎന്നു. അവരുടെ അതിരുകളിൽ എല്ലാടവും പട്ടാളങ്ങളെ പാൎപ്പിക്കുകയും ശതദ്രുനദീതീരത്തിങ്കൽ വലുതായ ഒരു സൈന്യം സ്ഥാപിക്കുകയും ചെയ്യുന്നതു നന്നായിരിക്കുമെന്നു കരുതി ആയതിന്നുവേണ്ടി ഏൎപ്പാടുകൾ നടത്തി. ശകസൈന്യം അവരുടെ അതിരുവിട്ട് ഇംഗ്ലീഷ് അതൃത്തിയിലേക്കു കടന്നുവെന്ന് ഇംഗ്ലീഷ്കാരും, അതല്ല ഇംഗ്ലീഷ്കാർ തങ്ങളുടെ രാജ്യത്തെ ആക്രമിക്കയാണ് ചെയ്തത് എന്നു ശകന്മാരും അന്യോന്യം വഴക്കു പുറപ്പെടുവിച്ചു. കാരണം ഏതുതന്നേയായാലും വളരെ താമസം കൂടാതെ സു

പ്രസിദ്ധമായ 'ശകയുദ്ധം' ആരംഭിച്ച് ഒരു വൎഷത്തോളം തുടൎച്ചയായി നിന്നു.

ഈ യുദ്ധകാലത്തു രാജ്യാധിപത്യവും സേനാധിപത്യവും ചന്ദ്രവതിയിങ്കൽതന്നെ പരിണമിച്ചു. ദ്രോഹികളും കൃതഘ്നന്മാരുമായ ചില ഉദ്യോഗസ്ഥന്മാരും സേനാധിപന്മാരും ചന്ദ്രവതിയെ ചതിച്ച് ഇംഗ്ലീഷ്ക്കാൎക്ക് ഗൂഢസഹായം ചെയ്തുവന്നു. വീരനായ ഭൎത്താവിൻെറ യശസ്സിനെ പരിപാലിപ്പാനും സ്വരാജ്യത്തിൻെറ സ്വാതന്ത്ര്യത്തെ രക്ഷിപ്പാനുമായി ചില സമയങ്ങളിൽ നമ്മുടെ നായികയ്ക്കു തനിച്ചുനിന്നു പൊരുതേണ്ടതായിക്കൂടിവന്നിട്ടുണ്ട്. അതുകൊണ്ടൊന്നും അവൎക്കൊരിളക്കവുമുണ്ടായിട്ടില്ല. മന്ത്രികളുടേയും പടനായകന്മാരുടേയും സഹായം കൂടാതെതന്നെ രാജ്യംഭരിച്ചുകൊണ്ടും സൈന്യത്തെ നയിച്ചുകൊണ്ടും അവർ അചലംപോലെ സ്ഥിരയായിട്ടു നിന്നിരുന്നു. ഭയങ്കരമായ ഈ ശകയുദ്ധം ചരിത്രപ്രസിദ്ധമാണല്ലോ. മുഡ്കകിമുതലായ ദിക്കുകളിലുണ്ടായ ആഹവങ്ങളിലേപ്പോലെ ഇംഗ്ലീഷ്ക്കാർ ഒരുകാലത്തും ഇന്ത്യയിൽ പടവെട്ടുകയുണ്ടായിട്ടില്ല. ഉദ്യോഗസ്ഥന്മാരുടേയും സേനാധിപന്മാരുടേയും ചതിപ്രയോഗത്തിൻെറ മദ്ധ്യത്തിൽ ഏകാകിനിയായിട്ടു മഹാറാണിക്ക് എന്തൊന്നാണ് സാധിക്കുവാൻ കഴിയുന്നത്! ചന്ദ്രവതിയുടെ

സൈന്യം പരാജയപാരമ്പരയിൽ പെടുകയും ഒടുവിൽ അന്യഗതിയില്ലാതെ ചന്ദ്രവതി സഖ്യപത്രം ഒപ്പിടുകയും ചെയ്തു. സോബ്രോൺ എന്ന ദിക്കിൽ നടന്ന യുദ്ധത്തിൽ മഹാറാണിയുടെ സൈന്യത്തിന്നു തോൽവി പററി എന്ന് ഒരു പടനായകൻ വന്നു പറഞ്ഞപ്പോൾ സ്വാഭാവികമായ ശാന്തഗംഭീരതയോടുകൂടി ചന്ദ്രവതി പറഞ്ഞ മറുപടി 'എന്നാൽ എൻെറ കാൽസൈന്യം ഇനി യുദ്ധം ചെയ്യട്ടേ' എന്നായിരുന്നു. മഹാറാണിയുടെ മന്ത്രിമാരിൽ ഒരാൾ യുദ്ധം സമാപിക്കുകയാണ് നല്ലതെന്ന് ഉപദേശിച്ചപ്പോൾ 'ഈ അവസരത്തിൽ എൻെറ ഭർത്താവ് എന്തു ചെയ്യുമോ അതാണ് ഞാൻ ചെയ്യുന്നത്. ഞാൻ ജീവിച്ചിരിക്കുന്ന കാലംവരെ പഞ്ചാബ് രാജ്യം ഫ്ലൂന്നന്മാർക്ക് അധിനപ്പെടുന്നതു കാണ്മാൻ ആഗ്രഹിക്കയില്ല' എന്നാണ് ധൈര്യശാലിനി മറുപടി പറഞ്ഞത്. ഈ നിശ്ചയം നിമിത്തം മഹാറാണിക്കു സഖ്യത്തിന് അപേക്ഷിക്കാതെ നിവൃത്തിയില്ലാതായിത്തീന്നതുവരെ യുദ്ധം നടന്നുകൊണ്ടിരുന്നു.

ജോൺ ലോറൻസ് എന്ന ഇംഗ്ലീഷുകാരനെ ലാഹൂറിൽ റസേണ്ടായിട്ടു സ്വീകരിക്കത്തക്കവണ്ണവും രാജ്യകാര്യങ്ങൾ സകലതും ആ ഉദ്യോഗസ്ഥനോട് ആലോചിച്ചു ചെയ്യത്തക്കവണ്ണവും സമ്മതിച്ചു മഹാറാ

ണി സഖ്യപത്രം ഒപ്പിട്ടു. ഇപ്രകാരം ഫലംകൊണ്ടു രാജ്യഭരണം മുഴുവനും റസേണ്ടിൻെറ അധീനത്തിൽ പെടുകയും അയാൾ മഹാറാണിയെ രാജ്യത്തുനിന്നും ഒഴിച്ചു പഞ്ചാബിലെ മേൽവാഴ്ച ഇംഗ്ലീഷുകാൎക്ക് അധീനപ്പെടുത്തുവാൻ വേണ്ട മാൎഗ്ഗങ്ങൾ ഗൂഢമായി അന്വേഷിപ്പാൻ തുടങ്ങുകയും ചെയ്തു. എന്നാൽ ഈ ആഗ്രഹം കപടനീതികൊണ്ടും വ്യാജതന്ത്രംകൊണ്ടുമല്ലാതെ പ്രത്യക്ഷത്തിൽ സാധിക്കാവുന്നതല്ലായിരുന്നു. പന്ത്രണ്ടുവയസ്സുമാത്രം പ്രായം ചെന്ന ദിലീപസിംഹരാജാവിൻെറ പേരുപറഞ്ഞു മഹാറാണിയെ രാജദ്രോഹത്തിന്നുകുററപ്പെടുത്തി പെററമ്മയെ നാടുകടത്തുവാൻ ബാലനായ രാജകുമാരനെക്കൊണ്ടു കല്പന ഒപ്പിടുവിച്ചു. മഹാറാണിയെ ആദ്യം ശേഖരപുരത്തിലേക്കയച്ചിട്ടു കാശിയിലേക്കും മാററി.

നിരാകരണകല്പനയുംകൊണ്ട് അധികാരി മഹാറാണിയുടെ സമീപത്തിൽ ചെന്നു പഞ്ചാബ് വിട്ടുപോകണമെന്നറിയിച്ചപ്പോൾ 'ആരുടെയാണ് ഈ കല്പന' എന്നു ക്ഷമയോടുകൂടി ചോദിച്ചു. കുമാരനായ മഹാരാജാവിൻെറ തന്നെയാകുന്നു എന്ന് അധികാരി ബോധിപ്പിച്ചപ്പോൾ 'വേണ്ടില്ല; ഞാൻ രാജാവിനെ വണങ്ങേണ്ടവളാണ്. ഞാൻ പഞ്ചാബിലെ രാജ്ഞിയല്ല. അദ്ദേഹത്തിൻെറ അമ്മ എന്നുമാത്രമേയുള്ളൂ.

അതുകൊണ്ടു ഞാൻ ശരിയായിട്ടു രാജ്യം വിട്ടുപോകണം. എന്നേക്കുറിച്ചു നിങ്ങൾ ലേശം ഭയപ്പെടേണ്ട. ഞാൻ കല്പനയെ നിരോധിക്കയാകട്ടേ എൻെറ സ്വന്തം പുത്രൻെറ നേരെ ജനങ്ങളെ ഇളക്കിത്തീക്കയാകട്ടേ ഒരിക്കലും ചെയ്യുന്നതല്ല. എല്ലാം കലാശിച്ചുവെന്ന് എനിക്കു മനസ്സിലാകുന്നുണ്ട്' എന്നു മാത്രം മറുപടി പറഞ്ഞു.

കാൽസസൈന്യത്തെ സന്തോഷിപ്പിക്കുവാൻ വേണ്ടി മാത്രമാണ് ചന്ദ്രവതിയെ കാശിയിലേക്കു മാററിയത്. അവർ ആ സൈന്യത്തിൻെറ ഒരു പരദേവതയായിരുന്നു. കാശിയിലേക്കു മാററുന്ന വിവരം അവർ കേട്ടപ്പോൾ 'ഏതായാലും വേണ്ടില്ല, കാരാഗാരം കാശിയായാലും കാലപാണിയായാലും ശരിതന്നെ' എന്നു പറഞ്ഞു കാശിയിൽപോയി ഒതുക്കത്തോടും വണക്കത്തോടുംകൂടി താമസിച്ചുവന്നു. എന്നാൽ മനസ്സിന്നു തട്ടിയ ക്ഷോഭം അവക്കു സഹിക്കത്തക്കതല്ലായിരുന്നു. പുത്രനെ ചൊല്ലി ചന്ദ്രവതി വിലപിച്ചില്ല. കാരാഗൃഹവൃത്തിയെക്കുറിച്ചും അവർ വ്യസനിച്ചില്ല. അധികാരധനങ്ങളുടെ നാശത്തെ കുറിച്ചും മഹാറാണി ചിന്തിച്ചില്ല. പഞ്ചാബ്‌രാജ്യവും സ്വാതന്ത്ര്യവും യശസ്സും എന്നിന്നക്കും നഷ്ടമായിപ്പോയതിനെ ഓത്തിട്ടു മാത്രമാണ് മഹാറാണിയുടെ മനസ്സു മങ്ങി

പ്പോയത്. വ്യസനം സഹിക്കവയ്യാതെ രോഗത്തിൽ പെട്ടു കാശിനഗരത്തിൽ അത്യാസന്നസ്ഥിതിയിൽ കിടപ്പായി.

ഈ വൎത്തമാനം പഞ്ചനദിതീരത്തിങ്കലുള്ള ജനങ്ങളും കാൽസസൈന്യവും കേട്ടു. ചന്ദ്രവതിക്കുവേണ്ടി അവരുടെ ജീവനെക്കൂടി ഉപേക്ഷിക്കുവാൻ അവർ ഒരുക്കമുള്ളവരായിരുന്നു. ഇംഗ്ലീഷുകാരുടെ കപടനീതിയാവട്ടേ ശകന്മാരുടെ ഇടയിലുള്ള ഉദ്യോഗസ്ഥന്മാരുടേയും സേനാനായകന്മാരുടേയും രാജദ്രോഹബുദ്ധിയാകട്ടേ ഇംഗ്ലീഷുകാരുടെ നേരെ എതിൎക്കുന്നതിൽനിന്നു കാൽസസൈന്യത്തെ നിരോധിക്കുവാൻ കഴിഞ്ഞില്ല.

രണ്ടാംശകയുദ്ധവും ചരിത്രപ്രസിദ്ധമാകുന്നു 'ഗൌ' എന്ന പ്രഭുവിന്റെ കീഴിലുള്ള ഇംഗ്ലീഷു പട്ടാളം തോററു പറപറന്നു. തൽക്കാലത്തേക്കു ശകന്മാരുടെ ശക്തി പ്രബലമായി. എന്നാൽ ഗുജറാത്തിൽ ഉണ്ടായ യുദ്ധത്തിൽ ശകന്മാർ പരാജിതന്മാരാവുകയും അവരുടെ സൈന്യം ചിന്നിച്ചിതറി മിക്കവരും പഞ്ചഭൂതങ്ങളിൽ ലയിക്കുകയും ചെയ്തു. ബ്രിട്ടിഷുഗവൎമ്മേണ്ടിൽനിന്നു പഞ്ചാബ് രാജ്യം കൈകേറി. ദിലീപസിംഹമഹാരാജാവിനെ ശിമയിൽ കൊണ്ടുപോയി ക്രിസ്തുമതത്തിൽ ചേൎക്കുകയും ചിലവിന്നു ത

ക്കതായ മാലിഖാൻ കൊടുക്കുകയും ചെയ്തു. അതിന്നു ശേഷം അദ്ദേഹം ഒരു ആംഗ്ലേയയുവതിയെ കല്യാണം കഴിച്ചു. അതിൽ സന്താനങ്ങളുമുണ്ടായി.

അക്കാലത്തു മഹാറാണി ജിന്ദൻ— പഞ്ചാബിലെ മഹാരാജ്ഞിയായിരുന്ന വീരയുവതി ചന്ദ്രവതി— കാശിവിശ്വനാഥക്ഷേത്രത്തിന്നു സമീപം ആരും ഏതും ഇല്ലാതെ രോഗാതുരയായിക്കിടന്ന് അരിഷ്ടിക്കുന്നു. ഒന്നു രണ്ടു ദിവസമല്ല അനേകം വഷമായി ഇങ്ങിനെ കിടന്നു ക്ലേശിക്കുന്നു. ഇടയ്ക്കിടെ പ്രജ്ഞയില്ലാതെ പ്രലപിക്കുന്ന കൂട്ടത്തിൽ 'എൻെറ ശൂരന്മാരായ കാൽസസൈന്യമേ! പിൻവലിയ്ക്കല്ലേ ശകന്മാരുടെ യശസ്സും സ്വാതന്ത്ര്യവും നിങ്ങൾ കാത്തുരക്ഷിയ്ക്കണേ' എന്നല്ലാതെ മറെറാരുവാക്കും പറയാറില്ല.

ഒടുവിൽ ബ്രിട്ടീഷ് ഗവമ്മേണ്ടിന്നു ദയതോന്നി. മഹാറാണിയുടെ അപ്പോഴത്തെ അവസ്ഥ അത്രയും ശോചിക്കത്തക്കതായിരുന്നു. ഈ അത്യാസന്നസ്ഥിതിയിൽ എന്തൊന്നാണ് ആശ്വാസത്തെ ഉണ്ടാക്കുന്നത്! മഹത്തായ ശകവർഗ്ഗത്തെ ഭരിച്ചിരുന്ന ആ മഹാറാണിയുടെ അന്ത്യകാലത്ത് ആ ദേഹത്തിനെ സന്തോഷിപ്പിക്കുവാൻ യാതൊന്നും കഴിയില്ലെന്നോ? പുത്രൻെറ അരികെ കൊണ്ടുചെന്നാൽ വല്ല വ്യത്യാസവും വന്നേക്കാമെന്നു കരുതി മഹാറാണിയെ കൽ

ക്കത്തായിലേയ്ക്കും കൊണ്ടുചെന്നു. പക്ഷെ, ഒരു കാലത്തു മഹാറാണിയായിരുന്ന ആ മഹതി ഇപ്പോൾ അസംബന്ധപ്രലാപിനിയായ ഒരു സ്ത്രീ മാത്രമായി ശേഷിച്ചു. ആ ദേഹത്തെ കപ്പൽ കയററി ശിമയിലേക്കയച്ചു. എന്നാൽ ആ കീത്തിമതിയുടെ സകല അരിഷ്ടങ്ങൾക്കും കാലഗതിതന്നെ പരിഹാരം കണ്ടു. അവർ പോകുംവഴി കപ്പലിൽവെച്ചുതന്നേ വിരസ്വഗ്ഗം പ്രാപിച്ചു. ശവം സമുദ്രത്തിൽ നിക്ഷേപിക്കുകയും ചെയ്തു.

## മിസ്സസ് ആനിബെസൻറ്.

ഇംഗ്ലീഷ് പടിച്ചാൽ തൊട്ടുതിന്നുമെന്നൊരു വിശ്വാസം പഴമക്കാരായ ഹിന്തുക്കളുടെ ഇടയിൽ കടന്നുകൂടുന്നത് ഏതു വഴതിൽകൂടിയാണെന്നു സൂക്ഷ്മമായി ആലോചിക്കുവാൻ ത്രാണിയുള്ള അദ്ധ്യാപകന്മാർ ഇപ്പോഴുള്ള ഇംഗ്ലീഷു പള്ളിക്കൂടങ്ങളിൽ പത്തിനൊന്നു വീതം ഉണ്ടായിരുന്നുവെങ്കിൽ ഇംഗ്ലീഷ് വിദ്യാഭ്യാസംകൊണ്ടുള്ള ഗുണവും ഇംഗ്ലീഷു വിദ്യാത്ഥികളും ഒന്നിനു പത്തു വീതം വദ്ധിച്ചു കാണുമെന്നാണ് ഞങ്ങളുടെ വിശ്വാസം. നിജസന്താനങ്ങളുടെ

അഭ്യുദയത്തിൽ മാതാപിതാക്കന്മാർ ഉദാസീനന്മാരാണെന്നു ശങ്കിച്ചാൽ മഹാപാപമുണ്ട്. എത്രതന്നെ പ്രായം ചെന്നവരായാലും സംസ്കൃതം പഠിക്കുന്നതിൽ വിരോധം ഭാവിക്കാറില്ലെന്നല്ല പഠിക്കേണമെന്നു സിദ്ധാന്തിക്കകൂടി ചെയ്യാറുണ്ട്. പൂർവ്വാചാരങ്ങളിൽ വേരൂന്നീട്ടുള്ള മനോവൃത്തിയാൽ ഭരിക്കപ്പെടുന്ന വയോധികന്മാക്ക് ഇംഗ്ലീഷു വിദ്യാഭ്യാസത്തിൽ അവിശ്വാസം ജനിക്കുവാനുള്ള കാരണം, മക്കളുടെ ഗുണത്തിൽ കാംക്ഷയില്ലായ്കയല്ല. അവരുടെ പേരിൽ സ്നേഹമില്ലായ്കയുമല്ല; ഇപ്പോൾ നടപ്പുള്ള ഇംഗ്ലീഷു വിദ്യാഭ്യാസരീതിയിൽ ആന്തരമായ ഒരു ദോഷത്തെപ്പററിയുള്ളഭയംതന്നെയാണ്. പാശ്ചാത്യപരിഷ്കാരത്തിൻെറ ഫലം സ്വമതനിന്ദയെന്നു ഖണ്ഡിച്ചു പറവാൻ ഇംഗ്ലീഷു വിദ്യാത്ഥികളുടെ ഉള്ളറിഞ്ഞിട്ടുള്ള പുത്രമക്കാർ മടിക്കുമെങ്കിലും ആലോചനാശക്തി ഉറക്കുന്നതിനു മുമ്പ് സ്വമതസ്നേഹം മറന്ന് ത്രിശങ്കുസ്വഗ്ഗത്തിൽക്കിടന്നലയുന്ന വിദ്യാത്ഥികൾ ധാരാളമുണ്ടെന്നു സമ്മതിക്കുന്നതിൽ ആരുംതന്നെ സംശയിക്കുന്നതല്ല. ഇതിൻെറ മൂലം ശിക്ഷാദോഷമൊ ശീലഭേദമൊ എന്തുതന്നെയായാലും ഈ ന്യൂനത ഇപ്പോഴത്തെ ഇംഗ്ലിഷു വിദ്യാഭ്യാസരീതിക്കു സഹജമായിട്ടുള്ളതുതന്നെ. ഈ ഒരു ദോഷം പാരശൂരാമക്ഷേത്രത്തിൽ മാത്രമെ ഉള്ളൂ

എന്നും വിചാരിക്കേണ്ട. അവസ്ഥാന്തരംപോലെ ഭാരതഖണ്ഡം മുഴുവനും വ്യാപിച്ചിട്ടുണ്ട്. ഈ ബാധ ഹിന്തുക്കൾക്കു പ്രത്യേകമാണെന്നും കരുതേണ്ട. മഹമ്മദീയസംഘത്തിലും ഈ ഉപദ്രവം ദുസ്സഹമായിത്തീൎന്നിട്ടുണ്ടെന്ന് 'അലിഗർ' കോളേജിൻെറ ആവിൎഭാവവും അടുത്ത വൎഷത്തിൽ ബോമ്പായിലും മദിരാശിയിലും കൂടിയ മഹമ്മദീയയോഗനിശ്ചയങ്ങളും പ്രത്യക്ഷപ്പെടുത്തുന്നുണ്ട്. എന്നാൽ ഹിന്തുമതത്തിന് അത്യാവശ്യമായും അനശ്വരമായും ഉള്ള ഉപകാരം ചെയ്യുവാൻ ജനനാൽ ഹിന്തുവായ ഒരാൾക്കല്ല സംഗതിവന്നത്. ക്രിസ്തുമതത്തിൽ ജനിച്ച് പിന്നീട് നിരീശ്വരമതത്തിൽക്കിടന്നരിഷ്ടിച്ച് ബ്രഹ്മവിദ്യയിൽ (തിയാസഫി) കരപററി വിശ്രമിക്കുന്ന ഒരു ആംഗ്ലേയ വിദുഷിക്കാണ് ഇതിന്നു യോഗമുണ്ടായത്. സൎവ്വമാന്യയായ ഈ വിദുഷിയുടെ അശ്രാന്തപരിശ്രമത്തിൻെറ സ്മാരകസ്തംഭമെന്നപോലെയൊ ഹിന്തുക്കളുടെമൂൎത്തിമത്തായസുകൃതവിപാകമെന്നപോലെയൊ ഏററവും പ്രശംസനീയമാകുംവണ്ണം ശ്രീകാശിയിൽ നിലനിന്നുപോരുന്ന 'സെൻടൽ ഹിന്തുകോളേജി'ൻെറ ഉപകാരത്തെ അനുഭവിച്ചും കേട്ടും അറിഞ്ഞു സന്തോഷിക്കാത്തവർ ഹിമവൽസേതുപൎയ്യന്തം ഉണ്ടാകുമൊ എന്ന് സ്വപ്നേപി സംശയിക്കുന്നതല്ല.

ആനിബെസൻറ് ക്രി. വഷം 1847-ൽ അക്ടോബർ മാസം 1-ാംനു- ഇംഗ്ലാണ്ടിൽ 'ഡവൺഷയർ' എന്ന ദിക്കിൽ ജനിച്ചു. ആനിബെസൻറ് ബെസൻറായത് വിവാഹം മൂലമാണ്. സാക്ഷാൽ പേര് 'ആനി ഉഡ്' എന്നാണ്. വിക്ടോറിയാ മഹാരാജ്ഞിയെ ഇംഗ്ലാണ്ടിൽവെച്ചു പ്രസവിക്കേണമെന്ന താല്പയ്യത്താൽ തൻെറ സ്വത്തുക്കൾ മിക്കതും വിററിട്ടും കെൻറിലെ പ്രഭുവിൻെറ കടം വീട്ടിക്കൊടുത്തതുമൂലം തൻെറ കുഡുംബത്തിന്നു പ്രഭുസ്ഥാനം സമ്പാദിച്ച മഹാമനസ്കനായ 'ഹാതർളി' പ്രഭുവിൻെറ അടുത്ത ദായാദിയായ 'വില്യം ഉഡ്' ആയിരുന്നു ഇവരുടെ അച്ഛൻ. ഇദ്ദേഹം ലണ്ടനിൽ ഉയന്നതരം ഒരു ഉദ്യോഗത്തിൽ ഇരുന്നിരുന്നുവെന്നും, കണക്കിൽ നിപുണനും, ഫ്രെഞ്ച്, ജമ്മൻ, ഇററാലിയൻ, സ്പാനിഷ്, പോർട്ടുഗീസ് എന്നീ ഭാഷകളിൽ അപാരമായ പാണ്ഡിത്യം സിദ്ധിച്ചവനും, മതവിഷയത്തിൽ വിശ്വാസം കുറഞ്ഞവനും ആയിരുന്നുവെന്നും, കാണുന്നുണ്ട്. ഇവരുടെ അമ്മ, അയർലണ്ടിലെ 'മോറിസ്സ്' എന്ന കുഡുംബത്തിൽ പെട്ടവളും, പ്രകൃത്യാ ദയ, സുശീലം, ആഭിജാത്യം, ആത്മാഭിമാനം, പ്രഭാവംമുതലായ സൽഗ്ഗുണങ്ങൾ സാധാരണയിലധികം തികഞ്ഞിരുന്ന ഒരു വനിതാരത്നവുമായിരുന്നു. എന്തൊക്കെയായാലും

വേണ്ടില്ല, ദുഃഖങ്ങൾ നിശ്ശേഷം താനനുഭവിച്ചാലും സുഖങ്ങൾ മുഴവൻ തന്റെ കുട്ടികൾക്ക്, അതിലും വിശേഷിച്ച് ആനിസ്സ്, ഉണ്ടാക്കിത്തീക്കേണമെന്നായിരുന്നു ആ അമ്മയുടെ പരമോദ്ദേശ്യം. ആനിയുടെ തലമുടി വേർപെടുത്ത് ഭംഗയിൽ കെട്ടിക്കുക; വസ്ത്രം ധരിപ്പിക്കുക, പൂക്കളണിയിക്കുക മുതലായ പ്രവൃത്തികൾപോലും അമ്മതന്നെയായിരുന്നു ചെയ്തിരുന്നത്. ഇങ്ങിനെയെല്ലാം അതിവാത്സല്യത്തോടുകൂടിയാണ് പുത്രിയെ വളത്തിക്കൊണ്ടുവന്നത്. ആനിസ്സ് അഞ്ചു വയസ്സായപ്പോൾ അച്ഛൻ മരിച്ചു. ആനിയുടെ കുഡുംബത്തിന്നു അച്ഛന്റെ മരണം ഒരു ദശാപരിണാമലക്ഷണമായിത്തീന്നു. അതു നിമിത്തം സുഖദുഃഖങ്ങളുടെ ആയവ്യയങ്ങൾ അവക്കറിയാറായി. അരുണോദയം സൂര്യോദയത്തിന്റെ സൂചകമാകുമ്പോലെ ആനിയുടെ അമ്മക്കുണ്ടായ അനുഭവം കാലാന്തരത്തിൽ ആനിബെസൻറിന്നു സിദ്ധിച്ചതായ ബ്രഹ്മവിദ്യോദയത്തിന്റെ സൂചകമാണെന്നുള്ളത് ഇപ്പോൾ ആലോചിച്ചാൽ അറിയാവുന്നതാകുന്നു.

ആനിയുടെ അച്ഛൻ മരിച്ചിട്ടു കുറേ ദിവസം കഴിഞ്ഞതിൽപ്പിന്നെ അദ്ദേഹത്തിന്റെ ശവം മറവു ചെയ്ത സ്ഥലത്തു പോകണമെന്ന് ആനിയുടെ അമ്മക്കു വളരെ ആഗ്രഹം തുടങ്ങി. അസംഖ്യം ശവങ്ങ

ളെ സ്ഥാപിച്ചിട്ടുള്ള ആ പള്ളിയിൽ സ്ഥലപരിചയം നല്ലവണ്ണമില്ലാതെ ആനിയുടെ അമ്മയ്ക്കുള്ള ആഗ്രഹം സാധിപ്പാൻ പ്രയാസമായിരുന്നതുകൊണ്ട് സ്ഥലപരിചയം നല്ലവണ്ണമുള്ളവനും, ശവസംസ്ഥാപനസമയത്ത് കൂടെയുണ്ടായിരുന്നവനും, ബന്ധുവും ആയ ഒരാളേയും കൂട്ടിക്കൊണ്ടാണ് ആനിയുടെ അമ്മ പുറപ്പെട്ടത്. കുറേ ചെന്നപ്പോൾ കൂടെയുണ്ടായിരുന്ന ആൾക്കു വഴിതെററി എല്ലാവരും വളരെ കുഴങ്ങി. ശവംകൊണ്ടുപോകുമ്പോൾ ആദ്യത്തെ 'കുർബ്ബാന' ചൊല്ലിയ സ്ഥലം കാണിച്ചുകൊടുത്താൽ ശവം സ്ഥാപിച്ച സ്ഥലം താൻതന്നെ കണ്ടു പിടിച്ചു കൊള്ളാമെന്ന് ആനിയുടെ അമ്മ പറഞ്ഞു. അപ്രകാരം 'കുർബ്ബാന'സ്ഥലത്തേയ്ക്കു അവരെ കൂട്ടിക്കൊണ്ടു പോയി അവിടെ എത്തിയപ്പോൾ സംശയം കൂടാതെ അവർ ശവം സ്ഥാപിച്ച സ്ഥലത്തേക്കു നടന്നു. എത്തേണ്ട സ്ഥലത്തായപ്പോൾ ഉടനെ നില്ക്കുകയും ചെയ്തു. ആ പള്ളിയാവട്ടെ ശ്മശാനമാവട്ടേ ആനിയുടെ അമ്മ അതിന്നു മുമ്പു കാണുകപോലും ഉണ്ടായിട്ടില്ല. ഈ ഒരു സംഭവം അവക്കെല്ലാവക്കും അത്ഭുതമായിരുന്നു ബ്രഹ്മവിദ്യയിൽ പരിചരിച്ചിട്ടുള്ളവക്ക് ഇതു ബഹു നിസ്സാരമാണെന്നു പറയാനില്ലല്ലോ.

ശിശുവായിരുന്ന ആനിയുടേയും, സോദരന്മാരു

ട്ടേയും അക്ഷരശിക്ഷയിൽ 'ഹാറൊ' സ്കൂളിലെ ഹേഡ്മാസ്റ്ററായിരുന്ന ഡാക്ടർ 'വൌഗൻ' വളരെ ഉൽസുകനായിരുന്നു. അദ്ദേഹം കുട്ടികളെയെല്ലാം 'ഹാറോ' യിൽ കൊണ്ടുപോയി സ്കൂളിലാക്കി. ആനിയും ആൺകുട്ടികളുടെ കൂടെത്തന്നെയാണു പഠിച്ചു വളൎന്നു പോന്നത്. എന്നുതന്നെയല്ല; കാമക്രോധാദികളെ ജ്ജയിച്ചു സിദ്ധികളെ ആൎജ്ജിച്ചും, യോഗത്തെ അവലംബിച്ചും; നരജന്മത്തിൻെറ പരമപ്രയോജനത്തെപ്പററി പ്രസംഗിച്ചും നമ്മുടെ സകലങ്ങളായ അന്തരിന്ദ്രിയങ്ങൾക്കും വികാസത്തെ നല്കുന്ന മുത്തശ്ശിയായ ആനിബെസന്റ് ആ കാലത്ത് ആൺകുട്ടികളോടൊപ്പം ക്രിക്കററു കളിക്കുകയും മരം കേറുകയും മററും ചെയ്തിരുന്നു.

അതിൻെറശേഷം മിസ്സ് 'മേരിയററ്' എന്ന മദാമ്മയുടെ സംരക്ഷണയിലായി ആനിയുടെ വാസം. തൻെറ മരുമകൾക്ക് തക്കതായ ഒരു ചങ്ങാതിയെ കിട്ടിയാൽ അവളുടെ വിദ്യാൎജ്ജനത്തിന്ന് എളുപ്പമുണ്ടാകുമെന്നു കരുതിയാണ് ആനിയെ സ്വന്തം ചിലവിന്മേൽ സംരക്ഷിച്ചു വിദ്യാഭ്യാസം ചെയ്യിപ്പാൻ മിസ്സ് മേരിയററ് തുനിഞ്ഞത്. അപ്പോഴാണ് ആനിയും അമ്മയും തമ്മിൽ വേർപിരിഞ്ഞത്. ആനിയുടെ അഭ്യുദയകാലവും അപ്പോൾതന്നെയാണ് ആരംഭിച്ച

ത്. മിസ്സ് മേരിയററ് ആനിയുടെ ശരീരത്തേയും മനസ്സിനേയും വളരെ നിഷ്കർഷയോടെ പരിഷ്കരിച്ചു. മതസംബന്ധമായ വിഷയത്തിൽ മിസ്സ് മേരിയററ് ഒരു ക്രിസ്തുമതയോഗിനിയായിരുന്നതുകൊണ്ട് ആനിയും ആ മാർഗ്ഗംതന്നെയാണ് സ്വീകരിച്ചത്. 'പിൽഗ്രിംസ് പ്രോഗ്രസ്' എന്നു പറഞ്ഞുവരുന്ന ജ്ഞാനപ്രദീപകമായ കഥയിലെ നായകനായിരുന്നു ആനിയുടെ മനോരഥപ്രകാരമുള്ള ഉൽകൃഷ്ടപുരുഷൻ. നാടകശാലകളും അഭിനയങ്ങളും ആനിയ്ക്കു ജുഗുപ്സിതങ്ങളായിരുന്നു. ഫ്രഞ്ച്, ജർമ്മൻ, ഈ ഭാഷകളിലും സംഗീതത്തിലും അവർക്ക് വളരെ പ്രതിപത്തിയുണ്ടായിരുന്നു.

രണ്ടാമതും ആനി ഹാറോയിലേയ്ക്കുതന്നെ മടങ്ങിപ്പോന്നു. വിശ്വവിശ്രുതനും യവനതത്വജ്ഞാനിയുമായ പ്ലേറെറാ, ഡാൻറി, മിൽട്ടൻ, സ്പെൻസർ, ഇവരുടെ കൃതികൾ സ്കാട്ട്, കിങ്സ്ലി, ഇവരുടെ കഥാപുസ്തകങ്ങൾ ഇവയിൽ ആനി വളരെ പ്രിയപ്പെട്ടിരുന്നു. ഇങ്ങിനെയിരിയ്ക്കുമ്പോഴാണ് 'ക്രിസ്തുവൈദികപുസ്തകശാല' എന്ന മതസംബന്ധമായ ഗ്രന്ഥം കണ്ടെത്തി വായിപ്പാനിടവന്നത്. പിന്നീട് ക്രിസ്തുവേദത്തിൽ ആനിയ്ക്കു അവിശ്വാസമുണ്ടാക്കിത്തുടങ്ങിയതും ആ ഗ്രന്ഥംതന്നെയാണ്. ക്രിസ്തുവേദത്തിൽ ദൃഢവിശ്വാസമുണ്ടായിരുന്ന ആനി 'ഷൈച്ചെച്ച്' എന്ന പുതിയ

കൂററിൽ ചേൎന്നിട്ട് ആ മതത്തിന്റെ അഭിവൃദ്ധിയിൽ അപാരമായ ഉത്സാഹത്തോടുകൂടിയിരുന്ന ആ കാലത്താണ് റവറൻഡ് ഫ്രാങ്ക് ബെസൻറ് എന്നു പേരായ തന്റെ ഭാവിഭൎത്താവുമായിപ്പരിചയമായത്. 'ക്രിസ്തുവൈദികപുസ്തകശാല' എന്ന ഗ്രന്ഥം ക്രിസ്തുവേദത്തെപ്പററി യഥാൎത്ഥത്തിൽ ചില സംശയങ്ങളെ ഉണ്ടാക്കിത്തീൎത്തുവെങ്കിലും ബാല്യാവസ്ഥയെ വിട്ടിട്ടില്ലാത്ത ആനിയ്ക്ക് ആ സംശയങ്ങളെപ്പററി സൂക്ഷ്മപൎയ്യാലോചന ചെയ്യാൻപോലും ആദ്യം ധൈൎയ്യമുണ്ടായിരുന്നില്ല. സത്യവേദത്തിൽ സംശയം ജനിപ്പിയ്ക്കുന്നതുതന്നെ ചെകുത്താന്റെ ആവേശമാണെന്നു ഭയപ്പെട്ട് പശ്ചാത്താപത്തോടുകൂടെ കുറെ നാൾ വ്രതനിയമങ്ങളെ ആചരിച്ചുംകൊണ്ടിരിയ്ക്കുകയാണുണ്ടായത്.

യൌവനാരംഭത്തിൽ സ്ത്രീകൾക്കു സാധാരണയായി വിഷയസുഖങ്ങളിലാണല്ലൊ പ്രതിപത്തി. വേദവിത്തായ ആനിയ്ക്ക് നേരെ മറിച്ചായിരുന്നു. അന്യയോഷിത്തുകൾ കാമുകന്മാരെത്തിരയുന്ന കാലത്ത് ആനി ലോകനാഥനിലായിരുന്നു മനസ്സുവെച്ചിരുന്നത്. അ: പരനാരികൾക്ക് അവരവരുടെ പ്രിയന്മാരിൽനിന്നു ലഭിച്ചിരുന്നതിൽ പത്തിരട്ടി സുഖം ആനിയ്ക്കു കിട്ടിയിരുന്നത് കുരിശിന്മേൽ മ

രിച്ച ക്രിസ്തുവിൻെറ വിഗ്രഹത്തിൽനിന്നായിരുന്നു. ദൈവികവിഷയങ്ങളിലുള്ള അത്യാസക്തി ഐഹിക സ്ഥിതിയ്ക്ക് അനുചിതമാണെന്ന് ആനിയുടെ അമ്മയ്ക്കു തോന്നിത്തുടങ്ങി. ഒടുവിൽ ഈ ദോഷം പരിഹരിപ്പാൻവേണ്ടി ഫ്രാൻങ്ക് ബെസൻറ് എന്നു പേരായ പാതിരിയെ കല്യാണം കഴിപ്പാൻ ആനിയെ ഉത്സാഹിപ്പിച്ചു. ഫ്രാങ്ക് ബെസൻറിനെ ആനി ഐഹിക ദൃഷ്ട്യാ സ്നേഹിച്ചിരുന്നില്ല. എന്നാൽ ഒരു പാതിരിയോടുള്ള സംസർഗ്ഗം ദൈവത്തിനോടുള്ള സാമീപ്യമാണെന്നാണ് ആനി ആലോചിച്ചത്. എങ്ങിനെയെങ്കിലും ദൈവയോഗത്താൽ ആനി, ബെസൻറിനെ കല്യാണം കഴിച്ചു. കല്യാണത്തിനുമുമ്പുതന്നെ മിസ്സസ് ബെസൻറ് രാജ്യതന്ത്രവിഷയങ്ങളിൽ കുറേശ പ്രവേശിച്ചിരുന്നു. കല്യാണത്തിനുശേഷം 'ഫാമിലി ഹെറാൾഡ്' എന്ന പത്രത്തിലേയ്ക്കു കഥകൾ എഴുതിയയച്ച് പ്രതിഫലം വാങ്ങിയിരുന്നുവെന്നും കാണുന്നുണ്ട്.

മിസ്സസ് ആനിബെസൻറിനു ആദ്യം ഒരാണും പിന്നെ ഒരു പെണ്ണും ഇങ്ങിനെ രണ്ടു കുട്ടികൾ ഉണ്ടായി. പെൺകുട്ടിയ്ക്ക്, ജനിച്ചിട്ട് എഴുമാസമായപ്പോൾ കഠിനമായ ഒരു 'നിലങ്കാരിച്ചുമ' പിടിച്ചു. മരിച്ചു പോകുമോ എന്നുകൂടി ശങ്കയുണ്ടായി. കുട്ടിയുടെ ദീ

നക്കാലത്ത് ആനിബെസൻറ് അതിനെ ശുശ്രൂഷിച്ചു വളരെ ബുദ്ധിമുട്ടി. കുട്ടിയുടെ അരിഷ്ടവും അതിനെ പ്പററി തള്ളയ്ക്കുണ്ടായിരുന്ന മനോവേദനയും ഒരുപോലെ കഠിനങ്ങളായിരുന്നു. മരിയ്ക്കുവാൻ പോകുന്ന കുട്ടിയെ മടിയിൽവെച്ചുകൊണ്ട് ആനിബെസൻറ് പലപ്പോഴും വിചാരമഗ്നയായി ഇരുന്നിരുന്നു.

"ദൈവം സൂക്ഷ്മത്തിൽ നല്ലവനാണൊ? ആണെങ്കിൽ ലോകത്തിൽ എന്തിനാണു ദുഃഖം? എൻെറ കുട്ടിയെ എന്തിനായിട്ട് ഇത്രമാത്രം ഉപദ്രവിയ്ക്കുന്നു? ക്ഷണത്തിൽ കൊന്നാൽ ഇതിന്നു വളരെ വേദന അനുഭവിയ്ക്കാതെ കഴിയ്ക്കാമായിരുന്നുവല്ലൊ! ദൈവമേ! വേണമെങ്കിൽ കുട്ടിയെക്കൊണ്ടു പൊയ്ക്കോള്ളൂ. നിർദ്ദയനായ നീ ഇതിനെ എന്തിനിങ്ങിനെയിട്ടു ദണ്ഡിപ്പിയ്ക്കുന്നു?"

ഇങ്ങിനെയെല്ലാം ആലോചിച്ചു മിസ്സസ് ബെസൻറ് ദൈവത്തിനോടു കലഹിച്ചിരുന്നു. കഷ്ടാരിഷ്ടങ്ങൾ നിരപരാധികൾക്കു വരുത്തിക്കൂട്ടുന്നതു പരമകാരുണികനെന്നു ഘോഷിയ്ക്കുന്ന ജഗദീശ്വരൻെറ പ്രവൃത്തിയാണെന്നു സാധിപ്പാൻ പ്രയാസമാണെന്നു കാണുകയാൽ അവൾക്കു ദൈവത്തിൻെറ കൃപാലുത്വത്തിൽ സംശയമായിത്തീൎന്നു. ക്രിസ്തുവിൽ ഭക്തിയുണ്ടെങ്കിലും, മനുഷ്യവൎഗ്ഗത്തിൻെറ ഘോരപാപങ്ങൾക്കാ

പ്രായശ്ചിത്തമായി സാധുവായ ക്രിസ്തു പ്രാണത്യാഗം ചെയ്യണമെന്നു നിയമിച്ച കാരണപുരുഷനിൽ അവിശ്വാസമാണ് തോന്നിയത്. പണ്ട് ബുദ്ധമുനിയുടെ യുക്തിയും ഈ വഴിക്കുതന്നെയാണ് പോയതെന്നു വായനക്കാരിൽ പലക്കും അറിവുണ്ടായിരിക്കുമല്ലൊ. എന്തിനു വളരെ വിസ്തരിക്കുന്നു? ജഗദീശ്വരനിൽ അവക്ക മുമ്പുണ്ടായിരുന്ന വിശ്വാസം മുക്കാലേമുണ്ടാണിയും മാഞ്ഞുപോയി. 'നിസ്സാരന്മാരായ മാനുഷകീടങ്ങളെ സൃഷ്ടിക്കുകയും ഉപദ്രവിക്കുകയും സംഹരിക്കുകയും ചെയ്യുന്ന ദൈവം ശരണ്യനല്ല. മനോവ്യാപാരങ്ങളിൽവെച്ചു വിശ്വാസംകൊണ്ടു മാത്രം നിലനിന്നുപോരുന്ന ദൈവം ക്രൂരനെന്നു കാണുന്നതുകൊണ്ട് അവൻ സവ്വഥാ ത്യാജ്യൻതന്നെ.' ഈശ്വരനെ സംബന്ധിച്ച് — 'ആപദി ഭജന്തി നഭജന്തിസുലഭേത്ഥേ' എന്നാണല്ലൊ ലോകരീതി. മിസ്സസ് ആനിബെസൻറിനു നേരെ മറിച്ചായിരുന്നു. അവിശ്വാസം ദിവസംപ്രതി വദ്ധിച്ചുവന്നു. ക്രിസ്തുവേദത്തിന്റെ സിദ്ധാന്തങ്ങളെ ഓരോന്നായിട്ടെടുത്ത് അവയെല്ലാം ഖണ്ഡിച്ചു. സംശയനിവൃത്തിക്കുവേണ്ടി 'പ്യൂസി' എന്ന ക്രിസ്തുമതാചാൎയ്യനെ ചെന്നു കണ്ടു. എന്നിട്ടും തൃപ്തികിട്ടിയില്ല. ഒടുവിൽ നാസ്തികമതത്തിൽ മനസ്സുറച്ചു! ഈ നിലയിൽ പതിമൂന്നു കൊല്ലം കഴിഞ്ഞു.

ഈ കാലത്താണ് ആനിബെസൻറ് പരസ്യമായി പ്രസംഗിയ്ക്കാൻ തുടങ്ങിയത്. പ്രസിദ്ധപ്പെട്ട നാസ്തികനായ 'ബ്രാഡ്ലാ' എന്ന മഹാപുരുഷനായിട്ടു പരിചയിച്ചു സ്നേഹമായിത്തീൎന്നതും ആയിടയ്ക്കു തന്നെയാണ്. ഈ സൌഹാൎദ്ദം വളരെക്കാലം നിലനിന്നു പോന്നു. ശരീരശാസ്ത്രസംബന്ധമായ ഗ്രന്ഥങ്ങളോട ദൈവവിശ്വാസമുള്ളവൎക്ക് വലിയ വിരോധമുണ്ടായിരുന്നു. ആ കാലത്തു ഭൂഗോളത്തിലെ ജനസംഖ്യയുടെ അമിതമായ വൎദ്ധനയെ തടുപ്പാനുള്ള 'മാൽത്തുസിയൻ' സിദ്ധാന്തങ്ങളെ പ്രബലപ്പെടുത്തുവാനായി 'ബ്രാഡ്ല' ചില ഗ്രന്ഥങ്ങളെഴുതുകയും അതിന്മേൽ വെച്ചു വലിയ കലാപങ്ങളുണ്ടാകയും ചെയ്ത കാലത്തു മിസ്സിസ് ബെസൻറ് ബ്രാഡ്ലാവിനു വളരെ അനുകൂലമായി പ്രസംഗിയ്ക്കുകയും ധൈൎയ്യത്തോടുകൂടി കോടതി കേറുകയും ആദ്യത്തിൽ ഇവർ രണ്ടുപേരും ശിക്ഷിക്കപ്പെടുകയും അപ്പീലിൽ ശിക്ഷ ദുർബ്ബലപ്പെടുത്തുകയും മററും ഉണ്ടായിട്ടുണ്ട്.

നാസ്തികമതത്തിൽ ഇരുന്നിരുന്ന ആനിബെസൻറിന് പെൺകുട്ടിയുടെ രക്ഷാധികാരം പാടില്ലെന്നായിരുന്നു പിന്നത്തെ വ്യവഹാരം. നിയമം വ്യവസ്ഥയില്ലാത്തതാണെന്നു പ്രസിദ്ധമാണല്ലൊ. കുട്ടിയ്ക്കു ദീനമാണെന്നും മാതൃശുശ്രൂഷ അത്യാവശ്യമാണെന്നും

മററും സാരമായ പല സംഗതികളെ വാദിച്ചിട്ടും നിവൃത്തി കിട്ടിയില്ല. നിയമം അമ്മയേയും മകളേയും വേർപിരിച്ചു വിട്ടു. ഇതിന്നു മുമ്പുതന്നെ ഭാര്യയും ഭർത്താവും തമ്മിൽ വേർപിരിഞ്ഞു പോയിട്ടുണ്ടെന്നുള്ളതു വായനക്കാർ അറിഞ്ഞിരിക്കേണ്ടതാകുന്നു. പ്രായം തികഞ്ഞപ്പോൾ മകളും അമ്മയോടു യോജിച്ചുവെന്നു പറയേണ്ടതില്ലല്ലോ.

രാജ്യഭരണതന്ത്രത്തിൽ പരിഷ്കൃത (Radical) സംഘത്തിലായിരുന്നു മിസ്സസ് ആനിബെസൻറ് ചേന്നിരുന്നത്. ഈ നിലയിൽനിന്നു കുറെക്കൂടി മൂത്ത് (സോഷ്യലിസം) എന്ന സമൈശ്വര്യസിദ്ധാന്തത്തിൽ ചെന്നെത്തി. ധനം ഐശ്വര്യം സുഖം ഇവയ്ക്കു ജനസാമാന്യത്തിലുള്ള ഏററക്കുറച്ചിലിനെ പരിഹരിക്കേണമെന്നാണ് സമൈശ്വര്യസിദ്ധാന്തത്തിൻെറ ഉദ്ദേശ്യം. അതിസുഖങ്ങളും അനുഭവിച്ച് അനാവശ്യമായും അസംബന്ധമായും പണം വാരിക്കോരി വിതറിച്ചിലവിട്ടു കാലം കളയുന്ന മദമത്തചിത്തന്മാരായ പ്രഭുക്കന്മാരുടെ അധികമുള്ള ധനം ഉപജീവനത്തിന്നു യാതൊരു വഴിയുമില്ലാതെ ജനനാൽതന്നെ അഗതികളായവക്കും മററും വീതിച്ചുകൊടുത്ത് എല്ലാവക്കും സമനില വരുത്തുവാനായിരുന്നു സമൈശ്വര്യസിദ്ധാന്തക്കാരുടെ ഉത്സാഹം. ഈ വർഗ്ഗത്തിലും ആനി

ബെസൻറിനു പ്രാധാന്യം സിദ്ധിച്ചു. ഇവിടെവെച്ചാണ് ബ്രാഡ്‌ലാവും ഈ വിദുഷിയും തമ്മിൽ തെററിയത്. വളരെക്കാലം തന്നോടു യോജിച്ചും സ്നേഹിച്ചും നടന്നിട്ടുള്ള ബ്രാഡ്‌ലാ സമൈശ്വര്യസിദ്ധാന്തത്തിന്നു പ്രതികൂലമായപ്പോൾ മിസ്സസ് ബെസൻറിനു സഹിച്ചില്ല. വിശ്വാസവും സ്നേഹവും രണ്ടു വഴിക്കു തിരിഞ്ഞു. സമഭാവനയിൽ വിശ്വാസം, ബ്രാഡ്‌ലാവിൽ സ്നേഹം, ഏതിനെയാണ് എടുക്കേണ്ടത്? 'കുന്നിൽത്തടഞ്ഞൊരു നദീപ്രവാഹമെന്നോണമായാത്മഗതംഭവിധാമേ' എന്ന നിലയിലായിത്തീർന്നു. എന്തായാലും വേണ്ടില്ലെന്നുറച്ചു വിശ്വാസത്തെ അംഗീകരിച്ചു. ബ്രാഡ്‌ലാവിനേയും നിരസിച്ചു. ഇതിൻെറശേഷം 'ടാഫ്ഗൾഗർസ്ക്വയർ' എന്ന സ്ഥലത്തുവെച്ചുണ്ടായ സമൈശ്വര്യസമാജത്തിൽവെച്ചു ശരീരസൌഖ്യമില്ലെങ്കിലും വളരെ ഉത്സാഹത്തോടെ പ്രസംഗിക്കുകയും ചെയ്തു. ആ സമാജത്തിൽപ്പെട്ടവരായ ചില പാവപ്പെട്ട ജനങ്ങളെ സമാധാനലംഘനക്കററം ആരോപിച്ചു പൊല്ലീസ്സുകാർ പിടിക്കുകയും, കേസ്സാക്കുകയും, ചെയ്തപ്പോൾ അവരെ രക്ഷിപ്പാൻവേണ്ടി മിസ്സസ് ആനിബെസൻറും വേറെ പല യോഗ്യന്മാരുംകൂടി കൊണ്ടുപിടിച്ചു ശ്രമിക്കുകയും ചെയ്തു. ഇതിൽ പിന്നേയും പല സമാജങ്ങളിലും ഉപസംഘങ്ങ

ളിലും രാജ്യതന്ത്രവിഷയത്തെ സംബന്ധിച്ച പല കല ഹങ്ങളിലും മിസ്സസ് ആനിബെസൻറ് ഉൾപ്പെട്ടിട്ടുണ്ട്.

ഇനിയത്തെ പുറപ്പാട് തിയോസഫി എന്നു പറയപ്പെടുന്ന ബ്രഹ്മവിദ്യയിലേയ്ക്കാണ്. പതിമൂന്നു സംവത്സരകാലം നാസ്തികസിദ്ധാന്തങ്ങളിൽ ദൃഢമായി വിശ്വസിച്ചും ആ സിദ്ധാന്തങ്ങളെപ്പററി പരസ്യമായി പല പ്രസംഗങ്ങളും നടത്തി ഇംഗ്ലാണ്ടിൽ പലേ ദിക്കുകളിലും ഉള്ള ജനസാമാന്യത്തെ വശീകരിച്ചും ഇംഗ്ലാണ്ടിൽ ആ കാലത്തുണ്ടായിരുന്ന വാഗ്മികളിൽ പ്രധാനികളായ ബ്രൈററ്, ബ്രാഡ്ലാ, ഗ്ലാഡ്സ്റ്റൺ, മിസ്സസ് ആനിബെസൻറ് ഇങ്ങിനെ നാലു പേരാണെന്നു ലോകം മുഴുവനും എല്ലാവരും ഘോഷിപ്പാൻ ഇടയാക്കിയും, വർത്തിച്ചിരുന്ന ഈ വിദുഷി നാസ്തികസിദ്ധാന്തങ്ങളെ ഉപേക്ഷിച്ചു വീണ്ടും ആസ്തികമതത്തിൽ പ്രവേശിച്ചു ക്രമേണ ഹിന്തുമതത്തെ ആശ്രയിപ്പാനുണ്ടായ സംഗതികളെപ്പററിയും, ആ വിദുഷിയെ പരമാത്മജ്ഞാനത്തിലേയ്ക്കു വഴികാണിച്ച 'തിയോഫി' എന്നു പറയപ്പെടുന്ന ബ്രഹ്മവിദ്യാസിദ്ധാന്തങ്ങളെപ്പററിയും ഈ അവസരത്തിൽ വിസ്തരിക്കുന്നില്ല.

---

## മഹാമഹോപാദ്ധ്യായന്മാർ.

---

പുതിയ വൎഷാരംഭത്തിലോ ഇന്ത്യാചക്രവൎത്തിയുടെ തിരുനാൾ ദിവസമോ രാജ്യത്തിന്നു ചെയ്തിട്ടുള്ള ഉപകാരത്തേയും ഓരോരോ വിഷയങ്ങളിലുള്ള പാണ്ഡിത്യത്തേയും അടിസ്ഥാനപ്പെടുത്തി അനേകം സ്ഥാനമാനങ്ങൾ പലൎക്കും കൊടുത്തുവരുന്നുണ്ട്. ഇതിൽ അധികപക്ഷം ആളുകളുടേയും പ്രധാന ഗുണഗണങ്ങൾ മിക്കവരും അറിഞ്ഞിരിക്കും. ഈ വക മാന്യതക്കു ഇവർ അൎഹന്മാരാവാനുള്ള കാരണങ്ങളും ആലോചിക്കാവുന്നതായിരിക്കും. എന്നാൽ ഇതിൽ അപൂൎവ്വം ചിലരെ അവരുടെ നാടുവിട്ടു പുറമെയുള്ളവർ അത്ര അറിഞ്ഞിരിക്കയില്ല. അങ്ങിനെ വരുന്നതു നിറകുടം തുളുമ്പാത്തതുകൊണ്ടോ അല്ലെങ്കിൽ അവരുടെ പ്രവൃത്തികൾ ലോകസാമാന്യം അറിയത്തക്കവണ്ണമുള്ളതല്ലാത്തതുകൊണ്ടോ ആയിരിക്കണം.

'ന ശൃണ്വതേ യാന്നിഹ തേ മനസ്വിനോ
വസന്തി ശുദ്ധം വചസാമഗോചരാഃ
പയോനിധേരന്തരമേവ കേവലം
ഭജന്ത്യമൂല്യാ മണയോ മഹൎദ്ധയഃ'.

ഇന്ത്യാചക്രവൎത്തിയുടെ അടുത്തുകഴിഞ്ഞ തിരുനാളവസരത്തിൽ മഹാമഹോപാദ്ധ്യായസ്ഥാനത്തി

ന്ന് അഹന്മാരായിത്തീന്നിട്ടുള്ള കിള്ളിമംഗലത്തു നടുവത്തു നാരായണൻ നമ്പൂതിരിപ്പാടും, കൊടുങ്ങല്ലൂർ വലിയ ഗോദവമ്മ (ഭട്ടൻ) തമ്പുരാനും അപ്രകാരമുള്ള അമൂല്യരത്നങ്ങളിൽ ഒട്ടും അപ്രധാനങ്ങളല്ല. ഈ അവതാരികയോടുകൂടി അവരുടെ ജീവചരിത്രത്തിൻെറ ഒരു ചുരുക്കം പ്രത്യേകം പ്രത്യേകം താഴെ ചേക്കുന്നു.

## കിള്ളിമംഗലത്തു നടുവത്തു നാരായണൻ നമ്പൂതിരിപ്പാട്.

ഇദ്ദേഹത്തിൻെറ ജനനം ൧൦൩൦-ാമാണ്ട് മീനമാസത്തിലാണ്. കൊച്ചിരാജ്യത്തു പ്രധാനമായൊരു ബ്രാഹ്മണകുലത്തിൽപ്പെട്ട ഒരാളുമാണ്. ഇദ്ദേഹം ഉണ്ടായപ്പോൾ അച്ഛനു നാല്പത്തേഴ വയസ്സായി. അദ്ദേഹം സംസ്കൃതത്തിൽ നല്ല പണ്ഡിതനായിരുന്നു. ശബ്ദേന്ദുശേഖരം എന്ന വ്യാകരണഗ്രന്ഥം മലയാളത്തിൽ അക്കാലത്തു നടപ്പായതേ ഉള്ളു. അതു നിമിത്തം വ്യാകരണപാഠത്തിൽ ആളുകൾക്ക് ഒരാവേശമുണ്ടായിരുന്നു. തൃശ്ശിവപേരൂർ ജില്ലാക്കോടതി ജഡ്ജിയായിരുന്ന വ്യാകരണാചാര്യർ എന്നു പ്രസിദ്ധനായ ഗുരുവിൻെറ ആദ്യത്തെ ശിഷ്യന്മാരിൽ ഒരാളായിരുന്നു അച്ഛൻനമ്പൂതിരിപ്പാട്. അദ്ദേഹം കാവ്യരണത്തിൽ നല്ല നൈപുണ്യവും സമ്പാദിച്ചു. മഹൻ

നമ്പൂതിരിപ്പാട്ടിലെ വിദ്യാഭ്യാസകാൎയ്യത്തിൽ പിതാക്കന്മാർ സാധാരണ ശ്രദ്ധവെക്കുന്ന കൂട്ടത്തിലല്ല അച്ഛൻനമ്പൂതിരിപ്പാട്ട മനസ്സിരുത്തിയിരുന്നത്. അച്ഛനിൽനിന്നു മകനു പാരമ്പൎയ്യവഴിക്കുകൂടി ഈ വ്യാകരണവാസന സിദ്ധിച്ചിട്ടുണ്ട്.

സാധാരണ നാട്ടുനടപ്പുപ്രകാരം നമ്പൂതിരിമാരുടെ ഇടയിൽ അഞ്ചു വയസ്സു പ്രായമായാൽ എഴുത്തിന്നു വെച്ച് അക്ഷരജ്ഞാനം ഉണ്ടായി അമരേശവും, സിദ്ധരൂപവും, ഒന്നോ രണ്ടോ സൎഗ്ഗം കാവ്യവും പഠിച്ചുകഴിയുമ്പോഴെക്കും ഉപനയനത്തിന്റെ കാലമായി. ഉപനയനം കഴിഞ്ഞാൽ പിന്നെ വേദാദ്ധ്യയനം തുടങ്ങും. സമാവൎത്തനം കഴിയുന്നതുവരെ വേദാദ്ധ്യയനമേ ഉള്ളു. അതു കഴിഞ്ഞാൽ ഉപരിപാഠത്തിന്നു മോഹമുള്ളവർ പണ്ഡിതന്മാരായ ഗുരുക്കന്മാരുടെ അടുക്കൽ ചെന്നു പഠിച്ചു താമസിക്കും. നമ്മുടെ മഹാമഹോപാദ്ധ്യായന്റെ ആദ്യകാലങ്ങളിൽ വിദ്വാന്മാരായ ഗുരുക്കന്മാരും പഠിപ്പാൻ മോഹമുള്ള ശിഷ്യന്മാരും ഒട്ടും അപൂൎവ്വമായിരുന്നില്ല.

ഇദ്ദേഹത്തിന്നു വിദ്യയിലുള്ള തൃഷ്ണ വൎദ്ധിക്കുവാൻ ചില അസാധാരണകാരണങ്ങളുണ്ടായിരുന്നു. അച്ഛന്റെ വൈദുഷ്യത്തെപ്പററി മുൻ പ്രസ്താവിച്ചിട്ടുണ്ടല്ലോ. അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ ആദ്യപാഠങ്ങ

ൾ എളുപ്പത്തിലും വേഗത്തിലും കഴിഞ്ഞുകൂടി. എറ
ണാകുളം കോളേജ് മലയാളപണ്ഡിതനായ കുഞ്ഞ
ൻവാരിയരുടെ അമ്മാമൻ ശങ്കുവാരിയരാണ് ഇദ്ദേ
ഹത്തിൻെറ ആദ്യത്തെ ഗുരു. എട്ടു വയസ്സിൽ ഉ
പനയനം കഴിഞ്ഞു വേദാദ്ധ്യയനം തുടങ്ങി. അ
തോടുകൂടിത്തന്നെ കാവ്യപാഠവും നടന്നിരുന്നു. പ
തിന്നാലാമത്തെ വയസ്സോടുകൂടി വേദാദ്ധ്യയനവും
സമാവത്തനവും കഴിഞ്ഞു. ഇദ്ദേഹത്തെ കാത്തു
ചൊല്ലിച്ചിട്ടുള്ളതു പിന്നീടു തെക്കേ മഠത്തിലേയ്ക്കു സ
ന്ന്യസിച്ച വെമ്മലത്തൂർ നമ്പൂതിരിയാണ്. നമ്പൂ
തിരിപ്പാട്ടിലേയ്ക്കു കാവ്യപാഠത്തിൽനിന്നുണ്ടായ സം
സ്കൃതജ്ഞാനം ഉപരിപാഠത്തിൽ പ്രതിപത്തി ജനി
പ്പിച്ചു. സംസ്കൃതം പഠിയ്ക്കുവാനുള്ള മോഹംകൊണ്ട്
അദ്ദേഹം കൂടല്ലൂർ മനയ്ക്കൽ താമസം തുടങ്ങി. കൂടല്ലൂ
ർമന വിദ്വാന്മാക്ക് കേളികേട്ടിട്ടുള്ള ഒരു വംശമാണെ
ന്നു മലയാളം ഒട്ടുക്ക് സുപ്രസിദ്ധമാണല്ലൊ. ഇന്നും
ആ ഗൃഹം വൈദുഷ്യത്തിൻെറ ഇരിപ്പിടമാണ്. അ
ന്നത്തേക്കാലത്തു സംസ്കൃതം പഠിയ്ക്കുവാൻ ആഗ്രഹമു
ള്ളവർ കൂടല്ലൂർ മനയ്ക്കൽ ചെന്നു താമസിയ്ക്കുകയാണ്
പതിവ്. എത്രതന്നെ ആളുകൾ അവിടെ ചെന്നാ
ലും അവക്കൊക്കെ ഭക്ഷണം, തേച്ചുകുളി മുതലായി
അത്യാവശ്യം വേണ്ട ചിലവുകളെല്ലാം കൊടുത്തു പ

റിപ്പിയ്ക്കുക പതിവായിരുന്നു. അറിവിൻെറ അവസ്ഥ പോലെ വിദ്യാൎത്ഥികളിൽ പല കിടക്കാരും പല മാതിരി വിദ്യകൾ പഠിയ്ക്കുന്നവരും ഉണ്ടായിരുന്നു.

൫. നമ്മുടെ മഹാമഹോപാദ്ധ്യായൻ ആദ്യം വാസുദേവൻ നമ്പൂതിരിപ്പാട്ടിലെ ശിഷ്യനായിട്ടാണ് കൂടിയത്. അദ്ദേഹത്തിൻെറ അടുക്കൽ നൈഷധം ഒരു സൎഗ്ഗം പഠിച്ചു. എന്നാൽ ആദ്യത്തിൽ തന്നെ വ്യാകരണമാണ് തൻെറ പ്രത്യേക പാഠവിഷയമായിട്ടു സ്വീകരിച്ചത്. കൌമുദി മനോരമ, പരിഭാഷേന്ദുശേഖരം ഏതാനും ഭാഗം, ഇത്രയും കുഞ്ചുനമ്പൂതിരിപ്പാട്ടിലെയും, കാവുനമ്പൂതിരിപ്പാട്ടിലെയും, കുഞ്ഞിക്കാവുനമ്പൂതിരിപ്പാട്ടിലെയും അടുക്കൽ പഠിച്ചുതീൎത്തു. കുറേക്കൊല്ലം കൂടല്ലൂർ താമസിച്ച് അവിടെ താമസം മതിയാക്കുന്നതിന്നു മുമ്പു വ്യാകരണത്തിൽ നൈപുണ്യം നേടി കോഴിക്കോട്ടു തളിയിൽ താനത്തിന്ന് അൎഹനായിത്തീൎന്നു. ഇതിൻെറ ശേഷം തൃശ്ശിവപേരൂർ താമസം തുടങ്ങി, കൂടല്ലൂർ കുഞ്ഞിക്കാവുനമ്പൂതിരിപ്പാട്ടിലെ അടുക്കൽ പരിഭാഷേന്ദുശേഖരപാഠം മുഴുവനാക്കി. കുഞ്ഞിക്കാവുനമ്പൂതിരിപ്പാട് അന്നു ബ്രഹ്മസ്വം മഠത്തിൽ പഠിപ്പിച്ചു താമസിയ്ക്കുകയായിരുന്നു. രണ്ടു കൊല്ലംകൊണ്ട് അദ്ദേഹത്തിൻെറ അടുക്കൽ ശബ്ദേന്ദുശേഖരം പഠിച്ചു വൈയാക

രണമെന്നു സർവ്വസമ്മതനായിത്തീൎന്നു. അതിന്റെ ശേഷം കുറെക്കാലം തൎക്കം പഠിച്ചു. എന്നാൽ അതു നിമിത്തം വ്യാകരണപരിശ്രമത്തിന്നു സമയം മതിയാകുന്നില്ലെന്നു കണ്ടു രണ്ടാമതും ആ ശാസ്ത്രം തന്നെ സ്വീകരിച്ചു വ്യാകരണഭാഷ്യം നിഷ്കൎഷയായിട്ടു നോക്കിത്തുടങ്ങി. അക്കാലത്ത് അദ്ദേഹത്തിന് അന്യചിന്തയുണ്ടായിരുന്നില്ല. വ്യാകരണഭാഷ്യം പഠിച്ചുതീൎന്ന ഉടനെ ചൊവ്വന്നൂർ സഭാമഠത്തിൽ അദ്ദേഹത്തിനെ വ്യാകരണഭട്ടതിരിയായി നിശ്ചയിച്ചു.

ചൊവ്വന്നൂർ എന്നു പറയുന്ന സ്ഥലം കുന്നംകുളങ്ങരെനിന്നു മൂന്നു നാഴിക വടക്കുകിഴക്കാണ്. അവിടെ യാതൊരു ബഹളവും ഇല്ലാത്തതുകൊണ്ടു വിദ്യാഭ്യാസത്തിന്ന് ഇത്ര നന്നായിട്ടു വേറെയൊരു സ്ഥലവുമില്ല. ഇവിടെ ബ്രാഹ്മണയുവാക്കൾക്കു ചിലവിന്നു കൊടുത്തു പഠിപ്പിക്കുന്ന ഒരു മഠം ഉണ്ട്. കുറെക്കാലമായി ക്ഷയിച്ചുകിടന്നിരുന്ന ഈ പുരാതനസഭാമഠം ൧൦൮൦-ാമാണ്ടിൽ ദിവാൻ ശങ്കരവാരിയരുടേയും കോട്ടക്കൽ സാമൂതിരിപ്പാട്ടിലേയും സഹായം കൊണ്ടു കൂടല്ലൂരമനയ്ക്കൽ ഒരു നമ്പൂതിരിപ്പാട്ടിലെ ഉത്സാഹത്തിന്മേൽ വീണ്ടും ഉൽകൃഷ്ടസ്ഥിതിയെ പ്രാപിച്ചു. മഠത്തോടു സംബന്ധിച്ച സ്വത്തുക്കൾ എ

ല്ലാം തേടിപ്പിടിച്ച വഴിപ്പെടുത്തുകയും കാൎയ്യങ്ങൾ വഴിപോലെ നോക്കിച്ചുതുടങ്ങുകയും ചെയ്തു. സാമൂതിരിപ്പാട് കൊല്ലത്താൽ ൩൦൦ ഉറുപ്പിക ചിലവിലെയ്ക്കു വകകൊടുക്കുവാൻ സമ്മതിച്ചു. കൊച്ചിരാജാവിൻെറ തീൎച്ചപ്രകാരമാണ് പഠിപ്പിയ്ക്കുവാനുള്ള ആളുകളെ തീൎച്ചയാക്കിയിരുന്നത്. ആറു ശാസ്ത്രങ്ങൾ പഠിപ്പിയ്ക്കുവാൻ ആറു വിദ്വാന്മാരെ നിയമിച്ചിരുന്നു. മുപ്പതു കൊല്ലത്തോളം ഈ മഠം നല്ല നിലയിൽ നടന്നു. വിദ്യാൎത്ഥികളും ധാരാളം ഉണ്ടായിരുന്നു. പഠിപ്പിയ്ക്കുന്നവരെ ഏൎപ്പെടുത്തുന്ന കാൎയ്യത്തിൽ എന്തോ ചില വ്യവഹാരങ്ങൾ നിമിത്തം സാമൂതിരിപ്പാട് കൊടുക്കാറുള്ള പണം നിൎത്തൽചെയ്തു. ൧൦൭൦-ാമാണ്ടോ അതിന്നടുത്തോ കൊച്ചിസൎക്കാരിൽനിന്നും മഠംവക കാൎയ്യങ്ങളിൽ പ്രവേശിച്ചു തൃപ്തികരമാകുംവണ്ണം ഒരേൎപ്പാടുചെയ്തു. മഠം വകയായിട്ട് ഇപ്പോൾ കൊല്ലത്താൽ രണ്ടായിരം ഉറുപ്പികയോളം മുതലെടുപ്പുള്ളതായ സ്വത്തുക്കളുണ്ട്. ഇതു മുഴവനും ഗുരുക്കന്മാരുടേയും ശിഷ്യന്മാരുടേയും ചിലവിലെയ്ക്കു വകനിൎത്തിയിരിയ്ക്കയാണ്. പ്രധാനാദ്ധ്യാപകനാണ് കാൎയ്യം നോക്കുന്നത്. അദ്ദേഹം വരവുചിലവുകൾക്കു കൊല്ലംതോറും കൊച്ചി വലിയതമ്പുരാൻ തിരുമനസ്സിലെ അടുക്കൽ കണക്കു ഹാജരാക്കേണ്ടതുമുണ്ട്.

## കൊടുങ്ങല്ലൂർ വലിയ ഗോദവമ്മ (ഭട്ടൻ) തമ്പുരാൻ.

ഇദ്ദേഹത്തിൻെറ ജനനം ൧൦൨൮-ാമാണ്ടിലാണ്. കൊടുങ്ങല്ലൂർ രാജ്യം മൈസൂർ സുൽത്താന്മാരുടെ കാലങ്ങളിലും സാമൂതിരി വാഴ്ചക്കാലത്തും എന്നു മാത്രമല്ല അതിനെത്രയോ കാലം മുമ്പു തന്നെ ചരിത്രപ്രസിദ്ധമാകുന്നു. കൊടുങ്ങല്ലൂർ രാജവംശം വൈദുഷ്യത്തിൻെറ വാസസ്ഥലവുമാണ്. അതുകൊണ്ട് ഇപ്പോൾ മഹാമഹോപാദ്ധ്യായസ്ഥാനം വഹിക്കുന്ന വലിയ ഗോദവമ്മതമ്പുരാനു കോവിലകത്തു തന്നെ വിദ്യാഭ്യാസത്തിന്നു വേണ്ടുന്ന സകല സൌകയ്യങ്ങളും ഉണ്ടായിരുന്നു. ഇന്നും വിദ്യ അഭ്യസിപ്പിക്കുന്നതിൽ തൽപരന്മാരും വിദ്വാന്മാരുമായ കാരണവന്മാരെ അനുസരിച്ചു പ്രവത്തിക്കേണ്ടുന്ന ഭാരം മാത്രമെ അദ്ദേഹത്തിന്നുണ്ടായിരുന്നുള്ളു. കൂടല്ലൂരു മനയ്ക്കലുള്ളതുപോലെ കൊടുങ്ങല്ലൂർ കോവിലകത്തും വിദ്യാത്ഥികളെ ചിലവിന്നുകൊടുത്തു താമസിപ്പിക്കുന്നുണ്ട്. ഈ ജീവചരിത്രത്തിലെ നായകനായ ബാലവിദ്യാത്ഥിയുടെ ബുദ്ധിവൈഭവം ചെറുപ്പത്തിൽ തന്നെ പ്രകാശിച്ചിരുന്നു. കോവിലകത്ത് അന്നു തക്കത്തിനേക്കാൾ വ്യാകരണത്തിന്നായിരുന്നു പ്രാധാന്യമുണ്ടായിരുന്നത്. കോവിലകത്തു താമസിച്ചു പഠിച്ചി

രുന്ന കുംഭകോണം കൃഷ്ണശാസ്ത്രികൾ ഒരു കേമനായ വൈയാകരണനായിരുന്നു. ഗോദവർമ്മതമ്പുരാൻ അദ്ദേഹത്തിൻെറ ഇഷ്ടശിഷ്യനുമായിരുന്നു. ഇദ്ദേഹം വ്യാകരണത്തിലും സംസ്കൃതസാഹിത്യസാമാന്യത്തിലും അല്പകാലംകൊണ്ടുതന്നെ നൈപുണ്യം സമ്പാദിച്ചു. അതിൻെറ ശേഷം ആജീവനാന്തം ഒരു വിദ്യാർത്ഥിയുടെ നിലയിൽ ഏററവും ഉൽകൃഷ്ടമായ ഒരു വിദ്യയിൽ ദൃഢമായ അറിവു സമ്പാദിച്ചുകൊണ്ടു ശാന്തമായിത്തന്നെ കാലം കഴിച്ചുകൂട്ടേണമെന്ന ഒരാഗ്രഹം അദ്ദേഹത്തിൽ ചെറുപ്പകാലത്തുതന്നെ അങ്കുരിച്ചു. വിദ്യാഭ്യാസത്തിന്നു കോവിലകത്തുള്ള സൌകര്യങ്ങൾക്കു പുറമേ തൃപ്പൂണിത്തുറെ കൊല്ലംതോറും നടത്തിവരുന്ന 'സദസ്സ്' നിമിത്തം പല പണ്ഡിതന്മാരോടുമുള്ള സഹവാസത്തിന്നും സംഗതിയായി. തൃപ്പൂണിത്തുറയ്ക്കു സദസ്സിന്നുപോകുന്ന ശാസ്ത്രജ്ഞന്മാരിൽ പലരും പോകുംവഴി കൊടുങ്ങല്ലൂർ കയറിപ്പോവുക പതിവായിരുന്നു. സത്സംഗംകൊണ്ടു ബുദ്ധിവികാസം വരുന്നതിൽ അത്ഭുതപ്പെടുവാനില്ലല്ലോ. ഈ ഗുണം ഗോദവർമ്മതമ്പുരാന്നു നല്ലവണ്ണം സിദ്ധിച്ചിട്ടുണ്ട്. നിർഭാഗ്യവശാൽ ഇദ്ദേഹം പ്രകൃത്യാ അശക്തനും വാതരോഗിയുമായതുകൊണ്ട് ഇഷ്ടംപോലെ പഠിക്കുന്നതിൽ പലപ്പോഴും തടസ്ഥങ്ങളുണ്ടാ

യിട്ടുണ്ട്. എന്നാൽ ഇതൊന്നും കൂസാതെ തൃപ്പൂണിത്തുറെ ചെന്നു, തൎക്കത്തിൽ അതിനിപുണനായിരുന്ന തീപ്പെട്ട എളയതമ്പുരാൻ തിരുമനസ്സിലേയും തൎക്കത്തിലും വ്യാകരണത്തിലും ഒരുപോലെ നിപുണനായ ഇപ്പോഴത്തെ വലിയതമ്പുരാൻ തിരുമനസ്സിലേയും അടുക്കെ താമസിച്ചുവന്നിരുന്നു. ഈ തമ്പുരാക്കന്മാർ ഇദ്ദേഹത്തെ കേവലം ഗുരുശിഷ്യഭാവേന മാത്രമല്ല മിത്രഭാവേന കൂടെ ആദരിച്ചുപോന്നിരുന്നു. ഇദ്ദേഹം കൊടുങ്ങല്ലൂർ താമസിയ്ക്കുന്ന കാലത്തുതന്നെ വ്യാകരണം ഉപരിപാഠമെല്ലാം കഴിച്ചിട്ടുണ്ട്. എങ്കിലും തൎക്കത്തിൽ ഇദ്ദേഹത്തിന്നുള്ള ഒരു പ്രതിപത്തി വേറെയായിരുന്നു. അതു കണ്ടിട്ടു തമ്പുരാക്കന്മാർ തൎക്കത്തിലുള്ള ആദ്യപാഠമെല്ലാം കഴിച്ചുകൊടുത്തു. അതിന്റെ ശേഷം മരിച്ചുപോയ മഹാമഹോപാദ്ധ്യായ ശ്രീശഠകോപാചാൎയ്യരുടെ അടുക്കൽ പഠിയ്ക്കുവാനാക്കി. ഇദ്ദേഹത്തിനെപ്പോലെ അടുത്ത കാലത്തിലെങ്ങും ഒരു നൈയായികൻ ഉണ്ടായിട്ടില്ലെന്നു തീൎച്ച പറയാം. ശഠകോപാചാൎയ്യർ പിന്നിട്ടു കൊടുങ്ങല്ലൂർ താമസമാക്കി അവിടെയുള്ള തമ്പുരാക്കന്മാരെ പഠിപ്പിയ്ക്കുവാൻ തുടങ്ങി. മുപ്പതു വയസ്സാകുന്നതുവരെ ഗോദവൎമ്മ തമ്പുരാൻ തൎക്കത്തിൽ വഴിപോലെ പരിശ്രമിച്ച് അസാധാരണമായ നൈപുണ്യം സമ്പാദി

ച്ചു. അതിൻെറശേഷം വേദാന്തത്തിലും ധൎമ്മശാസ്ത്ര ങ്ങളിലും ഹിന്തുക്കളുടെ മതസംബന്ധമായ മററു വിഷയങ്ങളിലും അദ്ദേഹം സമ്പാദിച്ചിട്ടുള്ള അറിവെല്ലാം തനിച്ചുണ്ടാക്കീട്ടുള്ളതാണ്. എന്നാൽ തൎക്കമാണ് അദ്ദേഹത്തിൻെറ സ്വന്തം ശാസ്ത്രമായിവെച്ചിട്ടുള്ളത്. ഇദ്ദേഹവും കിള്ളിമംഗലത്തു നാരായണൻനമ്പൂതിരിപ്പാടുമാണ് ധൎമ്മശാസ്ത്രസംബന്ധമായ വല്ല സംശയവും വന്നാൽ മഹാരാജാവിനുകൂടി ആലോചിയ്ക്കുവാനുള്ള പണ്ഡിതന്മാർ.

ഗോദവൎമ്മ തമ്പുരാന് ഇപ്പോൾ അമ്പത്തൊന്നു വയസ്സായി. ഗ്രന്ഥങ്ങളാണ് ഇദ്ദേഹത്തിൻെറ ഉററ ബന്ധുക്കൾ. ഗ്രന്ഥങ്ങളെ വ്യാഖ്യാനിച്ചുകൊണ്ടും എഴുതിക്കൊണ്ടും ശിഷ്യരെ പഠിപ്പിച്ചുകൊണ്ടുമാണ് കാലക്ഷേപം. ഇദ്ദേത്തിന്ന് അനേകം ശിഷ്യരുണ്ട്. അവരിൽ ചിലർ പഠിക്കുക കഴിഞ്ഞു സൎക്കാർ സ്കൂളുകളിലും സ്വകാൎയ്യസ്കൂളുകളിലും പണ്ഡിതന്മാരായിത്തീൎന്നിട്ടുണ്ട്.

## റായിബഹദൂർ
## ഒ. ചന്തുമേനോൻ.

---

ഈ മഹാപുരുഷൻ കേരളത്തിലൊട്ടുക്കെന്നല്ല പരദേശത്തും ഇത്ര മാത്രം പ്രസിദ്ധനാവാനുള്ള കാരണം മൎയ്യാദക്കാരനായ ഒരു മലയാളിയാണെന്നോ, കൈക്കൂലി, ശിപാൎശി മുതലായ ഉദ്യോഗമാലിന്യങ്ങളുടെ സ്പൎശംപോലും ഏല്ക്കാതെ പല താലൂക്കുകളിലുമുള്ള ജനസാമാന്യത്തിന്റെ യോഗക്ഷേമത്തെ ആൎക്കും അപ്രീതിയും അനിഷ്ടവും കൂടാതെ രക്ഷിച്ചു വളരെക്കാലം സൎക്കാർ വേലയിൽ നിൎവ്യാജം യത്നിച്ചു മേലധികാരികളുടെ പ്രീതി സമ്പാദിച്ചു സബ്ജഡ്ജി ഉദ്യോഗംവരെ ഉയൎന്നിട്ടുണ്ടെന്നോ, റായിബഹദൂർ സ്ഥാനത്തിന്ന് അൎഹനായിട്ടുണ്ടെന്നോ, ഉദാരശീലനാണെന്നോ, സംഗീതരസികനാണെന്നോ, വിനോദപ്രിയനാണെന്നോ, പരിഹാസവിദഗ്ദ്ധനാണെന്നോ, പരമശുദ്ധനാണെന്നോ, ഉള്ള സംഗതികളൊന്നുമാണെന്നു തോന്നുന്നില്ല. മലയാളം ഇംഗ്ലീഷ് സംസ്കൃതം മുതലായ ഭാഷകളിലുള്ള പാണ്ഡിത്യംകൊണ്ടു മാത്രം ചന്തുമേനവനുള്ള പ്രസിദ്ധി മറ്റൊരാൾക്കു കിട്ടുമെന്നും തോന്നുന്നില്ല. കറകളഞ്ഞ വൈദുഷ്യത്തിന്റെ

യും ലോകസ്വരൂപജ്ഞാനത്തിന്റേയും സ്വഭാഷാസ്നേഹശക്തിയുടേയും നിരന്തരസമ്മേളനത്തിൽനിന്നുണ്ടായ ഇന്ദുലേഖാ ശാരദ എന്ന രണ്ടു സന്താനങ്ങളാണ് ചന്തുമേനവന്റെ യശശ്ശരീരം ഇന്നും രക്ഷിച്ചു പോരുന്നത്.

പദ്യകൃത്തുകളിൽ വിശേഷിച്ചു ഭാഷാന്തരീകരണത്തിൽ മന്നസ്ഥാനം പരേതനായ സി. ചാത്തുക്കുട്ടിമന്നാടിയാൎക്കു കൊടുക്കാമെങ്കിൽ ഗദ്യകൃത്തുകളിൽ വിശേഷിച്ചു ഹാസ്യരസപ്രയോഗവിഷയത്തിൽ ഉത്തമസ്ഥാനം ചന്തുമേനവനും കൊടുക്കേണ്ടതാണ്. പദ്യകാവ്യമുണ്ടാക്കുന്നതിനേക്കാൾ ഗദ്യകാവ്യമുണ്ടാക്കുന്നതിന്നു പ്രയാസം കുറയുമെന്നു വല്ലവരും വിചാരിക്കുന്നുണ്ടെങ്കിൽ ആ വിചാരം തെററാണ്. പദ്യകാവ്യത്തിൽ വൃത്തരചനാവൈചിത്ര്യംകൊണ്ടും രസങ്ങൾക്കനുരൂപമായ പദഘടനാപാടവംകൊണ്ടും രസസ്ഫൂൎത്തിമതിയാവാത്ത ഘട്ടങ്ങളിലും വായനക്കാരെ വശീകരിക്കുവാൻ സാധിച്ചുവെന്നുവരാം. ഗദ്യകാവ്യത്തിൽ ആ വക മായാപ്രയോഗങ്ങൾ ഒന്നും തരമാകുന്നതല്ല. ആദ്യം മുതൽ അവസാനംവരെ രസപ്രവാഹം എടമുറിയാതെ ഉണ്ടായിരിക്കണം. നാടകാദിദൃശ്യകാവ്യങ്ങളിലെന്നപോലെ പാത്രങ്ങളെ ആകൃതിക്കും പ്രകൃതിക്കും അനുരൂപമായി വകതിരിച്ചു വാ

യനക്കാരുടെ മനസ്സിൽ പ്രതിഷ്ഠിച്ചുകൊടുക്കണം. യുക്തിഭംഗങ്ങളോ അനാവശ്യപ്രസംഗങ്ങളോ അല്ലമെങ്കിലും വന്നുപോയാൽ അതു പദ്യകാവ്യങ്ങളിലെന്നപോലെ ശബ്ദഭംഗിയിൽ മുങ്ങിപ്പോകുന്നതല്ല. ചേടുപോലെ താഴ്ത്തിയാലും താഴാതെ പ്രത്യക്ഷത്തിൽ പൊങ്ങിക്കിടക്കുകയേ ഉള്ളു. സൂക്ഷ്മമായ ലോകപരിചയമില്ലെങ്കിൽ ഈവക ദോഷങ്ങൾ പററിപ്പോകാതിരിപ്പാനും പ്രയാസംതന്നെ. വർണ്ണിക്കേണ്ടിവരുന്ന ഘട്ടങ്ങളിലും കഥയിൽ ദേശകാലങ്ങൾ മാറേണ്ടിവരുന്ന വിഷയങ്ങളിലും അല്ലാതെ കവിവാചകം പ്രയോഗിച്ചാൽ അഭംഗിയായിത്തീരാനാണ് എളുപ്പം. സംഭാഷണങ്ങളിൽ ആളുംതരവുമറിഞ്ഞു ചേരുമാറാഞ്ഞാൽ അലൌകികമാവും. രസക്ഷയവും വന്നുകൂടും. കരതലാമലകംപോലെ ലോകം കണ്ടുകൊണ്ടല്ലാതെ ഒരക്ഷരംപോലും ശബ്ദിച്ചുപോയാൽ അതിന്റെ കോട്ടം വാക്കുകളെക്കൊണ്ടു മിനുക്കിയാൽ മറയുന്നതല്ല. ഈ വക ദോഷങ്ങളും വൈഷമ്യങ്ങളും ഒഴിയ്ക്കുന്നതിലാണ് ചന്തുമേനവൻ സാമർത്ഥ്യം കാണിച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ വിഖ്യാതിയ്ക്കുള്ള ഹേതുവും ഇതുതന്നെയാണ്.

ഈ ചന്തുമേനവനുപോലും പര്യാലോചിപ്പിയ്ക്കാതെ മാധവനെക്കൊണ്ടു പെട്ടെന്നു ദേശയാത്ര

ചെയ്യിച്ചതിലും മതസംബന്ധമായ വാഗ്വാദം അ സ്ഥാനത്തിൽ ഉപയോഗിച്ചതിലും കുറച്ചൊരു നോ ട്ടക്കുറവ് ഇന്ദുലേഖയിൽ പററിപ്പോയത് പററിപ്പോ യതുതന്നെ. പല ജീവൽപാത്രങ്ങളേയും പേരുമാററാ ട്ടം വഴി ശാരദയിൽ അരങ്ങേററം കഴിപ്പിച്ചിട്ടുള്ളതു കൊണ്ടു വായനക്കാൎക്കു പൊതുവിൽ പൂൎത്തിയായ ര സം ഉണ്ടാവുന്നതല്ലെന്നു ചിലർ ആക്ഷേപിക്കുന്നു ണ്ട്. എന്നാൽ ആ പാത്രങ്ങളുടെ മാതൃകകളായിട്ടു പരിചയമില്ലാത്തവൎക്ക് അധികരസമുണ്ടെന്നല്ലാതെ പരിചയമുള്ളവൎക്കു നോവലിനെ സംബന്ധിച്ചേട ത്തോളം രസത്തിന്നു യാതൊരു കുറവുമുണ്ടെന്നു പറ ഞ്ഞുകൂട. അതിന്നു പുറമെ നോവലിലുള്ള പാത്രങ്ങ ൾക്കു നേരുപകൎപ്പുകളായ ജീവൽപാത്രങ്ങൾ ഉണ്ടെ ന്നും ഞങ്ങൾക്കു തോന്നുന്നില്ല. പല ജീവൽപാത്ര ങ്ങളുടേയും ഗുണദോഷങ്ങളെ അങ്ങുമിങ്ങും നിന്നെടു ത്തു കൂട്ടിച്ചേൎത്തിണക്കി ലോകരീതിക്കനുസരിച്ചു ഒരു പാത്രം കവി സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ അതുതന്നെയാ ണ് കവിധൎമ്മം. ഇന്ദുലേഖയിലെ സൂരിനമ്പൂരിപ്പാ ട്ടും ശാരദയിലെ വൈത്തിപ്പട്ടരും കുണ്ടൎമേനവനും ഏതു മാതിരി ഹാസ്യരസം പുറപ്പെടുവിപ്പിക്കുന്നതി ന്നും ചന്തുമേനവന്നു ബഹു സാമൎത്ഥ്യമാണെന്നു വി ളിച്ചുപറയുന്നുണ്ട്. കണിയാർപണിക്കൻ എടത്തി

ലച്ചൻ കഴകക്കാരൻ വാരിയർ മുതലായവർ ലോകസ്വഭാവം പ്രതിബിംബിയ്ക്കുന്ന ദർപ്പണങ്ങളാണെന്നുതന്നെ പറയാം. അറിയേണ്ടതായ പല തത്വങ്ങളും സരസമായി പാത്രമുഖേന വായനക്കാരുടെ ഹൃദയത്തിൽ ഉറപ്പിച്ചു കൊടുക്കുന്നതിന്നു ചന്തുമേനവന്റെ സഹജമായ സാമർത്ഥ്യം സർവ്വതോമുഖമായിത്തന്നെ കാണുന്നുണ്ട്.

ഇദ്ദേഹത്തിന്റെ പ്രഥമകൃതിയായ ഇന്ദുലേഖയുടെ പുറപ്പാടു കണ്ടു ഭ്രമിച്ചു ഗദ്യകാവ്യനിർമ്മാണംകൊണ്ടു പ്രസിദ്ധി നേടുവാൻ എളുപ്പത്തിൽ സാധിയ്ക്കുമെന്നു കരുതി വികൃതനോവലുകൾ എഴുതിക്കൂട്ടി സമ്പാദിയ്ക്കുവാൻ ശ്രമിച്ച പേർ കളഞ്ഞ ദ്രവ്യം സമ്പാദിച്ചവർ ഒന്നുരണ്ടോ? ചന്തുമേനവന്റെ പിന്തുടർച്ചക്കാരായി മലയാളഭാഷയ്ക്കു് അനർഘ്യമായ ധനം സമ്പാദിച്ചുവെച്ചിട്ടുള്ള ആഖ്യായികാകാരന്മാർ ആകെ കൂടി നോക്കിയാൽ, ഒന്നോ രണ്ടോ!

## ജപ്പാനിലെ
## കപ്പൽപടനായകന്മാർ

### ആഡ്മിറൽ റോഗോ.

'ജപ്പാനിലെ നെൽസൻ' അല്ലെങ്കിൽ 'പൌരസ്ത്യനെൽസൻ' എന്നു പാശ്ചാത്യന്മാർ റോഗോവി

ന നൽകീട്ടുള്ള പേരു പാശ്ചാത്യന്മാരുടെ സ്വദേശാഭി മാനത്തിന്നു യോജിച്ചതെന്നല്ലാതെ റേറാഗോവിൻെറ പ്രശസ്തിയ്ക്കു തക്കതാണെന്നു പറഞ്ഞുകൂടാ. ഒന്നാമതായി ചൈനാ-ജപ്പാൻ യുദ്ധത്തിലും പിന്നീട പത്തുകൊല്ലം കഴിഞ്ഞിട്ട് ആർതർ തുറമുഖം വളഞ്ഞപ്പോഴം കോറിയൻ എടക്കടൽ യുദ്ധത്തിലും അദ്ദേഹം കാണിച്ചിട്ടുള്ള അസാമാന്യമായ ബുദ്ധിവൈഭവവും കൌശലവും സ്ഥൈര്യവും ധൈര്യവും നെൽസൻെറ ചരിത്രത്തിൽ കേട്ടുകേൾവിപോലുമില്ല.

തടിച്ചുരുണ്ടു പൊക്കംകുറഞ്ഞു കറുത്തിരുണ്ട താടിമീശയും മേൽമീശയും ഉള്ള ഒരാളുടെ പ്രതിഛായയാണ് റേറാഗോവിനെ ഒരിയ്ക്കൽ കണ്ടിട്ടുള്ളവരുടെ മനസ്സിൽ സ്ഥിരമായി പതിഞ്ഞുകിടക്കുക. ഉടുപ്പുകുപ്പായത്തോടുകൂടാതെ കണ്ടിരിയ്ക്കുന്ന സമയങ്ങളിൽ അദ്ദേഹം സൈന്യത്തിൽ ചേന്ന ഒരാളാണെന്നുപോലും ആരുംതന്നെ ശങ്കിക്കയില്ലെങ്കിലും, നാവികസൈന്യാധിപൻെറ പൂൎണ്ണവേഷംകെട്ടി പടക്കപ്പലിൻെറ പിന്തലത്തട്ടിൽ നായകനിലയിൽ നില്ക്കുന്നതു കണ്ടാൽ ആ സ്ഥാനത്തിന് അദ്ദേഹമല്ലാതെ മറെറാരുവനും അൎഹനല്ലെന്ന് ഏവനും സമ്മതിച്ചുപോവും.

1857. അക്ടോബർ 14-ാംനു-യാണ് അദ്ദേഹ

ത്തിന്റെ ജനനം. ഒരു സാമ്രാജ്യത്തിലെ നാവിക സൈന്യത്തിന്റെ നേതൃസ്ഥാനം വഹിയ്ക്കുവാനുള്ള പ്രാപ്തിയല്ലാതെ പ്രായം അദ്ദേഹത്തിന്നായിട്ടില്ല. ജപ്പാൻ നാവികസൈന്യത്തിലെ പ്രസിദ്ധന്മാരായ മററുള്ള അധികൃതന്മാരെപ്പോലെ ഇദ്ദേഹവും സത്സമവർഗ്ഗത്തിൽപ്പെട്ട ഒരാളാകുന്നു. ബാല്യം മുതല്ക്കുതന്നെ ഇദ്ദേഹത്തിനു 'കടൽഭ്രാന്ത്' കലശലായിരുന്നു. ഇദ്ദേഹത്തിനു കപ്പൽ പട്ടാളത്തിൽ ചേരുവാനുള്ള മോഹം ജന്മസിദ്ധമാണെന്നുതന്നെ പറയാം. ജപ്പാനിലെ നാവികപരിഷ്ക്കാരങ്ങൾ ആലോചനയിൽ കിടന്നിരുന്ന കാലത്ത് അവയെ സംബന്ധിച്ച പ്രാരംഭകസംഗതികൾ ഗ്രഹിയ്ക്കുന്നതിൽ റോഗോവിന്നുണ്ടായിരുന്ന മിടുക്കു മേലധികാരികളുടെ ശ്രദ്ധയെ ആകർഷിയ്ക്കുകയും അവർ ആ യുവാവിനെ ഈ വിഷയത്തിൽ പരിചയിപ്പിയ്ക്കുവാൻവേണ്ടി ഇംഗ്ലാണ്ടിലേയ്ക്കു് അയയ്ക്കുകയും ചെയ്തു. 1873, 1874 ഈ കാലങ്ങളിൽ അദ്ദേഹം 'വോഴ്സ്റ്റർ' എന്ന കപ്പലിൽ നാവികവിദ്യ അഭ്യസിയ്ക്കുകയായിരുന്നു. അക്കാലത്ത് അദ്ദേഹത്തിന്റെ നടവടിയെപ്പററി 'വിശേഷം' 'അതിവിശേഷം' എന്നാണ് ഗുരുക്കന്മാരുടെ ഡയറിപുസ്തകങ്ങളിൽ എഴുതിക്കാണുന്നത്. 'വോഴ്സ്റ്റർ' കപ്പൽ വിട്ടുപിരി

അദ്ദേഹത്തിന്റെ ആദിചരിത്രവും ഉയർച്ചക്രമവും

ഞ്ഞതിൽപിന്നെ ഒരു പടക്കപ്പലിലാണ് അദ്ദേഹം പയററീട്ടുള്ളത്. അവിടെപ്പററിയ്ക്കേണ്ട വേലയുടെ സകല അംഗോപാംഗങ്ങളും ഹൃദിസ്ഥമായതിൻെറ ശേഷം ഗ്രീനിച്ച നഗരത്തിലുള്ള നാവികവിദ്യാശാലയിൽ ചേൎന്നു തൽസംബന്ധമായ അറിവിന്നു പൂൎത്തിവരുത്തുകയും ചെയ്തു. റേറാഗോവിൻെറ സത്സ്വഭാവം മൂലം അദ്ദേഹത്തിൻെറ സഹപാഠികൾക്കും ഗുരുക്കന്മാൎക്കും എന്നുവേണ്ട അദ്ദേഹമായിട്ട ഇടപെട്ടിട്ടുള്ള ആളുകൾക്കൊക്കെ അദ്ദേഹത്തിൻെറ പേരിൽ പ്രതിപത്തിയായിത്തീൎന്നു.

ചൈനാജപ്പാൻയുദ്ധം ആരംഭിച്ച ദിവസം 'കൌഷിങ്ങ്' എന്ന കപ്പൽ മുക്കിയതു മുതൽക്കാണ് 'ഹേഹാച്ചിറേറാഗോ' പ്രമാണിയായിത്തുടങ്ങിയത്. ഇണ്ടോ ചൈനാ തീക്കപ്പൽയാത്രക്കമ്പനിവകയായ കൌഷിങ്ങ് കപ്പലിലെ കപ്പിത്താൻ 'ഗാൽസ്വർതി' എന്നൊരാളായിരുന്നു. അതിലെ അധികാരികളും നാവികഗണങ്ങളും ഇംഗ്ലീഷുകാരായിരുന്നതിന്നു പുറമെ ബ്രിട്ടീഷുകാരുടെ കൊടിക്കൂറയും അതിൽ പാറിക്കൊണ്ടിരുന്നു. എന്നാൽ വാസ്തവത്തിൽ ആ കപ്പൽ ചീനപ്പട്ടാളക്കാരെ കുത്തിനിറച്ച് ഓരോരോ സങ്കേതസ്ഥലങ്ങളിലേയ്ക്കു കൊണ്ടുപോവുകയായിരുന്നു. ചൈന

കൌഷിങ്ങ് മുക്കിയത്

യും ജപ്പാനും തമ്മിൽ അപ്പോഴത്തെ നില ആർതർ തുറമുഖം ആക്രമിക്കുന്നതിന്നു മുമ്പു റഷ്യയും ജപ്പാനും തമ്മിലുണ്ടായിരുന്ന നിലപോലെതന്നെയായിരുന്നു. യുദ്ധവിളംബരം പ്രസിദ്ധപ്പെടുത്തുക കഴിഞ്ഞിട്ടില്ല. പക്ഷെ എല്ലാവരും വെടിപൊട്ടുന്നതു കേൾക്കുവാൻ കാത്തുകൊണ്ടിരിക്കുകയായിരുന്നു. ജപ്പാൻകാരുടെ ഒന്നാമത്തെ കപ്പൽക്കൂട്ടത്തിൽ ചേൎന്ന 'നനീവ' കപ്പലിൻെറ അധികാരിയായിരുന്ന റോഗോ കൌഷിങ്ങ് പുറങ്കടലിൽക്കൂടി പായുന്നതു 'നനീവ' കണ്ടു. ഉടനെ നനീവയിൽനിന്നു രണ്ടു പാഴ്വെടി പൊട്ടുകയും കൌഷിങ്ങ് പെട്ടെന്നു നില്ക്കുകയും ചെയ്തു. രണ്ടു കപ്പലുകളും ഒരുമിച്ചു ജപ്പാനിലേക്കു പോകണമെന്നു 'നനീവ'യിലെ ഒരു ഉപനായകൻ പാമരത്തട്ടിന്മേൽ നിന്നു മുദ്ര കാണിച്ചു. ഗാൽസ്വർതി സമ്മതിച്ചു. കൌഷിങ്ങിൻെറ മേൽത്തട്ടിന്മേൽ നിന്നിരുന്ന ചീനപ്പടനായകന്മാർ കോപം അടക്കുകവയ്യാതെ 'ഒരു കാലത്തും ഞങ്ങൾ കീഴടങ്ങില്ലെ'ന്നു വിളിച്ചു നിലവിളിച്ചു. പെട്ട പൊളിഞ്ഞു. 'ഗാൽസ്വർതിയും' പരിവാരവും 'നനീവ'യിലേക്കു മാറിക്കൊള്ളുവാൻ 'റോഗോ' തന്നെ മുദ്ര കാണിച്ചു. ചീനക്കാർ അവരെ വിട്ടില്ല. നാലുമണിക്കൂറുനേരം റോഗോ ക്ഷമിച്ചു. പിന്നേയും ശത്രുപക്ഷക്കാർ വഴിപ്പെടുന്ന വട്ടം കണ്ടില്ല. ഒരു വെ

ടി. എൻജിൻ മുറി പൊട്ടിത്തുറന്നു. കപ്പലിലേയ്ക്കു വെള്ളം തിളച്ചുകയറിത്തുടങ്ങി. ഗാൾസ്‌വർതിയും കൂട്ടുകാരും സമുദ്രത്തിലേയ്ക്കു കുതിച്ചുചാടി. ചീനക്കാരുടെ വെടിയും അവരെ പിന്തുടന്നു. അപ്പോഴെയ്ക്കും 'നനീവ' അവരെ രക്ഷപ്പെടുത്തി. അതോടുകൂടി കപ്പൽ താഴുന്ന കൂട്ടത്തിൽ 'കൌഷിങ്ങ്' ചീനപ്പട്ടാളക്കാരോടുകൂടി ആഴിയുടെ അടിത്തട്ടിലേയ്ക്കു യാത്രയായി. അന്നുമുതല്ക്കു ചൈനാജപ്പാൻ യുദ്ധാവസാനത്തിൽ ചീനപ്പട്ടാളത്തെ ഭസ്മീകരിച്ച് 'വൈ-ഹൈ-വൈ' യുദ്ധംവരെ എല്ലാം കടലോറങ്ങളിലും റോഗോവായിരുന്നു പ്രമാണി. അതിൻെറ ശേഷം അദ്ദേഹത്തിനെ ഒരു കപ്പൽ പാളയത്തിൻെറ നായകനായി നിശ്ചയിച്ച് 'വൈസ് ആഡ്മിറൽ' എന്ന സ്ഥാനത്തേയ്ക്കു കയററവും കൊടുത്തു. ഇപ്പോൾ അദ്ദേഹം ആഡ്മിറൽ ആകുന്നു.

റോഗോവിനെ വീരനായ ഒരു ആയുധപാണിയായിട്ടു മാത്രമേ ലോകം അറിയുന്നുള്ളു. എന്നാൽ

റോഗോവിൻെറ ലോകതയും ലോകജ്ഞതയും

ഒരു യോദ്ധാവിന്റേതിൽ അധികരിച്ചിട്ടുള്ള ഗുണം അദ്ദേഹത്തിനുള്ളതു ലോകം അത്ര കണ്ടിട്ടില്ല. യുദ്ധത്തിനുള്ള വാസനയേക്കാൾ ആളും തരവും അറിവാനുള്ള മിടുക്കാണ് അദ്ദേഹത്തിനെ ഈ നില

യിൽ കൊണ്ടുവന്നിട്ടുള്ളത്. ഒരു കമാന്റെ എത്രയും ദുശ്ശടമായ വേല നിവ്വഹിക്കുന്നതിൽ അദ്ദേഹത്തിനുണ്ടായിരുന്ന എളുപ്പവും കീഴുദ്യോഗസ്ഥന്മാരെ തിരഞ്ഞെടുക്കുന്നതിൽ തെററുപററുന്നതിന്റെ ചുരുക്കവും അദ്ദേഹമായിട്ട് അടുത്തു പെരുമാറീട്ടുള്ളവക്കൊക്കെ ആശ്ചയ്യഹേതുക്കളായിരുന്നു. "തന്റെ കീഴിലുള്ളവരെ വിരലുകളെപ്പോലെ ഉപയോഗിക്കുന്ന ഒരു കമാനുണ്ട്. അദ്ദേഹത്തിന്റെ പേര് "റോഗോ"", എന്നിങ്ങിനെ 'നിപ്പൺ' എന്ന സ്ഥലത്തുള്ള നാവികഗണങ്ങളുടെ ഇടയിൽ ഒരു ചൊല്ലുതന്നെ ഉണ്ട്. അദ്ദേഹത്തിനുള്ള കോട്ടം മുഴുവനും തോല്മ പററുന്ന കാൎയ്യത്തിലാണ്. ഇതിനെ കളിയാക്കിക്കൊണ്ടു പല കഥകളും ജപ്പാനിൽ നടപ്പുണ്ട്. ഒരിക്കൽ 'റോഗോ' തീരെ അബദ്ധമായ എന്തോ ഒരു കല്പന കൊടുത്തു. അതു കീഴുദ്യോഗസ്ഥന്മാരിൽ ആരോ ചൂണ്ടിക്കാണിച്ചു. റോഗോ കുറച്ചുനേരത്തേക്ക് ഒന്നും മിണ്ടിയില്ല. എന്നതിന്റെ ശേഷം 'അതു തന്റെ മേലധികാരിയുടെ കല്പനയാണ്. തനിക്ക് അതിനെ കീഴ്വണങ്ങേണ്ട ഭാരം മാത്രമേയുള്ളു' എന്നു പറഞ്ഞിട്ട് അവിടെനിന്നു പോയി. കല്പന പിൻവലിക്കുകയും ചെയ്തു.

ബഹുമാന്യന്മാരിൽ മുമ്പനായ 'റോഗോ' വി

നീതന്മാരിലും അഗ്രഗണ്യനാകുന്നു. "ചൈനായുദ്ധം കഴിഞ്ഞപ്പോൾ അതിന്റെ ഒരു ചരിത്രമെഴുതുവാൻ ഉപനായകന്മാരിൽ ഒരാളെ നിയമിച്ചു. അയാളോടു റോഗോവിന്റെ ഉപദേശം 'കാൎയ്യം വിട്ടുകളിയ്ക്കരുത്, മേലുദ്യോഗസ്ഥന്മാരെ സ്തുതിയ്ക്കരുത്, സത്യമേ പറയാവൂ' എന്നായിരുന്നു. റഷ്യാജപ്പാൻ യുദ്ധം തുടങ്ങുന്നതിന്നുമുമ്പു 'കോബ്' എന്ന സ്ഥലത്തു ചക്രവൎത്തിയുടെ സന്നിധാനത്തിൽ ജപ്പാൻ പടക്കപ്പലുകളുടെ ഒരു കൂടിക്കാഴ്ചയും കവാത്തും ഉണ്ടായി. അന്നു റോഗോവിന്റെ പഴയ 'നനീവ' കൊടിക്കപ്പലിന്റെ സമീപത്തിൽകൂടി കടന്നുപോയപ്പോൾ റഷ്യൻ ദൂതസംഘത്തിലെ ഒരു ഉദ്യോഗസ്ഥൻ 'റോഗോവി'നെ വളരെ സ്തുതിച്ചുപറഞ്ഞു. 'റോഗോ' അതു കേട്ടുവെന്നുതന്നെ നടിച്ചില്ല. കപ്പലുകളുടെ ചലനങ്ങളിൽതന്നെ ദൃഷ്ടിവെച്ചുകൊണ്ടു നിന്നു. പരിശോധന ഒക്കെ കഴിഞ്ഞപ്പോൾ അടുത്തുനിന്നിരുന്ന 'താക്കറബെ' എന്നൊരുദ്യോഗസ്ഥനോടു 'വേണ്ടില്ല ഇങ്ങിനെയാണെങ്കിൽ നമ്മൾക്കു തോൽവി വരുമെന്നു ഭയംവേണ്ട' എന്നു പറഞ്ഞിട്ട് ആ റഷ്യന്റെ നേരെ നോക്കി ഒന്നു ചിരിച്ചു. ഈ കഴിഞ്ഞ യുദ്ധത്തിൽതന്നെ തന്റെ പേരു മറച്ചുവെച്ചു കീഴുദ്യോഗസ്ഥന്മാരു

അദ്ദേഹത്തിന്റെ വിനയവും കൃത്യനിഷ്ഠയും.

ടെ പ്രവൃത്തികളെ ശ്ലാഘിച്ചു പറയുന്ന 'റോഗോവിൻെറ' സമ്പ്രദായം പ്രസിദ്ധമാണല്ലോ.

തൻെറ ശത്രുക്കളെ സംഹരിക്കുന്നതിന്നായി താനും തൻെറ പകുതി സൈന്യവും നശിക്കുവാൻ ഒരുക്കമുണ്ടെന്നും, വിജയഘട്ടത്തിലാണ് 'നെൽസൻ' മരിച്ചിട്ടുള്ളത്, അതുപോലെ താനും മരിക്കുന്നതായാൽ സന്തോഷമാണെന്നും കോറിയൻ ഏടക്കടൽ യുദ്ധത്തിന്നു പുറപ്പെടുന്നതിന്നുമുമ്പു 'റോഗോ' അദ്ദേഹത്തിൻെറ ഒരു ദായാദിയോടു പറഞ്ഞിട്ടുള്ളതായി വിശ്വാസയോഗ്യമാകുംവണ്ണം പ്രസ്താവിച്ചുകാണുന്നുണ്ട്. വിസ്താരഭയത്താൽ റോഗോവിനെപ്പററി ഇത്രമാത്രമല്ലാതെ അദ്ദേഹത്തിൻെറ സുപ്രസിദ്ധമായ ഇദാനീന്തന ചരിത്രത്തെപ്പററി വിസ്തരിപ്പാൻ തുനിയുന്നില്ല.

---

## ആഡ്മിറൽ കാമിമൂര.

ജപ്പാനിൽ 'റോഗോവിനുള്ള പ്രസിദ്ധിയിൽ ഒട്ടും കുറവല്ല' കാമിമൂരയ്ക്കുള്ള പ്രസിദ്ധിയും.

ഷോഗനെ തോല്പിച്ചു പറപ്പിച്ചു ഇപ്പോഴത്തെ ചക്രവൎത്തിയെ ഏകച്ഛത്രാധിപതിയായി വാഴിക്കുവാൻവേണ്ടി നടത്തിയ ഘോരമായ രാജ്യാവകാശതൎക്കയുദ്ധത്തിൽ, ഇദ്ദേഹം ജനനാൽതന്നെ മഹത്താ

അദ്ദേഹത്തിൻെറ ആദിചാരിത്രവും വിദ്യാഭ്യാസവും.

യ സൽസ്സമവൎഗ്ഗത്തിൽപ്പെട്ട ഒരു സാമുരായിയാക യാൽ ബാലനായിരുന്നുവെങ്കിലും, പങ്കുകൊള്ളാതിരു ന്നില്ല. ഈ കലഹം അവസാനിച്ചതിന്റെ ശേഷം 'കാമിമൂര' അന്ന് ആരംഭദശയിൽ കിടന്നിരുന്ന ജപ്പാൻ നാവികസൈന്യത്തിൽ ചേൎന്നു. 1872-ൽ ആദ്യം സ്ഥാപിക്കപ്പെട്ട 'ടോക്കിയൊ' നാവികവിദ്യാലയത്തിൽ ആദ്യം പഠിക്കുവാൻ ചേൎന്നവരിൽ ഒരാളായിരുന്നു ഇദ്ദേഹവും. ഇദ്ദേഹത്തിന്റെ നാവികവിദ്യാഭ്യാസം മുഴുവനും ജപ്പാനിൽതന്നേ ഉണ്ടായിട്ടുള്ളു.

അദ്ദേഹത്തിന്റെ ഉയൎച്ചക്രമം.

ഉദ്യോഗപദവിയിൽ ആദ്യത്തെ പതനംമുതൽ കയറി കപ്പിത്താന്റെ സ്ഥാനത്ത് എത്തിയപ്പോഴാണ് അദ്ദേഹത്തിന്റെ പേരു പുറത്തുവന്നുതുടങ്ങിയത്. ചൈനായുദ്ധത്തിൽ 'ആക്കിററ് സുഷീമ' എന്ന പടക്കപ്പലിന്റെ നായകനായിരുന്ന കാലത്താണ് അദ്ദേഹത്തിന്റെ പേരു പ്രമാണികളുടെ പട്ടികയിൽ പെട്ടത്. ചീനക്കാരുടെ നാവികസൈന്യത്തെ പിടിച്ചടച്ച മൂന്നു യുദ്ധങ്ങളിലും ഇദ്ദേഹം ഒരു ഭാരവാഹിയായിരുന്നു. ഇതിൽ ആദ്യത്തേത് 'ഫൂങ്ങ്' എന്ന ദ്വീപിന്റെ സമീപത്തിലുണ്ടായ യുദ്ധമാണ്. 1894 ജുലായി 23-ാംനു- ജപ്പാൻകാരുടെ എട്ടു പടക്കപ്പലുകൾ 'സഡിഫോ' എന്ന നാവികസ്റ്റേഷനിൽ

നിന്നു യാത്ര പുറപ്പെട്ടു. ഇവയിൽ സേനാമുഖസ്ഥാനം വഹിച്ചിരുന്നത് 'യൊഷീനോ' 'നനിവ' 'ആക്കീററ് സുഷീമാ' എന്നിവയായിരുന്നു. 'ഫൂങ്ങ്' ദ്വീപു കടക്കുമ്പോഠം കുറെ ചീനപ്പടക്കപ്പലുകളായിട്ടു മുട്ടി എത്തുകയും അവയെ പറപ്പിയ്ക്കുകയും ചെയ്തു. അവയെ പിന്തുടൎന്നു പോയ കൂട്ടത്തിൽ 'കാമിമ്യൂര'യുടെ കപ്പൽ 'സാഃയാക്യങ്ങ്' എന്ന ചീനക്കപ്പലിനെ തേടിപ്പിടിച്ചു കീഴടങ്ങുവാൻ കല്പിച്ചു. വീരങ്കിയുടെ അപേക്ഷകൂടാതെ അതിനെ കീഴടക്കി ആദ്യത്തെ വിജയമുദ്ര വാങ്ങുവാൻ കാമിമ്യൂരയ്ക്കാണ് ഭാഗ്യമുണ്ടായത്.

അദ്ദേഹത്തിൻെറ പിന്നത്തെ പ്രവേശം 1894 സപ്ടമ്പർ 17-ാംനു- മഞ്ഞക്കടലിൽ 'ഹൈയങ്ങ്' എന്ന ദിക്കിലുണ്ടായ കടലോറത്തിലാണ്. ഹൈയങ്ങിൻെറ സ്ഥിതി 'കിഞ്ചോ'ദ്വീപകല്പത്തിലേയ്ക്കുള്ള പ്രവേശനമാൎഗ്ഗത്തിന്ന് അഭിമുഖമായിട്ടാണ്. അവിടം ചീനക്കാരുടെ ഒരു കപ്പൽക്കൂട്ടത്തിൻെറ ഗാഢരക്ഷയിലായിരുന്നു. എന്നാൽ ആ കൂട്ടത്തിൽപെട്ട ഏതാനും കപ്പലുകളെ ഉടച്ചു മററുള്ളതിനെ വൈ-ഹൈ-വൈ വഴിയ്ക്കു് ഓടിയ്ക്കുവാൻ കാമിമ്യൂരയ്ക്കു താമസവും പ്രയാസവും വേണ്ടിവന്നില്ല. അദ്ദേഹം കപ്പിത്താന്മാരുടെ സാധാരണ സ്ഥാനമായ കപ്പലിൻെറ പിന്തലത്തട്ടിലുള്ള പാലത്തിന്മേൽ നില്ക്കാതെ പാമര

ത്തിന്മേലുള്ള തുറന്ന കൊത്തളത്തട്ടിൽനിന്നു യുദ്ധം കഴിയുന്നതുവരെ വെടിക്കാരനെ സഹായിയ്ക്കുകയായിരുന്നു ചെയ്തിരുന്നത്. വളരെ നേരം ശത്രുപക്ഷക്കാരുടെ തോക്കിന്ന് ഇരയായിരുന്നുവെങ്കിലും യാതൊരപകടവും അദ്ദേഹത്തിന്നു പററുകയുണ്ടായില്ല.

അദ്ദേഹത്തിന്റെ മൂന്നാമത്തെ യുദ്ധം വൈ-ഹൈ-വൈ യുദ്ധമായിരുന്നു. ആഡ്മിറൽ ടിങ്ങിന്റെ കീഴിലുള്ള ചീനപ്പടക്കപ്പലുകൾക്ക് ഉന്മൂലനാശം വന്ന ആ ഭയങ്കരയുദ്ധത്തിലാണ് 'ടോർപ്പിഡോ' ബോട്ടുകളെക്കൊണ്ടുള്ള ഉപകാരം ജപ്പാൻകാർ നല്ലവണ്ണം അനുഭവിച്ചറിഞ്ഞത്.

ചൈനായുദ്ധം സമാപിച്ചതിന്റെ ശേഷം കാമിമ്യൂരയ്ക്കു കയററം കിട്ടി. അനേകം പടക്കപ്പലുകളുടെ നായകനായിത്തീൎന്നു. ആറേഴുകൊല്ലം 'എൽസവിക്ക്', മുതലായ കപ്പൽ പണിസ്ഥലങ്ങളിൽ ജപ്പാൻ ആവശ്യത്തിലേയ്ക്കു പണി ചെയ്തുവന്നിരുന്ന പടക്കപ്പലുകളുടെ സ്ഥിതി അറിഞ്ഞുവരാനായി ജപ്പാൻ ഗവൎമ്മെണ്ടിൽനിന്ന് അദ്ദേഹത്തിനെ ഇംഗ്ലാണ്ടിലേയ്ക്കു യച്ചു. ക്ലൈഡ് നദീതീരത്തു വേല തീൎത്തുവെച്ചിരുന്ന 'അഷായി' എന്ന കപ്പൽ ജപ്പാനിലേയ്ക്കു കൊണ്ടുവരുവാനുള്ള ഭാരവും അദ്ദേഹത്തിന്റെ ജോലി

കാമിമ്യൂരയും സമാധാനകാലവും

യിൽ ഉൾപ്പെട്ടതായിരുന്നു. ഒരു കൊല്ലത്തോളം ഇം
ഗ്ലാണ്ടിൽ താമസിച്ചു. ജപ്പാൻകാരുടെ ലണ്ടനിലുള്ള
നാവികകച്ചേരിയായിരുന്നു അദ്ദേഹത്തിന്റെ വാസ
സ്ഥലം. അക്കാലത്ത് ഇംഗ്ലീഷുകാരിൽ പലരും അ
ദ്ദേഹത്തിന്റെ സ്നേഹിതന്മാരായിത്തീൎന്നിട്ടുണ്ട്. ഇം
ഗ്ലാണ്ടിൽ താമസിക്കുന്ന കാലത്തുതന്നെയാണ് 'റി
യർ ആഡ്മിറൽ' എന്ന പദവിയും ഗവമ്മേണ്ടുസം
ബന്ധമായ കപ്പൽപണിയിൽ ഉപദേഷ്ടാവിന്റെ
സ്ഥാനവും ലഭിച്ചത്. ജപ്പാനിലേക്കു തിരിയെ വന്ന
പ്പോൾ അദ്ദേഹത്തിനെ നാവികവിദ്യാഭ്യാസവകു
പ്പിൽ അദ്ധ്യക്ഷനായി നിയമിച്ചു. 1902 മുതൽ 1903
വരെ ഒരുകൂട്ടം കപ്പലിനെ കവാത്തു പഠിപ്പിച്ചുംകൊ
ണ്ടും അസ്ട്രേലിയാ ബന്തരുകളിൽ ബഹുമാനസൂച
കമായി നൽകിയിരുന്ന സല്ക്കാരം സ്വീകരിച്ചുംകൊ
ണ്ടും ശാന്തസമുദ്രത്തിൽ സഞ്ചരിക്കുകയായിരുന്നു. മ
ടങ്ങി സ്വരാജ്യത്തിലേക്കുവന്നപ്പോൾ ജപ്പാൻ പടക്ക
പ്പലുകളുടെ ദ്വിതീയസംഘത്തിലെ നായകനായിട്ടു
നിയമിക്കപ്പെട്ടു. അക്കാലത്തു 'വ്ളാഡിവോസ്റ്റാക്കി'
ലുള്ള റഷ്യൻ പടക്കപ്പലുകളുടെ ഗതാഗതങ്ങളേയും
നടവടികളേയും കാത്ത് അവയെ എതിക്കുവാനുള്ള
തരംനോക്കി ഇരിക്കുകയായിരുന്നു. ഒടുവിൽ അതിനു
തക്കതായ അവസരവും വന്നു. 'ട്ടൂരിക്ക' എന്ന രക്ഷ

കപ്പലിന്റെ അധോഗതിയും കൂട്ടുകപ്പലുകളുടെ പലായനവും തരംനോക്കി പ്രയോഗിയ്ക്കുവാൻ കാമിമ്യൂരയ്ക്കുള്ള മിടുക്കിന്റെ ഫലങ്ങളാകുന്നു.

---

## ആഡ്മിറൽ ഉറിയു.

'ചെമൽപ്പോ' വീരനായ ഇദ്ദേഹമാണ് ജപ്പാനിലെ കപ്പൽപ്പടനായകന്മാരിൽ പ്രാധാന്യംകൊണ്ടു മൂന്നാമൻ 46 വയസ്സുമാത്രം പ്രായംചെന്നിട്ടുള്ള ഇദ്ദേഹം ജപ്പാൻ നാവികസൈന്യാധിപന്മാരിൽ ഏറ്റവും പ്രായംകുറഞ്ഞ ഒരാളാണ്. ഇദ്ദേഹത്തിന്റെ നാവികവിദ്യാഭ്യാസം ഇംഗ്ലാണ്ടിലുമല്ലാ, ജപ്പാനിലുമല്ല; അമ്മേരിയ്ക്കയിലാണ് ഉണ്ടായിട്ടുള്ളത്. കുട്ടിയായിരുന്നപ്പോൾതന്നെ അമ്മേരിക്കക്കാരുടെ ഒരു അഭ്യസനക്കപ്പലിൽ നാവികവിദ്യാഭ്യാസം തുടങ്ങി. അതിന്റെശേഷം 'അനാപ്പോളിസ്' എന്ന ദിക്കിൽ യു. എസ്സ്. നാവികവിദ്യാലയത്തിൽ മുറയ്ക്കുള്ള പാഠക്രമവും വഴിപോലെ നിർവ്വഹിച്ചു.

അദ്ദേഹത്തിന്റെ ഉദ്യോഗക്രമം.

സ്വരാജ്യത്തേയ്ക്കുവന്ന ഉടനെ 'ടോക്കിയോവിൽ' ഉള്ള നാവികസൈന്യത്തിന്റെ തലസ്ഥാനപരിപാലകന്മാരിൽ ഒരാളായിട്ടു നിയമിയ്ക്കപ്പെട്ടു. കാലക്രമംകൊണ്ട് ഈ പരിപാലകന്മാരുടെ മൂന്നു സംഘങ്ങളു ഉ

ള്ളതിൽ ഒന്നിന്റെ അദ്ധ്യക്ഷനാവുകയും ചെയ്തു. ഉപനായകനായിട്ടും കപ്പിത്താനായിട്ടും കൂട്ടനായകനായിട്ടും പലവിധത്തിൽ നാവികഡിപ്പാർട്ടുമേണ്ടിൽ പണിയെടുത്തിട്ടുണ്ട്. എന്നാൽ അധികഭാഗവും പാശ്ചാത്യന്മാർക്കു ബഹുമാനാസ്പദമായി തീൎന്നിട്ടുള്ള വിദ്യാഭ്യാസവിഷയത്തിലും ദൂരവൃത്തിയിലുമാണ് ജോലി നോക്കീട്ടുള്ളത്. ചൈന ജപ്പാൻ യുദ്ധകാലത്ത് ഇദ്ദേഹത്തിന്റെ സ്ഥാനം 'ഹൈറോഷീമ' എന്ന ദിക്കിലായിരുന്നു. അവിടെ നാവികവിഷയത്തിൽ ചക്രവൎത്തിയുടെ ഒരു ഉപദേഷ്ടാവിന്റെ നിലയിലാണ് വൎത്തിച്ചിരുന്നത്. അവിടെനിന്നു കുറെ ചെന്നപ്പോൾ, ഇപ്പോൾ അദ്ദേഹത്തിന്നുള്ള 'റിയർ ആഡ്മിറൽ', എന്ന സ്ഥാനം ലഭിച്ചു. രണ്ടാംതരം രക്ഷക്കപ്പലുകളൊക്കെ അദ്ദേഹത്തിന്റെ അധീനത്തിൽപ്പെട്ടവയാണ്. അദ്ദേഹത്തിന്റെ 'ചീറേറാസ്' എന്ന കൊടിക്കപ്പലുപോലെ വേഗമുണ്ടായിട്ടു ജപ്പാനിൽ വേറെ ഒരു കപ്പലുമില്ല. ഇക്കഴിഞ്ഞ യുദ്ധത്തിൽ 'ചെമൽപ്പോ'വിൽ പ്രശംസാവഹമാകുംവണ്ണം നടത്തിയ വീരകൃത്യമാണ് ഉറിയുവിന്റെ പേർ എന്നേയ്ക്കും നിലനിൎത്തുവാൻ പോകുന്നത്. 'ചെമൽപ്പോ'വിൽ വച്ച് 'വറിയാഗ്-കോറിട്സ്' എന്നീ റഷ്യൻകപ്പലുകളായിട്ടു നേരിട്ടുപൊരുതി തോൽപ്പിച്ച് നശിപ്പിച്ച

കപ്പൽക്കൂട്ടം ഇദ്ദേഹത്തിൻെറ ആധിപത്യത്തിൽപ്പെട്ടതായിരുന്നു.

ഉറിയുവിൻെറ ആകൃതിയും പ്രകൃതിയും

കാഴ്ചയിൽ 'ഉറിയു' സ്വദേശക്കാരിൽനിന്നു തീരെ ഭിന്നിച്ചിട്ടുള്ള ഒരാളാകുന്നു. നിറംകൊണ്ടും മുഖവടിവുകൊണ്ടും ഒരു യൂറോപ്യനല്ലെന്നു ആരുംതന്നെ പറകയില്ല. ഒരു ജപ്പാൻകാരൻെറ അവസ്ഥയ്ക്കു് അദ്ദേഹത്തിനു സാമാന്യം നല്ല ഉയരം ഉണ്ടു്. അതിവേഗത്തിലും അതിഭംഗിയിലും ഇംഗ്ലീഷുഭാഷ സംസാരിക്കുന്നതിൽ അദ്ദേഹത്തിനോടു തുല്യനായിട്ടു് അദ്ദേഹത്തിൻെറ നാട്ടിൽ ഒരുവനുമില്ല. അദ്ദേഹത്തിൻെറ കാകളഞ്ഞു മിനുക്കിയ സ്വഭാവത്തെപ്പററി പ്രശംസിക്കാത്തവർ ആരുംതന്നെയില്ല.

---

## അഡ്മിറൽ ഇറോറ.

കപ്പൽപട്ടാളത്തിലെ അധികാരിവർഗ്ഗത്തിൽ പ്രധാനിയായ ആഡ്മിറൽ വൈക്കൌണ്ടു് യൂക്കോ 'ഇറൊറ' 1843 മേയ്മാസത്തിൽ സൽസൂമ സംസ്ഥാനത്തു ജനിച്ചു. അദ്ദേഹത്തിൻെറ വിദ്യാഭ്യാസം 'ടോക്കിയോ'വിലുള്ള 'കായിഃസയി' എന്ന ഉപരിപാഠശാലയിലും നാവികവിദ്യാലയത്തിലും ആയിരുന്നു.

1868-ൽ ജപ്പാനിലെ അധിരാജകീയനാവികസൈന്യത്തിൽ ചേൎന്നു. 1872-ൽ ഒരു ഉപനായകനായി 'അഡ്സൂമ, നിഷിൻ ഫൂസോ ഹൈ-ഐ' എന്നീ പടക്കപ്പലുകളെ യഥാക്രമം ഭരിച്ചുവന്നു. 1877-ൽ ഉണ്ടായ ഉൾനാട്ടുകലഹത്തിൽ 'നീഷിൻ' കപ്പലിലെ കമാനായിരുന്ന ഇറോ, സ്വരാജ്യക്ഷേമത്തിന്നായി വളരെ ക്ലേശിച്ചിട്ടുണ്ട്. 1882-ൽ കപ്പിത്താൻസ്ഥാനവും 1886-ൽ 'റിയർ ആഡ്മിറൽ' പദവിയും അക്കൊല്ലംതന്നെ ഒരു കപ്പൽക്കൂട്ടത്തിൻെറ നായകസ്ഥാനവും ലഭിച്ചു. 1862-ൽ 'വൈസ്സ് ആഡ്മിറൽ' ആയി 'യോക്കോസൂക്കാ' നാവികസൈന്യത്തിൻെറ അദ്ധ്യക്ഷതയും സമ്പാദിച്ചു 1894-ൽ യാലുയുദ്ധത്തിൽ പൂൎണ്ണവിജയം പ്രാപിച്ച് 1895-ൽ ഇപ്പോഴത്തെ സ്ഥാനത്തെത്തി. അദ്ദേഹത്തിനു വൈക്കൌണ്ട് മുതലായി അനേകം സ്ഥാനമാനങ്ങൾ സിദ്ധിച്ചിട്ടുണ്ട്. 'ആഡ്മിറൽ' എന്ന തികഞ്ഞ പേരുകിട്ടിയതു 1898-ൽ മാത്രമാകുന്നു. ഇപ്പോഴത്തെ സാക്ഷാൽ ജോലി 1895-ൽ ഉണ്ടായിരുന്നതുതന്നെ.